REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

മലയാളരാജ്യം

ചിത്രവാരിക

15th KANNI 1110

1st OCTOBER 1934.



ശാന്താ ആപ്റ്റെ

പ്രഭാതതാരമെന്നു സുപ്രസിദ്ധയായ ശാന്ത. "അമൃതമന്ഥനം" എന്ന ചലനചിത്രകഥയിൽ ശാന്തയുടെ അതിമനോജ്ഞമായ ഈ 'നില' പലരും കൊണ്ടാടുന്നു.

Price As. 2.

വില ൨ ണ.

VOL. VII.

No. 4

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧	൧൧൧൦ കന്നി ൧൭-ാംനു- തിങ്കളാഴ്ച.	ലക്കം ൪.

ഗുണസുന്ദരി.



രഞ്ജിത മൂവിടോൺകമ്പനിവക ഗുണസുന്ദരി എന്ന ചിത്രത്തിൽ അഭിനയിക്കുന്ന മിസ്സ് ഗോഹർ.

മനുഷ്യത്വത്തിൻെറ പരമകോടിയിൽ.

എസ്സ്. ശങ്കരവാര്യർ ബി. ഏ. ബി. എൽ.

റോമാനഗരത്തിൽ ക്യാപിറോളിൻെറ അഗ്രത്തിൽ ഒരു കുതിരപ്പുറത്തു ഒരു മനുഷ്യൻ ഇരിക്കുന്നു ചരിത്രപുരുഷന്മാരിൽവച്ചു ഒരു പക്ഷേ ഏററവും സുന്ദരൻ അദ്ദേഹമാണെന്നു മാത്യു ആർണോൾഡ് വർണ്ണിക്കയുണ്ടായി

അദ്ദേഹം മാർക്കസ് ആറിലിയസ്സ് ആണ്. റോമൻസാമ്രാജ്യത്തെ അദ്ദേഹം പത്തൊൻപതു സംവത്സരം ഭരിച്ചു മററനേകം റോമൻചക്രവത്തികളെക്കാൾ അദ്ദേഹം അധികം മഹാനാകുകയില്ലായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഹൃദയനിദിധ്യാസനങ്ങളെ അദ്ദേഹം എഴുതിവച്ചിട്ടുള്ളതുകൊണ്ടു നമുക്കു അദ്ദേഹം ഒരു മഹിതനായി തീൎന്നിരിക്കുന്നു. ഒരു വിജേതാവെന്നോ രാജ്യതന്ത്രവിശാരദനെന്നോ ഉള്ള നിലയിലല്ല അദ്ദേഹത്തിൻെറ മഹത്വം സ്ഥിതിചെയ്യുന്നതു്; പ്രത്യുത, ഒരു പരിപാവനവും ഉൽകൃഷ്ടവുമായ ഹൃദയം ഉള്ള ആൾ എന്ന നിലയിലാണു്.

അദ്ദേഹത്തിൻെറ സമാധിചിന്തകൾ വായിക്കുമ്പോൾ അത്യന്തം മനോഹരവും ഉന്നതവുമായ ഒരു ജീവിയുടെ സാന്നിദ്ധ്യം നമുക്കു അനുഭൂതമാകുന്നു. ചരിത്രത്തിലെ ശോകവ്യാകുലമായ ഈ ശതാബ്ദങ്ങൾക്കു ശേഷവും നാം പിന്നോട്ടു തിരിഞ്ഞു മാക്കസ്സ് ആറിലിയസ്സിനെ വീക്ഷിക്കുന്നു; മനുഷ്യവൎഗ്ഗം ഇതുവരെ പ്രാപിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരു മനുഷ്യത്വാദർശം അദ്ദേഹത്തിൽ കാണുന്നു.

ക്രിസ്ത്വബ്ദം ൧൨൧-ാമാണ്ടാണു അദ്ദേഹത്തിൻെറ ജനനം. ഹാഡ്രിയൻചക്രവത്തി അദ്ദേഹത്തെ വളരെ സ്നേഹിച്ചതുകൊണ്ടു അദ്ദേഹത്തിനു ആറു വയസ്സായപ്പോൾ ഒരു 'നൈററ്'' സ്ഥാനം നൽകുകയുണ്ടായി. എട്ടു വയസ്സായപ്പോൾ അദ്ദേഹം ഒരു പാതിരിയായി. പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹം തത്വവിജ്ഞാനിയുടെ ഔദ്യോഗികവസ്ത്രങ്ങൾ ധരിച്ചു.

ഈശ്വരവിശ്വാസം, പരഗുണകാംക്ഷ, ദുർവൃത്തികളിലും ദുർവിചാരങ്ങളിലും നിന്നുള്ള പ്രതിനിവത്തനം, ധനികന്മാരിൽനിന്നു ഏററവും വിദൂരമായ വിധത്തിലുള്ള ജീവിതലാഘവം ഇവ താൻ അമ്മയോടു പഠിച്ചുവെന്നു അദ്ദേഹം പറയുന്നു ചെറുപ്പത്തിലേതന്നെ അദ്ദേഹം ഒരു തിതിക്ഷുവായി. ആഡംബരവിഹീനമായി ജീവിക്കുവാനും കഷ്ടതകളെ സ്വാഗതം ചെയ്യുവാനും അദ്ദേഹം പരിശീലിച്ചുവെങ്കിലും ഗ്രീക്കുസാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളെ ഭക്തിപൂർവ്വം പാരായണം ചെയ്യുന്നതിൽനിന്നു സംജാതമായ മാധുൎയ്യവും സാരള്യവും അദ്ദേഹം ഒരിക്കലും കൈവെടിഞ്ഞില്ല.

ഒരു ശിശുവായിരുന്നപ്പോൾതന്നെ അദ്ദേഹം സംഗീതവും ക്ഷേത്രഗണിതവും അഭ്യസിച്ചു പന്ത്രണ്ടു വയസ്സാകുന്നതിനു മുമ്പുതന്നെ ഗ്രീക്കുസാഹിത്യത്തിലും റോമൻസാഹിത്യത്തിലും അദ്ദേഹത്തിനു ആശ്ചൎയ്യജനകമായ പരിചയം സിദ്ധിച്ചിരുന്നു. ധാൎമ്മികമായ ഒരു ഉദ്ദിഷ്ടത്തോടുകൂടിയാണു് അദ്ദേഹം ഈ പഠനങ്ങൾ തുടൎന്നതു്.

"പ്രയത്നങ്ങൾ സഹിക്കാനും, ആവശ്യങ്ങൾ കുറയ്ക്കാനും, എൻെറ സ്വന്തം കൈകൾകൊണ്ടു പണിചെയ്യാനും, അന്യരുടെ കാൎയ്യങ്ങളിൽ തലയിടാതെ ഇരിക്കാനും, പരദൂഷണങ്ങൾ കേൾക്കുന്നതിൽ ആസക്തിയില്ലാതെയിരിക്കാനും ഞാൻ എൻെറ ഗുരുനാഥനിൽനിന്നും പഠിച്ചു" എന്നു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

അദ്ദേഹത്തിൻെറ പ്രിയപ്പെട്ട വചനങ്ങളിൽ ഒന്നു "നിങ്ങളുടെ അഭിപ്രായത്തെ സൂക്ഷിക്കുക" എന്നായിരുന്നു എന്തെന്നാൽ അവസ്ഥകളെയും പരിസരങ്ങളെയും അതിലംഘിച്ചു നില്ക്കത്തക്കവണ്ണം മനുഷ്യചിത്തം അത്ര മഹത്താണെന്നു അദ്ദേഹം വിശ്വസിച്ചു. നമ്മുടെ ചിന്തകളാണു നമ്മുടെ സ്വഭാവത്തെ നിർമ്മിക്കുന്നതു്. ജീവിതം മഹനീയമായ ഒരനുഭവമാണെന്നു അദ്ദേഹം മനസ്സിലാക്കി. സ്വഭാവോൽകൃഷ്ടതയാൽ ജീവിതത്തിൻെറ വീരശൃംഖലകൾ വാങ്ങണമെന്നു അദ്ദേഹം ജനങ്ങളോടു ഉപദേശിച്ചു. അദ്ദേഹം പറയുന്നു:

"അതിരാവിലെ എഴുന്നേൽക്കുവാൻ നിങ്ങൾക്കു അനിച്ഛ തോന്നുന്നുവെങ്കിൽ ഈ ചെറുപ്രസംഗം നിങ്ങൾ നിങ്ങളോടു ചെയ്യുവിൻ. 'ഒരു പുരുഷൻെറ തൊഴിൽ ചെയ്യാനായിട്ടാണു ഞാൻ ഇപ്പോൾ എഴുന്നേല്ക്കുന്നതു്. എന്തു ചെയ്യാനാണോ ഞാൻ സൃഷ്ടനായിരിക്കുന്നതു് അതു ചെയ്യാൻ പോകുന്നതിനു എനിക്കു മടി തോന്നാൻ പാടുണ്ടോ? മെത്തവിരിപ്പിൻെറ അടിയിൽ കിടന്നു മയങ്ങാനും മേദുരനാകാനുമാണോ ഞാൻ ജനിച്ചതു്?''

നമ്മുടെ ജീവിതത്തിൻെറ മാഹാത്മ്യത്തിനു ആവശ്യമില്ലാത്ത സൎവ്വ ചിന്തകളും സൎവ്വ പ്രവൃത്തികളും നിരോധിക്കണമെന്നു അദ്ദേഹം നമ്മോടു പറയുന്നു. ഓരോ അവസരത്തിലും നാം ഇങ്ങനെ ചോദിക്കണം. "ഇതു അനാവശ്യകാൎയ്യങ്ങളിൽ ഒന്നാണോ?" അങ്ങനെയായാൽ നമ്മുടെ സന്മാൎഗ്ഗശരീരത്തെ പോഷിപ്പിക്കുന്നവയും സൌഖ്യത്തെ സാന്ദ്രീകരിക്കുന്നവയുമായ കാൎയ്യങ്ങൾ ചെയ്യാൻ നമ്മുടെ ആയുസ്സിൽ നമുക്കു സമയം ലഭിക്കും.

നമ്മുടെ ശീലങ്ങളും ചിന്തകളും അനാഡംബരവും അന്യഗുണേച്ഛുവും ആയിരിക്കണമെന്നു അദ്ദേഹം പറയുന്നു. നാം സമ്മാനങ്ങൾക്കായി ആരായുകയോ പ്രതിഫലത്തിനായി ആശിക്കയോ ചെയ്യരുതു്.

"ഒരുത്തനു് ഒരു ഗുണം ചെയ്തുകൊടുത്താൽ പിന്നീടു നിങ്ങൾക്കെന്തുകൂടി വേണം? അതുകൊണ്ടുതന്നെ നിങ്ങൾ തൃപ്തിപ്പെടുന്നില്ലേ?"

നന്മ മനുഷ്യൻെറ നിസർഗ്ഗജീവിതമാണെന്നും തിന്മ മനുഷ്യാത്മാവിൽനിന്നു അന്യമാണെന്നും അദ്ദേഹം പ്രവൃത്തികൊണ്ടു വെളിവാക്കി. സൎവ്വജനങ്ങളെയും അന്യോന്യഗുണത്തിനായി സൃഷ്ടിച്ചിരിക്കുകയാണെന്നു അദ്ദേഹം വിശ്വസിച്ചു. ഈ സംഗതി അദ്ദേഹത്തിൻെറ ഈ വാക്കുകളിൽനിന്നു വ്യക്തമാകുന്നു:—

"വർജ്ജ്യനായ ആളെപ്പററി പറയുകയാണെങ്കിൽ അയാളുടെയും നിങ്ങളുടെയും മനസ്സ് ഈശ്വരനിൽനിന്നു ഉത്ഭവിച്ചതാണെന്നും നാമെല്ലാവരും മുകളിലത്തെയും താഴത്തെയും വരിപ്പല്ലുകളെപ്പോലെ അന്യോന്യസഹായത്തിനായി സൃഷ്ടിക്കപ്പെട്ടവരാണെന്നും നിങ്ങൾ ഓൎക്കണം. ഏതുമനുഷ്യനെയെങ്കിലും നിങ്ങൾ കാണട്ടെ; വിശ്വത്തിനു അവനെക്കൊണ്ടു ഉപയോഗമുണ്ടു്."

നാം മൃത്യുവിനെ ഭയപ്പെടരുതെന്നു അദ്ദേഹം പറയുന്നു. നമ്മെ പരിപാലിക്കുവാൻ ശേഷിയുള്ള ദിവ്യശക്തികൾ ഉണ്ടെങ്കിൽ എല്ലാം ശരിയായിരിക്കുമെന്നു നമുക്കു കാണാം; പിന്നെയെന്തിനാണു നാം മരണത്തെ ഭയപ്പെടുന്നതു്? അങ്ങനെയുള്ള ദിവ്യശക്തികളില്ലെങ്കിൽ മരണം അഗണനീയമാകുന്നു.

"ഏതു നിമിഷത്തിലെങ്കിലും നിങ്ങൾ മരിച്ചുപോയേക്കാമെന്നുള്ള ബോധത്തോടുകൂടിവേണം നിങ്ങൾ പ്രവത്തിക്കാൻ; അതിനെപ്പററി നിങ്ങൾ ഭയപ്പെടുകയുമരുതു്. ഈശ്വരന്മാരോ വിധിയോ ഉണ്ടെങ്കിൽ നിങ്ങൾ സുരക്ഷിതരാണു്; അപ്രകാരമുള്ളവർ ഇല്ലെങ്കിൽ ഒരു ലോകം ഒരു മനുഷ്യനു അധിവസിക്കത്തക്ക വിലയുള്ളതല്ല.

"മരണവും ഭാഗ്യദോഷവുംമനുഷ്യനെബന്ധിക്കുന്നില്ല. ജനനവും മരണവും, അഭിമാനവും അപമാനവും, സന്തോഷവും സന്താപവും, സമ്പത്തും ദാരിദ്ര്യവും സജ്ജനങ്ങളെയും ദുർജ്ജനങ്ങളെയും വിഭിന്നമായി ബാധിക്കുന്നു, അവയെമാത്രം പരിഗണിക്കുന്നപക്ഷം അവ സത്തോ അസത്തോ അല്ല. ഒരു ജീവിതത്തിൻെറ നിശ്ശേഷദൈർഘ്യം കേവലം ഒരു ബിന്ദുവാണു, ശരീരം എപ്പോഴും ജരിച്ചുകൊണ്ടിരിക്കുന്നു.

"അതുകൊണ്ടു നമ്മുടെ കത്തവ്യമെന്താണു്? നമ്മുടെ അന്തരാത്മാവിൽ ഉള്ള ഈശ്വരത്വത്തെ സംരക്ഷിക്കുകതന്നെ."

ഉന്നതതമമായതിനെ നാം വീക്ഷിക്കു

മ്പോൾ അതിനെത്തന്നെ നാം അംഗീകരിക്കണം എന്നു കവി പറയുന്നു. ഈ റോമൻചക്രവൎത്തിയും അങ്ങനെതന്നെ ഉദീരണംചെയ്യുന്നു

"ഏററവും നല്ലതിനെ നാം അനുസരിക്കണം. ന്യായം, സത്യം, ധൈൎയ്യം, തൃപ്തി എന്നിവയെക്കാൾ വിശിഷ്ടമായ എന്തെങ്കിലും നമ്മുടെ അറിവിൽപെട്ടാൽ അതിനെ ആസ്വദിക്കാൻ നമുക്കു അകമഴിഞ്ഞു പ്രയത്നിക്കാം. എന്നാൽ നമ്മുടെ അന്തഃകരണത്തിലുള്ള ഈ ദിവ്യവസ്തുക്കളാണു നമുക്കു ദൃശ്യമായ സത്തമവസ്തുക്കളെങ്കിൽ നാം അവയിൽനിന്നു വ്യതിചലിക്കരുതു്.

ജനങ്ങളുടെ യഥാൎത്ഥ മൂല്യം ഗ്രഹിക്കണമെങ്കിൽ നാം അവരുടെ മനസ്സുകളെ പരിവീക്ഷിക്കണം: അവർ ആരായുന്നവയെന്തെല്ലാമെന്നും വൎജ്ജിക്കുന്നവയെന്തെല്ലാമെന്നും കണ്ടുപിടിക്കണം. ഒരുമനുഷ്യന്റെ മൂല്യം അവൻ എന്തിനുവേണ്ടി ജിവിതം വ്യയംചെയ്യുന്നുവോ അതിന്റെ മൂല്യം തന്നെയാകുന്നു."

നാം സമയത്തെ വൃഥാ വ്യയംചെയ്തുകൂടാ.

"നിങ്ങൾക്കു വൃഥാ വ്യയംചെയ്വാൻ പതിനായിരം വൎഷങ്ങളുണ്ടെന്നുള്ള വിചാരത്തോടുകൂടി പ്രവൎത്തിക്കരുതു്. കാലൻ നിങ്ങളുടെ കാൽചുവട്ടിൽ നില്പുണ്ടു്. നിങ്ങൾ ജീവിച്ചിരിക്കയും നിങ്ങൾക്കു ശേഷിയുണ്ടായിരിക്കയും ചെയ്യുമ്പോൾ വല്ലതും നന്മ ചെയ്യുക. അചിരേണ നിങ്ങളുടെ ഉത്ഭവസ്ഥാനമായ ബ്രഹ്മാണ്ഡത്തിലേക്കു നിങ്ങൾ ലയിച്ചുപോകും"

നമ്മുടെ ആയുസ്സ്—നാം ജീവിച്ചിരിക്കുന്ന മണിക്കൂർ—ഒരു യുഗവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര നിസ്സാരമാണു്! അനന്തമായ ബ്രഹ്മാണ്ഡത്തിൽ നാം കേവലം അണുക്കളാണു്.

"സൎവ്വസമയത്തും സൎവ്വസ്ഥലത്തും വ്യത്യാസം സംഭവിച്ചുകൊണ്ടിരിക്കുന്നു അതു ഉപാധികളിലും പരിണാമങ്ങളിലുംകൂടി പായുന്നു; ഒന്നിനെയും സ്ഥിരവും സനാതനവും ആയിരിക്കാൻ അനുവദിക്കുന്നില്ല. സമയത്തിന്റെ വിശാലങ്ങളായ രണ്ടു ഉൾക്കടലുകളാകുന്ന വൎത്തമാനവും ഭാവിയും നമ്മോടു എത്ര സമീപിച്ചിരിക്കുന്നു! അവയിൽസൎവ്വവും അപ്രത്യക്ഷമാകുന്നു.

ക്ഷണികങ്ങളായ സംഗതികൾ തന്നെ എന്നെന്നേക്കും ബാധിക്കുമെന്നുള്ള തരത്തിൽ അവയെക്കുറിച്ചു ഗൎവ്വിതനോ ദുഃഖിതനോ ആകുന്നവൻ ഒരു ജഡബുദ്ധിയല്ലയോ? പ്രപഞ്ചവുമായി താരതമ്യപ്പെടുത്തുമ്പോൾ നിങ്ങളുടെ ശരീരം എത്ര ചെറുതായ ഒരു കണികയാണെന്നും അളക്കാൻ പാടില്ലാത്ത വിധം എത്ര ഹ്രസ്വമായ ഒരു നിമിഷമാണു് നിങ്ങളുടെ ആയുസ്സെന്നും, വിധിയുടെ സാമ്രാജ്യത്തിൽ നിങ്ങൾ എത്ര അഗണ്യമായ ഒരു പദാൎത്ഥമാണെന്നും ഒന്നു ഓൎമ്മിക്കുക.

സകലപദാൎത്ഥങ്ങളും പ്രപഞ്ചത്തിന്റെ ആത്മാവിൽനിന്നു നേരിട്ടോ അല്ലാതെയോ ഉത്ഭൂതമാകുന്നുവെന്നു ഓൎത്തുകൊള്ളുക. സിംഹത്തിന്റെ ഗൎജ്ജനം, സൎപ്പത്തിന്റെ വിഷം, മുള്ളുകൾ ചേറു മുതലായി പ്രകൃതിയിലുള്ള നിന്ദ്യവസ്തുക്കൾ ഇവയെല്ലാം ശ്രേഷ്ഠവും സുന്ദരവുമായ എന്തോ ഒന്നിൽനിന്നു ഉദിച്ചിട്ടുള്ളവയാണു്"

അദ്ദേഹത്തെക്കാൾ മഹാനായ ഒരു പുരുഷൻ ഒരു കൊട്ടാരത്തിലും വസിച്ചിട്ടില്ല; ഒരു മനുഷ്യന്റെ സ്വഭാവത്തിന്മേലും കൊട്ടാരത്തിനു ബാധകശക്തി ഇത്ര കുറഞ്ഞുപോയിട്ടില്ല. അദ്ദേഹം വിശ്വത്തിന്റെ കിരീടധാരിയായ ഉത്തമാംഗമാണു്, പരിഷ്കാരത്തിന്റെ സമ്രാട്ടാണു്, മനുഷ്യജിവിതത്തിന്റെ അധീശനാണു്, അസംഖ്യം രാഷ്ട്രങ്ങളുടെ ആചാൎയ്യനാണു്, എന്നാൽ അദ്ദേഹം അത്യന്തം അനാഡംബരത്വത്തോടും ഒരു പ്രാഡ്വിവാകന്റെ നീതിനിഷ്ഠയോടും ഒരു തത്വശാസ്ത്രജ്ഞന്റെ പാരുഷ്യത്തോടും കൂടി ജീവിച്ചു.

അദ്ദേഹത്തിന്റെ മരണത്തിനു പിമ്പു ദീൎഘകാലം കഴിഞ്ഞശേഷം റോമാസാമ്രാജ്യത്തിലും വിദൂരസ്ഥമായ ഇംഗ്ലണ്ടിൽപോലും ഉള്ള പല ഗൃഹങ്ങളിലും ജംഗമസ്വത്തുക്കളുടെ കൂട്ടത്തിൽ ഈ മധുരസ്വഭാവനും പ്രശാന്തനുമായ ചക്രവൎത്തിയുടെ പൂൎവ്വകായപ്രതിമ ഒരു നിധിയായി സൂക്ഷിക്കപ്പെട്ടു ന്നു. ആ പ്രതിമകളിൽ ദ്യോതിക്കുന്ന ചിന്തകൾ മനുഷ്യവൎഗ്ഗത്തിന്റെ സംസ്കരണത്തിൽ എത്ര വളരെ സഹായിച്ചിട്ടുണ്ടു്!

അസംഖ്യം ശതാബ്ദങ്ങളിലെയും അസംഖ്യം രാജ്യങ്ങളിലെയും ആളുകൾ അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽ സമാശ്വാസം ലഭിച്ചിട്ടുണ്ടു്. അതിനെപ്പററിയുള്ള അവരുടെ ആശ്ചൎയ്യബഹുമാനങ്ങൾ പ്രകടിതങ്ങളായിട്ടും ഉണ്ടു്. ക്ഷേത്രങ്ങളുടെ രാജാവായ കാൎഡിനൽബാൎബെറിനി വളരെക്കാലം മുമ്പുതന്നെ അദ്ദേഹത്തിന്റെ കൃതികളെ വിവൎത്തനം ചെയ്തിരിക്കുന്നു. ഫ്രാൻസിൽ റെനാനും ഇംഗ്ലണ്ടിൽ മാത്യൂ ആൎനോൾഡും അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ടു് അദ്ദേഹത്തിന്റെ ചിന്തകൾ ഒരു സ്ഥലത്തേക്കോ ഒരുകാലത്തേക്കോമാത്രം ഉള്ളവയല്ല എന്നുള്ളതാണു ഈപ്രശംസയുടെ ഹേതു. ശരിയാണെന്നു സജ്ജനങ്ങൾ അഭിപ്രായപ്പെടേണ്ട വിധത്തിൽ പ്രവൎത്തിക്കുവാനാണു മാക്കസ് ആറിലിയസ്സ് നിൎദ്ദേശിച്ചിട്ടുള്ളതു്; അദ്ദേഹം വൎണ്ണിക്കുന്ന പ്രേരകശക്തികൾ വ്യക്തമായ വിവേകത്തിന്റെ ദൃഷ്ടിയിൽ സാധുവായിട്ടുള്ളവയുമാണു്. വിശ്വാസത്തെ ആധാരമാക്കാതെ ദൎശനശക്തിയെ ആധാരമാക്കിയും എന്നാൽ ഒരു അപ്രതിബന്ധമായ വീക്ഷണവീഥിയില്ലാതെയുമുള്ള കാലഘട്ടങ്ങളിൽ പ്രസന്നചിത്തന്മാരും സംശയാലുക്കളെങ്കിലും പരിശുദ്ധന്മാരും ഉന്നതിയ്ക്കായി പ്രയത്നം ചെയ്യുന്നവരുമായ ജനങ്ങൾക്കു അദ്ദേഹം ഒരു വിശിഷ്ടസുഹൃത്തും ആശ്വാസദായകനും ആയി പരിലസിക്കുന്നു. അത്തരക്കാർ ആഗ്രഹിക്കുന്നവയെല്ലാം പ്രദാനം ചെയ്യുവാൻ അദ്ദേഹത്തിനു കഴിവല്ല. എന്നാൽ അവൎക്കു അദ്ദേഹം ധാരാളം നൽകുന്നുണ്ടു്. അദ്ദേഹം നൽകുന്നതു അവൎക്കു സ്വീകാൎയ്യവുമാണു്.

അദ്ദേഹം ഒരു അക്രസ്തീയതത്വജ്ഞാനിയായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽകൂടി അജ്ഞാതനായ ഈശ്വരന്റെ നേൎക്കു അദ്ദേഹത്തിനു തല കിളൎത്തി നോക്കുവാനും അവിടുത്തെ ഇഹപരലോകങ്ങളെ അദ്ദേഹത്തെ നയിക്കണമെന്നു അൎത്ഥിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. അദൃഷ്ടനായ ഈശ്വരന്റെ ആത്മാവിൽനിന്നു ഛേദിച്ചെടുത്ത ഒരു ചെറുഖണ്ഡം തന്നെയായിരുന്നു താനെന്നു മാക്കസ് ആറിലിയസ്സ് പ്രസ്താവിച്ചിട്ടുണ്ടു്. ആ ഭാഗത്തു സെയിന്റു അഗസ്റ്റിനിന്റെ പ്രാൎത്ഥനയുടെ ഒരു ഛായ കളിയാടുന്നു.

ഒരവസരത്തിൽ മാക്കസ് ആറിലിയസ്സ് ഒരു ആപൽകൎത്താവായ രാജദ്രോഹിയുടെ നേൎക്കു അഭിദ്രവിക്കുകയായിരുന്നു. ഈ ശത്രുവിനെ ആരോ വധിച്ചുവെന്നു ഒരു ദൂതൻ അദ്ദേഹത്തെ അറിയിച്ചു. "ഇതിൽ ഞാൻ അത്യന്തം ഖേദിക്കുന്നു. അവനു മാപ്പുകൊടുക്കുക എന്നുള്ള സന്തോഷകൃത്യം ഇതുനിമിത്തം എനിക്കു ചെയ്വാൻകഴിയാതെ വന്നുവല്ലോ" എന്നാണു് അദ്ദേഹം അപ്പോൾ പറഞ്ഞതു്. അദ്ദേഹം സൽഗുണങ്ങളുടെ സത്തായിരുന്നുവെങ്കിലും ആ ഗുണങ്ങളുടെ സമ്മേളനത്തിൽ അദ്ദേഹം പ്രമുദിതനായിരുന്നില്ല ജിവിതത്തിന്റെ ഹ്രസ്വത്വത്തിൽ അദ്ദേഹം സദാ ഖേദിച്ചു. അസ്വസ്ഥമായ ഒരു വ്യാകുലത അദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്നു് ഉദ്വമിക്കപ്പെടുന്നു. അദ്ദേഹം മനുഷ്യത്വത്തിന്റെ പരമകോടിയിൽ എത്തിയെന്നു നമുക്കു തോന്നുന്നു പക്ഷെ ഈശ്വരത്വത്തിന്റെ പരമകോടിയിൽ എത്തിയിട്ടില്ല.

അപരാധി.

ഇടപ്പള്ളി ആർ. രാഘവൻപിള്ള.

I

അപരാധിയാണുഞാൻ,ലോകമേ,നി-
ന്നനുകമ്പയെന്നിലൊഴുക്കിടേണ്ടാ;
അകളങ്കഹൃത്തുകളൊന്നുപോലും
തകരാതിരുന്നതില്ലിന്നോളം!
കരയരുതംബുകണികയെങ്കിൽ
സുരപഥമെത്താൻ കൊതിച്ചുകൂടാ;
പരിതൃപ്തി തന്റെ കവാടദേശം
പരുഷപാഷാണപ്രകീർണ്ണമത്രേ!!

II

പ്രണയവിവശമായിട്ടുമെന്റെ
വ്രണിത ഹൃദയത്തിന്നാർത്തനാദം
സഹജരേ! നിങ്ങളോടല്ലാ; ശൂന്യ-
ബധിരത തൻ മുന്നിലായിരുന്നു!
അഴകിന്റെ തൂവെള്ളിക്കിണ്ണമെല്ലാം
അഴലുനിറഞ്ഞവയായിരുന്നു!
സ്ഫടികാഭമാകുമരുവികൾ ത-
ന്നടിയെല്ലാം പങ്കിലമായിരുന്നു!!

III

നരജന്മം, തന്ത്രീരഹിതമാകു-
മൊരുവീണ, യെന്തിനെന്നാരറിഞ്ഞു?
പരിശുദ്ധ പ്രേമപ്പൊൻ കമ്പികെട്ടി-
പ്പലവട്ടം ഞാനതിൽ പാടിനോക്കി;
ഒരുകൊച്ചുതാരകം വാനിൽനിന്നെൻ
സിരകളിലുന്മേഷച്ചാർപകർത്തി;
പരമാനന്ദത്തിൽ ലയിച്ചുതാനെൻ-
പരമാർത്ഥമെല്ലാം മറന്നുപോയി!

IV

മമചിത്തം ബിംബിച്ചിരുന്നതാമാ-
മലിനതയററ മുകുരംതന്നിൽ
ഉലകിന്റെയോരോ വശത്തേയും ഞാൻ
ചലനചിത്രോപമം കണ്ടിരുന്നു;
ശരി, യെന്നാലോർത്തിട്ടിത്തരത്തി-
ലൊരു ചിത്രം, ഭീകരം, കാണുമെന്നായ്!
വളരുമെൻ കണ്ണീരുറവൊലിച്ച-
ക്കളിർചില്ലിൽ വീണതിരുണ്ടുപോയി!

V

കനകതാരാഭമാമംബരത്തിൽ
ഘനതതി കാളിമ പൂശിടുമ്പോൾ
കഴകി, ഞാനക്കരിയൊക്കെയുമെൻ
കദനത്തിൻകണ്ണുനീർ വീഴ്ത്തിവീഴ്ത്തി;
ഇനിയതുമില്ലാ, വെളിച്ചമേ, യെ-
ന്നരികിൽനിൻപൊൻകരംവീശിടേണ്ടാ!
തഴുകമിക്കൂരിരുൾ തന്നകത്തിൽ
തലചാച്ചുഞാനൊന്നുറങ്ങിടാവൂ!

VI

നിഴലിൽ മുറുകിപ്പിടിച്ചുഞാനെൻ
നിലവിട്ടു തെല്ലൊന്നുയർന്നുപോയി
നിയതിതൻ കൈവിരൽത്തള്ളലിനാൽ
നിലയററഗർത്തത്തിലാപതിച്ചു!
പരിഭവത്തിന്റെ പരുഷനാദം,
പരിഹാസത്തിന്റെ വിളർത്തഹാസം,
പരിശൂന്യത തൻ നടന,മെന്റെ-
പരിസരമയ്യോ! ഭയൈകരൂപം!

VII

ധരയാകുമന്ധതാമിസ്രംതന്നി-
ലൊരുകൊച്ചു മിന്നാമിനുങ്ങിയാം ഞാൻ
ചൊരിമണൽക്കാട്ടിലും പാറയിലും
ചൊരിയുവാനാശിപ്പൂ പ്രേമവർഷം;
അപട്ടു,വെൻവീണയിലിത്രമാത്ര-
മപശബ്ദം,ഞാനൊന്നുമീട്ടിപ്പോയി;
അപരാധിയാണുഞാൻ ലോകമേ, നി-
ന്നനുകമ്പയെന്നിലൊഴുക്കിടേണ്ടാ;
അവനതശീർഷനായ്നിൽക്കുമെന്നി-
ലവസാനമാല്യമണിയിച്ചേക്കൂ!!

ഗ്രാമഫോൺസമ്മാനം.

ചിത്രപ്രശ്നത്തിന്റെ ഉത്തരം.

—:o:—

വലത്തോട്ട്:—(1) ഗരുത്മാൻ (2) മിതവാദി (6) താരകം (7) ഗദ (9) വിമല (10) മല (12) പക (18) വസ (20) രസന (21) നിമജ്ജനം (22) വല്ലീശൻ.

കീഴ്പോട്ട്:—(1) ഗതാഗതം (3) തക്രം (4) വയസം (5) ദിനേശൻ (8) ഉമ (9) വികല (11) ലവൻ (13) കല (14) സ്രോതസ്വിനി (15) ജലം (16) ശപ്സനൻ (17) ഏരുമ (19) ലജ്ജ.

ഇതാണ് പ്രശ്നകർത്താവിന്റെ ഉത്തരം. ഈ ഉത്തരം ശ്രീമാൻ എൻ. സി. അനന്തൻ, നാരങ്ങാപ്പുറം എന്ന ആൾക്കു മാത്രമേ കിട്ടീട്ടുള്ളു. അതിനാൽ ഒന്നാംസമ്മാനം 50 ക. വിലയുള്ള ഗ്രാമഫോൺ അദ്ദേഹത്തിനു അയച്ചുകൊടുക്കുന്നതാണ്. ഒരു പിഴ വരുത്തിയ കൊച്ചിരാജകുമാരൻ എച്ച്. എച്ച്. കേരളവർമ്മ തിരുമനസ്സിലേക്കും (തൃപ്പൂണിത്തുറ) ഏററവും അധികം ഉത്തരങ്ങൾ അയച്ചുതന്ന ശ്രീമാൻ സി. വി. നീലകണ്ഠപ്പിള്ള അവർകൾക്കും (ചിറയിൻകീഴ്) വിശേഷാൽ സമ്മാനങ്ങളായി ഓരോ വാച്ച് അയച്ചുകൊടുക്കുവാൻ ഞങ്ങൾ തീർച്ചയാക്കിയിരിക്കുന്നു. അടുത്ത് ഏററവും ലളിതമായ ഒരു ചിത്രപ്രശ്നം പ്രസിദ്ധപ്പെടുത്തുന്നതാണ്.

മെസ്സേഴ്സ് കെ. പി. ദാമോദരൻ ബ്രദേഴ്സ്,
കോർട്ടുറോഡ്,
Tellicherry.

വിജ്ഞാനശകലങ്ങൾ.

കണ്ണിന്റെ കാഴ്ച

കണ്ണുള്ളപ്പോൾ കണ്ണിനേപ്പററി ഓക്കുകയില്ലെന്നുള്ള പഴഞ്ചൊല്ല് വളരെ പരമാൎത്ഥമാണു. കണ്ണുള്ളതുകൊണ്ടു നാം എന്തെല്ലാം കാണുന്നുവെന്നും എത്ര വിജയകരമായി ജീവിതം നയിക്കുന്നുവെന്നും ഉഴുത് പൊട്ടക്കണ്ണന്മാരുമായി താരതമ്യപ്പെടുത്തി മനസ്സിലാക്കേണ്ടതാകുന്നു. വിടന്ന മിഴികൾകൊണ്ടു സർവ്വജനങ്ങളും കാഴ്ചകൾ കാണുന്നുണ്ടെങ്കിലും കണ്ണിന്റെ കാഴ്ച എങ്ങിനെ ഉണ്ടാകുന്നുവെന്നും കണ്ണ് എങ്ങിനെ പ്രവൎത്തിക്കുന്നു എന്നുംമററും വളരെ ദുർല്ലഭം ചിലർമാത്രമേ ആലോചിക്കാറുള്ളൂ. അതിൽ ബഹുജനങ്ങളെ കുററപ്പെടുത്തേണ്ടതില്ല. എന്തെന്നാൽ ശാസ്ത്രീയമായി ചിന്തിക്കുന്നവരും ചിന്തിക്കുവാൻ ശേഷിയുള്ളവരും വളരെ കുറച്ചുപേർ മാത്രമാണ്. തങ്ങൾ ചിന്തിച്ചും പരിശോധിച്ചും അറിഞ്ഞവയെ പൊതുജനസമക്ഷം തെളിപ്പെടുത്തുകയാണ് ശാസ്ത്രീയചിന്തകന്മാർ ചെയ്യേണ്ടതു്.

നാം നോക്കുന്ന നിമിഷത്തിൽതന്നെ ഒരു വസ്തുവിനെ കാണുന്നുണ്ടോ എന്നുള്ളതു നല്ല ഒരു ചോദ്യമാണ്. നിശ്ചയമായും ഇല്ല എന്നേ അതിനു ഉത്തരം നല്കുവാൻ സാധിക്കുകയുള്ളൂ. കേട്ടറിയുന്നതിനും തൊട്ടറിയുന്നതിനും മണത്തറിയുന്നതിനും രുചിച്ചറിയുന്നതിനും മററും സമയം വേണ്ടിയിരിക്കുന്നതുപോലെ കാണുന്നതിനും കുറേസമയം കൂടാതെ കഴികയില്ല. കണ്ണിന്റെ പിൻഭാഗത്തു ഒരു പാടയുണ്ടു്. വെളിച്ചം ചെന്നു ഈ പാടയിൽ തട്ടുന്നതിനും നാം യഥാൎത്ഥമായി കാണുന്നതിനും ഇടയ്ക്കു വളരെ സമയം കഴിഞ്ഞുപോകുന്നു. വെളിച്ചത്തിനു ഒരുമൈൽ യാത്രചെയ്യുവാൻ വേണ്ടിവരുന്ന കാലത്തോടു താരതമ്യപ്പെടുത്തിയാണ് ഇവിടെ 'വളരെസമയം' എന്നു പറഞ്ഞതെന്നു വിസ്മരിച്ചുകൂടാ.

കണ്ണടച്ചുതുറക്കുന്ന സമയത്തിനാണു നിമിഷം അഥവാ നിമെഷം എന്നു പറയുന്നതു. ഇംഗ്ലീഷിൽ ഇതിന് 'സെക്കൻഡ്' എന്നു പേർപറയുന്ന നിമിഷമാണു സമയത്തിന്റെ ഏററവും ചെറിയ വിഭാഗമെന്നാണു സാധാരണയായി എല്ലാവരും മനസ്സിലാക്കിയിരിക്കുന്നതു്. ഇതു സർവ്വാബദ്ധമാകുന്നു. വെളിച്ചം, പ്രസരിച്ചുചെല്ലുന്ന ചൂടു്, വിദ്യുച്ഛക്തി ഇവയ്ക്കു ഇവിടെനിന്നും ഏകദേശം ചന്ദ്രനിലെത്താൻ വേണ്ടിവരുന്ന സമയം കണക്കാക്കിനോക്കുമ്പോൾ ഒരു നിമിഷം 'വളരെസമയം' തന്നെയെന്നുള്ളതിൽ സംശയമില്ല.

നാം ഒന്നിനെ കണ്ണുകൊണ്ടു കാണുന്നതിനുമുൻപു് കണ്ണിന്റെ പല വ്യാപാരങ്ങളും നടക്കേണ്ടതായുണ്ടു്. ഈ വ്യാപാരങ്ങൾ വിസ്തരിക്കുന്നതായാൽ ഒരു പ്രത്യേകപുസ്തകം എഴുതുവാൻ വകയും ഉണ്ടായിരിക്കും. എന്നാൽ ഈ വ്യാപാരങ്ങളെല്ലാം ഒരു നിമിഷത്തിന്റെ ഏതാനും അംശംകൊണ്ടു അതിവേഗത്തിൽ നടക്കുന്നുവെന്നുള്ളതാണു കാഴ്ചയുടെ അത്ഭുതാവഹമായ വൃത്താന്തം. കണ്ണിന്റെ പിൻഭാഗത്തുള്ള പാടയിൽ നിറയേ ജീവത്തായ അണുപുടങ്ങളുണ്ടു് ഇവയിൽ പലവിധമായ മാററങ്ങൾ സംഭവിക്കുന്നു. ഒരു പനിനീർപുഷ്പത്തെ കണ്ണിനുമുൻപിൽ കാണുമ്പോൾ ഇങ്ങിനെ ചില മാററങ്ങൾ ഉണ്ടാകയാലാണ് പനിനീർപുഷ്പം കണ്ടുവെന്നു നാം മനസ്സിലാക്കുന്നതു്. കണ്ണിന്റെ പിൻഭാഗത്തെ പാടയിൽ ഉണ്ടാകുന്ന 'തട്ടൽ' ഒരു ചലനത്തെയും അങ്ങിനെ ഒരു സിരാപ്രവാഹത്തെയുമുണ്ടാക്കുന്നു. ഈ സിരാപ്രവാഹം നയനസിരകളിലൂടെ അകത്തേക്കു പായുന്നു. ആദ്യം അവ ചെന്നുചേരുന്നതു് മസ്തിഷ്കത്തിന്റെ (തലച്ചോറിന്റെ) അധോഭാഗത്തിലുള്ള ഒരുക്കൂട്ടം അണുപുടങ്ങളിലാണ്. അവിടെനിന്നും കുറെ സിരകൾ യഥാൎത്ഥമായ കണ്ണുകളിലെത്തുന്നു. ഈ യഥാൎത്ഥമായ കണ്ണുകൾ തലച്ചോറിന്റെ പിൻവശത്തുള്ള ഒരുക്കൂട്ടം സിരാണുപുടങ്ങളാകുന്നു. ഈ സിരാണുപുടങ്ങൾ സ്വയം വളൎന്നുവന്നവയാണ്. ഇവ വലിയ ഇരുട്ടിലും കണ്ടുകൊണ്ടുതന്നെയിരിക്കുന്നു. കറുത്ത പുരികക്കൊടികളാലും കൺപോളകളാലും അലംകൃതമായി മുഖത്തു കാണാവുന്ന നീണ്ടിടംപെട്ടമിഴികളാണു യഥാൎത്ഥമായകണ്ണുകളെന്നു സാധാരണന്മാർ വിചാരിക്കുന്നു! ആയതു വലിയ ഭോഷത്താതന്നെയെന്നു ശാസ്ത്രകാരന്മാർ പറയുന്നതിൽ അത്ഭുതപ്പെടാനില്ല. യഥാൎത്ഥത്തിലുള്ള കണ്ണിരിക്കുന്നതു മസ്തിഷ്കത്തിന്റെ പിൻഭാഗത്താണ്. പുറമേയുള്ള മിഴികളിൽ എന്തെങ്കിലും രൂപം വന്നുതട്ടുമ്പോൾ ആ തട്ടൽകൊണ്ടുണ്ടാകുന്ന ഇളക്കം അതേരൂപത്തിൽ തലച്ചോറിന്റെ പിൻപുറത്തുള്ള മേൽപറഞ്ഞ അകത്തേ കണ്ണിൽ വന്നു ഫലിക്കുന്നു. അപ്പോൾ മാത്രമാണു "കാണുന്നു" എന്നു നാം പറയുന്നതു് അത്രയും സംഭവിക്കുന്നതിനു ഒരുനിമിഷത്തിന്റെ ആയിരത്തിലൊരുഭാഗം സമയം മതിയെന്നുള്ളതാണു കണ്ണിനേയും കാഴ്ചയേയും പററിയുള്ള അത്യത്ഭുതമായ ഒരു പരമാൎത്ഥം.

ചിത്രശലഭത്തിന്റെ ജിഹ്വ.

ചില ചിത്രശലഭങ്ങളുടെയും പതംഗങ്ങളുടെയും നാവുകൾ അവയുടെ ശരീരത്തോടൊപ്പംതന്നെ നീളമുള്ളവയാകുന്നു. ഇതു പ്രകൃതിയുടെ അത്ഭുതാവഹമായ ഒരു അനുയോജനം ആണ്. നീളമുള്ള നാവില്ലായിരുന്നെങ്കിൽ ഈ പ്രാണിക്കു അതിന്റെ ഭക്ഷണമിരിക്കുന്ന സ്ഥാനത്തു എത്തുവാൻ പോലും സാധിക്കുമായിരുന്നില്ല.

ഈ ചിത്രശലഭങ്ങളുടെയും പതംഗങ്ങളുടെയും ആഹാരമായ നറുംതേൻ പൂക്കളുടെ ഉള്ളിലൊളിച്ചുവച്ചിരിക്കുന്ന മധുകോശങ്ങളിലാണുണ്ടാകുന്നതു്. ശോഭിച്ചുനിൽക്കുന്ന പുഷ്പത്തിന്റെ മുകളിൽ ചിത്രശലഭം പറന്നിരുന്നിട്ടു നാവിന്റെ ചുരുൾനിവൎത്തി സുമോദരത്തിലേക്കു തള്ളിയിറക്കുന്നു. അങ്ങനെ ആ പ്രാണി തേൻ നിറഞ്ഞിരിക്കുന്ന സ്ഥലം കൈവശപ്പെടുത്തിയിട്ടു അതുമുഴുവൻ വലിച്ചൂററി കുടിക്കുന്നു.

ഈ പ്രാണികളുടെ കുഴൽപോലെയുള്ള നാവ് അവയുടെ വായ്ക്കുള്ളിൽനിന്നും കാലക്രമേണ പരിണമിച്ചതാണ്. വായുടെ മേൽഭാഗവും കീഴ്ഭാഗവും നൂലുപോലെ നീണ്ടതും രണ്ടിന്റേയും അകം കുഴിഞ്ഞതും പുറം കൂട്ടിവിച്ചതുമാണ്. തന്മൂലം ഇവ ചേൎത്തുവയ്ക്കുമ്പോൾ ദ്രവവസ്തുക്കൾ വലിച്ചെടുക്കാവുന്ന ഒന്നാംതരം ഒരു നാളമായി ഭവിക്കുന്നു. മണിപോലെ നിമ്നമദ്ധ്യമായ കുസുമങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചിരിക്കുന്ന മധുവും ഈ ജിഹ്വാനാളങ്ങൾക്കു അപ്രാപ്യമല്ല.

വിശ്രമവേളകളിൽ ചിത്രശലഭങ്ങളും പതംഗങ്ങളും അവയുടെ ഈ ജിഹ്വാനാളങ്ങളെ ഒരു വാച്ചിന്റെ 'മെയിൻസ്പ്രിങ്ങു'പോലെ പിരിപിരിയായി ചുരുട്ടിവയ്ക്കുന്നു. എന്നാൽ വിതൎന്നു നീളുന്നതിനു അവ എപ്പോഴും സന്നദ്ധങ്ങളാണ്.

പുഷ്പത്തിനനുയോജ്യമായി ഈ പ്രാണിക്കു പരിണാമമുണ്ടായതിൻവണ്ണം ദീർഘജിഹ്വയുള്ള ഈ പ്രാണിക്കനുയോജ്യമായി കാലക്രമത്തിൽ പുഷ്പത്തിനും പരിണാമമുണ്ടായി. എന്തെന്നാൽ പതംഗത്തിനൊ ചിത്രശലഭത്തിനോ കുസുമം തേൻ നൽകുന്നതോടുകൂടി അവയിൽനിന്നു അതിനു ചില സാഹായ്യങ്ങൾ ലഭിക്കേണ്ടിയിരിക്കുന്നു. ചെടികളുടെ പുഷ്പങ്ങളിൽ പൂമ്പൊടികലൎത്തി വിത്തുണ്ടാക്കുന്നതു ഈ പ്രാണികളാണ്. ഇവയില്ലെങ്കിൽ ചെടികളുടെ വംശം നിലനിൽക്കുന്നതല്ല.

തേൻതേടി പറന്നുനടക്കുന്ന ചെറുജീവി ഒരു പുഷ്പത്തിലുള്ള കേസരങ്ങളിൽനിന്നും പരാഗത്തെ അതിന്റെ ശരീരത്തിൽ ധരിക്കുന്നു. അതു മറെറാരു പുഷ്പത്തിൽ ചെന്നുപററുമ്പോൾ ആ പരാഗത്തെ പ്രസ്തുത പുഷ്പത്തിന്റെ ഗർഭകേസരത്തിന്മേൽ പുരട്ടുന്നു. ഇപ്രകാരമാണു ചെടികളും വൃക്ഷങ്ങളും അവയുടെ ഉല്പാദനകർമ്മം നിർവഹിക്കുന്നതു്.

ജീവിതരീതിക്കു അത്യന്തം അനുയോജ്യമായവിധത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രാണികളും പുഷ്പങ്ങളും മാത്രമേ ജീവിതമത്സരത്തിൽ ജയിച്ചു ജീവിച്ചുപോരുന്നുള്ളൂ. അവയുടെ പ്രത്യേകശരീരഘടനകളെ എല്ലാം സന്താനങ്ങൾക്കും നൽകവിട്ടുന്നു. നീണ്ടനാൾ തുടങ്ങിയുള്ള ഉപയോഗപ്രദങ്ങളായ ശരീരഘടനാവിശേഷങ്ങളെയെല്ലാം തുടരെ തിരഞ്ഞു സ്വീകരിച്ചുകൊണ്ടിരിക്കയാൽ അവ ഉത്തരോത്തരം പരിഷ്കൃതങ്ങളായിത്തീരുന്നുണ്ടെന്നുള്ളതിൽ സംശയലേശമില്ല.

കണ്ണട.

(വി. എൻ. എം.)

'സ്പെക്സ്' അല്ലെങ്കിൽ കണ്ണട ഇന്നത്തെ പരിഷ്കാരചിഹ്നങ്ങളിൽ അദ്വിതീയസ്ഥാനം വഹിക്കുന്ന ഒന്നാണ്. കണ്ണട വെച്ചു നടക്കുന്നവരെ കണ്ടാൽതന്നെ ഒരു ജോറുണ്ടത്രെ! ചോറുണ്ടാണോ നടക്കുന്നതെന്നു ആരും അവരോടു ചോദിക്കയുമില്ല. പണ്ടു വെള്ളെഴുത്തിനും മററും മാത്രമെ കണ്ണട ഉപയോഗിക്കാറുണ്ടായിരുന്നുള്ളുവെങ്കിലും ഇന്നു എവിടെ നോക്കിയാലും കണ്ണട ധാരാളം. പെറിയാനയ്ക്കു മണി കെട്ടുന്ന മാതിരിയാണത്രെ കണ്ണട ധരിച്ചാലത്തെ ഫലം. നാലു കണ്ണന്മാരുടെ സംഖ്യ ദിനംതോറും വർദ്ധിച്ചേ വന്നുകൊണ്ടിരിക്കുന്നു.

കണ്ണടയല്ലാ 'കണ്ണാട'യാണെന്നാണ് ഇന്നത്തെ ബോദ്ധ്യം. വേഷഭൂഷാദികളിൽ തോഷിച്ചു ആഷാഢഭൂതികളെപ്പോലെ നടക്കുന്നവർക്കു കണ്ണടയില്ലാത്ത കുറവു വേണ്ട. കണ്ണിനും വേണ്ടെ ഒരാട. ആടയില്ലാത്തവൻ മാടിനു സദൃശനല്ലെ? തലയ്ക്കു തൊപ്പി, ദേഹമാസകലം കുപ്പായം, കൈക്കും കാലിനും ഉറ, ഇങ്ങിനെ സകല അവയവങ്ങൾക്കും ആടകൾ കൊടുക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങളിൽവെച്ചു പ്രഥമനായ കണ്ണിനും വേണ്ടെ ഒരാട. അതാണത്രെ കണ്ണാട.

അഹംഭാവത്തെ കണ്ണടയോടുപമിക്കാറുള്ളതു വേണ്ടാതെ കണ്ടു് കണ്ണടവെച്ചു ഞെളിയുന്നതുകൊണ്ടായിരിക്കുമെന്നു തോന്നുന്നു. "ആടയും പണ്ടങ്ങളുംകൊണ്ടു മെയ്യാകെക്കൂടിമൂടിന യന്ത്രപ്പാവക"ളാണു "ഭാരതക്ഷ്മെ! നിൻെറ പെൺമക്ക"ളെന്നു "ധാർഷ്ട്യത്താൽ പുലമ്പിപ്പോയ" "അമേരിക്കതൻ വിത്താമമേമയോടൊരുസ്ത്രീണി"ക്കു ഏവംവധം ഓതുവാൻ തോന്നിയതു "കണ്ണിൽനിന്നഹങ്കാരമഞ്ഞച്ചില്ലു-ത്തുമാററാ"ത്തതുകൊണ്ടായിരിക്കയില്ലെ? മഹാകവിവചനം നകദാചനവ്യർത്ഥമാകുമോ? മഞ്ഞച്ചില്ലു കണ്ണടയ്ക്കും പുറമെ വേറും 'പൂജ്യം' ഡിഗ്രിയിലുള്ള ചില്ലുകളാൽ നിർമ്മിതമായ കണ്ണടയും വെറുമ്മനെ 'കണ്ണാട'യുടെ ആവശ്യാർത്ഥം ധരിച്ചു പൂജ്യന്മാരാകുന്നവരും ഇന്നുണ്ടു്. ക്രമേണ കണ്ണിനു അംബരം പററിയാൽ പിന്നെ ഡിഗ്രിക്കൂട്ടാമല്ലൊ. കണ്ണാടയില്ലാത്ത കണ്ണും പൊന്നണിയാത്ത പെണ്ണും ഒരുപോലെയാണെന്നാണു ഇന്നത്തെ മതം.

'ആശ്ചര്യമഞ്ചുവയസ്സിലത്തായ്മുല-
പ്പാൽച്ചുവമാറാത്ത പിഞ്ചുനാവാൽ
കാസ്സപിസ്സോതുന്നുണ്ടാൺകുഞ്ഞും
പെൺകുഞ്ഞും

ആസുരമിന്നത്തെപ്പാഠരീതി' എന്നു വിലപിച്ച മഹാകവി വെറുതെ കണ്ണാടയണിഞ്ഞു നടക്കുന്ന പെണ്ണാണടച്ചുള്ള നരവർഗ്ഗത്തെത്തരമൊട്ടു കണ്ടാൽ എന്തു പറയുമായിരുന്നുവോ ആവൊ!

'കണ്ണടയഗ്ര്യജലോചനകൾക്കിന്നു
സ്വർണ്ണാഭരണത്തെക്കാളുംമുഖ്യം' ഏവംവിധമാണു ഇന്നത്തെ നില. പണ്ടത്തെ പ്രാലേയബാലക്കാർ*ക്കും അത്യാവശ്യം പ്രമാണിച്ചേ മൂക്കത്തു കണ്ണടയുറപ്പിക്കയുള്ളു. എന്നാൽ ഇന്നത്തെ ചെറുപ്പക്കാരുടെ മൂക്കിന്മേൽ ഒരു കുഴി വീണു തുടങ്ങിയിട്ടുണ്ടു്. പരിണാമവാദപ്രകാരം ആവശ്യം പ്രമാണിച്ചാണല്ലൊ സൃഷ്ടിവൈചിത്ര്യങ്ങൾ ഉത്ഭവിക്കുന്നതു്. അടുത്ത തലമുറയിലെ ആളുകൾ മൂക്കത്തു കണ്ണടക്കുഴിയോടുകൂടിയവരായി ജനിക്കുമെന്നു വിചാരിപ്പാൻ ധാരാളം ന്യായം കാണുന്നുണ്ടു്.

കണ്ണട ചിലർ കണ്ണിന്നടപ്പായും ഉപയോഗിക്കാറുണ്ടു്. 'സൺഗോഗിൾസ്സ്' എന്ന ഒരുതരം കണ്ണട ഇക്കാര്യത്തിനു മിക്കവാറും പററിയതാണു്. കണ്ണിൻെറ ആടൽ മററുള്ളവർ കാണുകയുമില്ല.

'ചിലനൊടിയിടനിന്നിമേഷമായ് നി-
ശ്ചലതയിൽ നില്ക്കുക തെണ്ടിയായകണ്ണെ!'

തെണ്ടിയായ കണ്ണിൻെറ ചണ്ടിത്തരം കണ്ടാമണ്ടിക്കാരനായ രണ്ടാമതൊരാൾ കാണേണ്ടെന്നു വിചാരമുണ്ടെങ്കിൽ ഇത്തരമൊരു കണ്ണട തുണ്ണും ധരിച്ചാൽ പോരും. കാര്യം സാധിക്കും. ആരുമൊട്ടറിയുകയുമില്ല; പോരെ?

കണ്ണടയുറപ്പിക്കുന്നതു മൂക്കത്തും ചെവികളിന്മേലും കൂടിയായിട്ടാണു്. തവളപ്പത്തൽ മൂത്തുമൂത്തു വാലില്ലാതാവുന്നപോലെ കണ്ണടയുടെ കാലും കാലക്രമത്തിൽ ഇല്ലാതായിത്തീരുന്നുണ്ടു്. ഇതുകൊണ്ടു ചെവിക്കൊട്ടാശ്വാസം ലഭിച്ചിട്ടുണ്ടെങ്കിലും മൂക്കിൻെറ ഭാരം മുന്നേക്കാൾ മൂന്നിരട്ടി വർദ്ധിച്ചിരിക്കുന്നു. കാലില്ലാത്ത കണ്ണടയ്ക്കു മാലണയാതിരിക്കണമെങ്കിൽ മൂക്കിനെ ഇറുക്കിപ്പിടിച്ചു നില്ക്കേണ്ടിവരുന്നു. കണ്ണിൻെറ സുഖത്തിനുവേണ്ടി മൂക്കിനെ ഹേമദണ്ഡംചെയ്കയാണു് ഇതുകൊണ്ടു ചെയ്യുന്നതു്. ലോകംതന്നെ അങ്ങിനെയാണെന്നു സമാധാനിക്കാം. കുചേലന്മാരുടെ ഹേമദണ്ഡത്താലല്ലെ കുബേരന്മാർ കുതുകികളായി ഭവിക്കുന്നതു്. ചിലർ കണ്ണടയ്ക്കു ചിലപ്പോൾ മൂക്കിൽനിന്നു നെററിയിലേക്കു ഒരു 'ട്രാൻസഫർ' കൊടുക്കാറുണ്ടു്. മൂക്കിനു തൊരാശ്വാസവുമാണു്. നോക്കുന്നവർക്കൊരു വിനോദവുമാണു്.

പണ്ടു കണ്ണും മൂക്കും തമ്മിൽ കണ്ണട ആരുടെ സ്വത്താണെന്നു ഒരു അവകാശത്തർക്കമുണ്ടായി. അന്യായവും പത്രികയും വക്കാലത്തും എല്ലാം ഫയലാക്കിയതിനുശേഷം കേസ്സ് തീർച്ചവിചാരണയ്ക്കു വരികയും വാദം കേൾക്കുകയും ചെയ്തു. "കണ്ണിനു ആവശ്യമാകുമ്പോൾ മൂക്കു, കണ്ണട ധരിച്ചു കണ്ണിൻെറ ആവശ്യം നിറവേററിക്കൊള്ളണ"മെന്നു ഒരു തീർപ്പും കല്പിച്ചു. എന്നാൽ ഇന്നു എന്നും കണ്ണട ധരിക്കണമെന്നു മൂക്കിനോടു ഉരിയാടുന്നതു കണ്ണിൻെറ കണ്ണേജ്യന്മാരുടെ ദുരാലോചനയാലൊ മൂക്കിൻെറ മൂർഖതയാലൊ ഏതായാലും ആ വിധി ഒന്നു പുനരായി എടുത്തു തീർച്ചവിചാരണ ചെയ്തു ബലമായ ഒരു ഉത്തരവിടേണ്ട കാലമായിരിക്കുന്നുണ്ടെന്നു തോന്നുന്നു. കുട കണ്ണട കല്പനസഹിതം തോട്ടിൽ പോയതിനാൽ കല്പന മടക്കുന്നതിനു കോട്ടം പററിയെന്നു റിപ്പോർട്ടു ചെയ്ത ഒരു കോർട്ടുശിപായിയുടെ കഥയും ഇത്തരുണത്തിൽ വിട്ടുകളയത്തക്കതല്ല. ആയെങ്കിലായി അല്ലെങ്കിൽ മാലയ്ക്കായി.

പടത്തിനും മററും ചില്ലിട്ടു സൂക്ഷിക്കുന്നതുപോലെ കണ്ണിനും ചില്ലിട്ടു സൂക്ഷിക്കുകയാണോ എന്നു കണ്ണടയെടുക്കാത്തവരെ കാണുമ്പോൾ തോന്നിപ്പോകാറുണ്ടു്. റിസ്റ്റ് വാച്ചും കണ്ണടയും ധരിച്ചു വ്യാസലൈൻ പുരട്ടി ഈശ്വരാരാധനയ്ക്കുകൂടി പോകുന്നതു പരിഷ്കാരത്തിൻെറ പരമകാഷ്ഠയാണത്രെ. മണിയടിച്ചു തൊഴേണ്ടതിനുപകരം മണി നോക്കി കണിശംവച്ചു തൊഴുന്നതു ബിസനസ്സ് രീതിയാണുപോൽ. നോൺസെൻസ്സം കൂടിയാണോ ആവോ? തൊഴുവാൻ കണ്ണട വെക്കുന്നതു എന്തിനാണു്? ഈശ്വരനെ അടുത്തു കാണാനോ വ്യക്തമായിക്കാണാനൊ അല്ല കാണണ്ടെന്നു കരുതിയിട്ടോ എന്നു് അത്തരക്കാരോടുതന്നെ ചോദിച്ചറിയേണ്ടിയിരിക്കുന്നു.

ഇങ്ങിനെ ഒക്കെയായാലും കണ്ണട ഒരു സാമാന്യക്കാരനല്ല. കണ്ണട ഉണ്ടാക്കിയിരുന്ന ഒരുവനാണത്രെ ആദ്യമായി ഭൂതക്കണ്ണാടി കണ്ടുപിടിച്ചതു്. ചില്ലുകളുടെ സ്ഥാനവും ക്രമവും മാറിയപ്പോൾ പേരും പെരുമയും വർദ്ധിച്ചു സ്ഥാനത്തു വന്നപ്പോൾ മാനനീയനായി. "സ്ഥാനത്തുനില്ക്കും പത്മത്തിന്നക്പൊശികൾബാന്ധവർ" എന്നാണല്ലൊ. കണ്ണടയ്ക്കു അന്നും ഇന്നും എന്നും അതിനുള്ള പ്രാധാന്യമുണ്ടു്. സ്ഥാനവും മാനവും വിലയും നിലയും ഉണ്ടു്. എന്നം പെരുത്തതുകൊണ്ടു കനക്കുറവു വന്നിട്ടുണ്ടെങ്കിൽ അതിനു കണ്ണടയൊ കുററക്കാരൻ?

വട്ടത്തിൽശരീരവും നീണ്ടുള്ളകാലുകളും
പെട്ടെന്നു കരയിട്ടുക്കൊക്കുന്ന കൂട്ടിക്കെട്ടും
മട്ടുകളിവചേൻ്റലസിക്കും "സ്പെക്സ്"ഭവാൻ
തുഷ്ടിയോടിബ്ഭൂമിയിൽ സൈ്വരമായ്
വസിച്ചാലും.

'ഹിപ്പ്-ഹിപ്പ്-ഹുറെ. കണ്ണടക്കുജെ

---

* നരച്ചവർ.

കുടകരാജ്യം.

(കുടകിൽ താമസിക്കുന്ന ഒരു മലയാളി.)

കേരളത്തോടു തൊട്ടുകിടക്കുന്നതും, മലയാളികളോടു വളരെ സാമ്യമുള്ളവരും പണ്ടത്തെക്കാലത്തു രണശൂരന്മാരെന്നു പേരെടുത്തവരുമായ കുടകർ അധിവസിക്കുന്നതുമായ ഒരു പ്രത്യേകസംസ്ഥാനമാണു ക്രൂർഗ്ഗ രാജ്യം. തെക്കു വയനാടും, പടിഞ്ഞാറു ബ്രിട്ടീഷ് മലബാറും, കിഴക്കു മൈസൂർരാജ്യവും, വടക്കു കർണ്ണാടകജില്ലയുംആയി ഒരു വലിയകോട്ടമതിൽപോലെകിഴക്കേ അതൃത്തിയിൽ പൂർവ്വപർവ്വതനിരകളാലും, തെക്കുംപടിഞ്ഞാറും, പശ്ചിമപർവ്വതനിരകളാലും ചുററപ്പെട്ടിരിക്കുന്ന ഈ രാജ്യത്തിനു 1593 ചതുരശ്രമൈൽ വിസ്താരമുണ്ടു്. ഇതു കൊച്ചീരാജ്യത്തെക്കാൾ നൂററിഎഴുപത്തഞ്ചേകാൽ ചതുരശ്രമൈൽസു കൂടുതലാണു്. ജനസംഖ്യ 163327 മാത്രമാണു് ഇതിൽ കുടകർ 65000-ത്തിൽ അധികമില്ല. ബാക്കിയുള്ളവർ കർണ്ണാടകരും കച്ചവടത്തിനായുംമററുംവന്നു താമസമുറപ്പിച്ചിരിക്കുന്ന മലബാർമാപ്പിള(മുസ്ലിം)മാരുമാണു്. കുടകു് കുന്നുകളാലും വൻകാടുകളാലും നിറയപ്പെട്ട രാജ്യമാണു്. കുന്നുകളുടെ ഇടയ്ക്കു നെൽകൃഷിവയലുകളും, കാപ്പിത്തോട്ടങ്ങളും, മധുരനാരകത്തോട്ടങ്ങളും അനവധിയുണ്ടു്. കുടകർ സാധാരണ കൂട്ടമായി താമസിക്കാതെ മലയാളികളെപ്പോലെ പ്രത്യേകം പ്രത്യേകം കൃഷിസ്ഥലങ്ങളും വീടുകളും ഉണ്ടാക്കി താമസിക്കുന്നവരാണു്. സമുദ്രനിരപ്പിൽനിന്നും 2500 അടി ഉയരംമുതൽ 5000 അടിവരെ ഈ രാജ്യം ഉയർന്നസ്ഥലങ്ങളായതിനാൽ നവമ്പർ, ഡിസമ്പർ ഈ മാസങ്ങളിൽ മഞ്ഞിൻെറകൂടുതൽനിമിത്തം ഉണ്ടാകുന്ന തണുപ്പു മലയാളികളായ നമുക്കു സഹിക്കാൻ പ്രത്യേകം കമ്പിളിഉടുപ്പുകളും മുറികളിൽ തീകത്തിക്കാനുള്ള ചിമ്മിനികളുംമററും വേണ്ടിയിരിക്കുന്നു. മാർച്ചു്, ഏപ്രിൽ, മേയി ഈ മൂന്നു മാസങ്ങളിൽ കഠിനമായ മലേറിയ എന്ന ജ്വരം സാധാരണ എല്ലാവരെയും ബാധിക്കാറുണ്ടു. ഈ ജ്വരത്താൽ അനവധി ആളുകൾ മരിച്ചുപോകാറുമുണ്ടു. ഇവിടെ താമസിക്കുന്ന ആളുകളിൽ 95 ശതമാനവും മലേറിയജ്വരം പിടിപെട്ടിട്ടുള്ളവരാണു് മററു രോഗങ്ങൾ വളരെ ചുരുക്കമാണു്. ഫലവത്തായ ഈ ചെറിയ രാജ്യത്തു, ഭാരതഭൂമിയിൽ വിളയുന്ന മിക്ക ധാന്യങ്ങളും സുലഭമായി വിളയുന്നുണ്ടു്. രാജ്യം മുഴുവൻ വലുതും ചെറുതുമായ മലകളാൽ നിറയപ്പെട്ടിരിക്കുന്നതുകൊണ്ടു് ഗതാഗതസൌകര്യത്തിനുള്ള റോഡുകൾ വളരെ ചുരുക്കമാണു്. അതുകൊണ്ടു ഇവിടെ ഉണ്ടാകുന്ന മധുരനാരങ്ങാ മുതലായ ഫലമൂലാദികൾ അന്യദേശങ്ങളിൽ കൊണ്ടുപോയി ചിലവാക്കുന്നതിൽ ഇവിടുത്തുകാർ വളരെ ബുദ്ധിമുട്ടുകൾ സഹിക്കുന്നുണ്ടു്.

കുടകുരാജ്യത്തിൻെറ മദ്ധ്യപ്രദേശത്തുകൂടിയാണു പുരാണപ്രസിദ്ധയായ കാവേരിനദി ഒഴുകുന്നതു്. 5000 അടി ഉയരമുള്ള പശ്ചിമപർവ്വതനിരകളിൽനിന്നും കാവേരിനദി ഉത്ഭവിച്ചു ഭാഗമണ്ഡലത്തുകൂടി പ്രവഹിച്ചു പൂർവ്വപർവതനിരകളെമുറിച്ചു നേരെ കിഴക്കോട്ടു ഒഴുകി മൈസൂർരാജ്യത്തുകൂടി തൃശ്ശിനാപ്പള്ളി കടന്നു ബങ്കാൾഉൾക്കടലിൽപതിക്കുന്നു. കാവേരിനദിക്കു 500 മൈൽസിലധികം നീളമുണ്ടു്. ഈ നദിയിലാണു മൈസൂറിലെ "കൃഷ്ണസാഗര" അണ, ശിവസമുദ്രംവെള്ളച്ചാട്ടം, (കോളാർസ്വർണ്ണഖനികളിലേക്കും മൈസൂർരാജ്യത്തിലും ആവശ്യമുള്ള വൈദ്യുതശക്തികളുംമററും സംഭരിക്കുന്നതിവിടെനിന്നുമാണു്.) ഇപ്പോൾ പുതയതായി 680 ലക്ഷം രൂപാ ചിലവു ചെയ്തു കെട്ടിയിരിക്കുന്ന ലോകപ്രസിദ്ധമായ മേട്ടൂർഅണ, (ഈ അണയിൽ 64 ചതുരശ്രമൈൽ വെള്ളം കെട്ടിനിർത്തിയിരിക്കുന്നു.) മുതലായവ. കാവേരിനദിയെ കുടകർ ഒരു ദേവിയായിട്ടാണു ആരാധിക്കുന്നതു്. അതേപ്പററിയുള്ള ഒരു പുരാണകഥ രസാവഹമാണു്. "ബ്രഹ്മഗിരിപർവ്വതത്തിൽ കാവേരനെന്ന മഹർഷി വസിച്ചിരുന്നു. അദ്ദേഹത്തിനു മക്കളില്ലാതിരുന്നതിനാൽ ബ്രഹ്മാവിനെ തപസ്സുചെയ്തു. അതിൻെറ ഫലമായി ലോപാമുദ്ര എന്ന ഒരു പുത്രിയെ ബ്രഹ്മാവു കൊടുത്തു. ഇവൾ കാവേരമുനിയുടെ പുത്രിയായതിനാൽ കാവേരി എന്ന പേർ സിദ്ധിച്ചു. തൻെറ പിതാവിനു ശ്രേയസ്സുണ്ടാകുവാനായി ബ്രഹ്മഗിരിയിൽനിന്നും കാവേരി, നദിയായി പ്രവഹിച്ചു. ഇതിനാൽ കുടകുരാജ്യത്തിനു നന്മയുണ്ടായി" എന്നിങ്ങനെ കാവേരിപുരാണത്തിൽ കാണാം


ക്രോഡദേശത്തുനിന്നും വന്ന ആളുകളെ കുടകർ എന്നു പേർവിളിച്ചു. അങ്ങിനെ കുടകരുടെ രാജ്യത്തിനു കൊടക (ക്രൂർഗ്ഗ്) എന്ന പേരുണ്ടായി എന്നും പറയുന്നു കുടകർ ചന്ദ്രവർമ്മൻ എന്ന ക്ഷത്രിയരാജാവിനു ശൂദ്രസ്ത്രീയിൽ ജനിച്ച സന്താനങ്ങളായതിനാൽ ക്ഷത്രിയവംശക്കാർ എന്നും പറയുന്നുണ്ടു്. പഴയകാലത്തു ഉഗ്രർ എന്നും ഇവർക്കു പേരുണ്ടായിരുന്നു. കുടകരുടെ പൂർവ്വികന്മാർ മൈസൂർരാജ്യത്തിൻെറ വടക്കുപടിഞ്ഞാറേദേശമായ കദംബരരാജ്യത്തുനിന്നും വന്നവരാണെന്നു ആധുനിക ചരിത്രകാരന്മാർ പറയുന്നു. എ ഡി. 1336-ൽ വിജയനഗരസാമ്രാജ്യം സ്ഥാപിക്കുന്ന അവസരത്തിനു മുമ്പു കുടകർ ഇവിടെ വാസമുണ്ടായിരുന്നതായി പറയുന്നുണ്ടു്.

എ. ഡി. 1565-ൽ ദക്ഷിണഹിന്ദുസ്ഥാനം മുഴുവൻ വിജയനഗരസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നപ്പോൾ കുടകുദേശം 12 ശാഖകളായും, 35 നാടുകളായും വിഭാഗിച്ചു ഓരോ ശാഖകൾ ഓരോ നായകൻെറ പാളയമായി ഭരിച്ചിരുന്നു" ഇപ്പോൾ ഈരാജ്യത്തു പൊന്നാംപേട്ട മുതലായി പലയിടത്തും കാണുന്ന കിടങ്ങുകൾ ആവക ഭരണാധികാരികളുടെഅതൃത്തിസ്ഥലങ്ങളായിരുന്നു. അവരിൽ ഒരാൾ കിഗ്ഗ്നാടുതാലൂക്കിൽ അഞ്ചുകേരിനാട്ടിൽ ഭരണംനടത്തിയ അച്ചനായിക്കന്മെററം, ഇപ്പോഴും കാണ്മാനുണ്ടു്. മേൽപറഞ്ഞ 12 പാളയക്കാർ തമ്മിൽ പിണങ്ങി പലപല യുദ്ധങ്ങളും നടത്തി. 16-ാംനൂററാണ്ടിൻെറ ഒടുവിൽ ഹാലേരി എന്ന പാളയക്കാർ എല്ലാവരെയും കീഴടക്കി കുടകുരാജ്യത്തിലെ ഭരണാധികാരികളായിത്തീർന്നു. പിന്നീടു മൈസൂർരാജ്യത്തിലെ ഒരു സാമന്തരാജ്യമായ ഹിക്കേരി സംസ്ഥാനത്തിൽപെട്ട രാജകുടുംബത്തിലെ ഒരാൾ ഹാലേരിനാട്ടിൽ വന്നു രാജ്യഭരണം ആരംഭിച്ചു. ഇതിനെ പാടിനാൽക്കുനാട്ടിൻെറ പാളയക്കാരനായ കർണ്ണനമ്പു സമ്മതിച്ചു. ചില വർഷങ്ങൾ കഴിഞ്ഞു കീഴടങ്ങാതെയുണ്ടായിരുന്ന പാളയക്കാരെ എല്ലാം ചതിവിൽ കൊലചെയ്തുംമററും അവരുടെ നാടുകൾഎല്ലാം ഇവർ കൈവശപ്പെടുത്തി, കുടകിനു ഹാലേരിസംസ്ഥാനമെന്നു പേരും കൽപിച്ചു.

കുടകിലെ ഒന്നാമത്തെരാജകുടുംബം സ്ഥാപിച്ച മുദ്ധരാജൻ എ. ഡി. 1633 മുതൽ 1687 വരെ 54 വർഷം രാജ്യം ഭരിച്ചു.

കുടകുരാജാക്കന്മാരുടെ ഭരണകാലങ്ങൾ എല്ലാംതന്നെ വളരെവളരെ ക്രൗര്യപൂർണ്ണമായിരുന്നു. രാജാക്കന്മാർ സ്വാർത്ഥികളും ബഹളായ്മാത്വം കൈക്കൊണ്ടവരും, രാജ്യമെല്ലാം തങ്ങളുടെ സ്വന്തഭൂമികളാണെന്നും, ജനങ്ങളെല്ലാം തങ്ങളുടെ കൂലിവേലക്കാരും അടിമകളുമാണെന്നും വിചാരിച്ചിരുന്നവരും ആയിരുന്നു.. പ്രജകളുടെ ജീവനെ അവർ വിലവച്ചിരുന്നില്ല. രാജ്യത്തെക്കു ആരെങ്കിലും കടക്കുകയോ, രാജ്യത്തിനു പുറത്തു പോകയോ ചെയ്യണമെങ്കിൽ രാജാവിൻെറ നേരിട്ടുള്ള അനുമതി വേണ്ടിയിരുന്നു ഇതിനാൽ കുടകുരാജാക്കന്മാരുടെ 200 വർഷങ്ങളിലെ ഭരണകാലം മിക്കമാറും അന്ധകാരമയമായിരുന്നു മുദ്ധരാജൻെറയും, മകൻ അപ്പാജിരാജൻെറയും ഭരണകാലത്തു മററു രാജ്യക്കാരുമായി യാതൊരു ഇടപാടുകളും, കച്ചവടംപോലും, നടന്നിട്ടില്ല.

മുദ്ധരാജനാണു ഇപ്പോൾ മക്കാറാ (മട്ടക്കേരി)യിൽ കാണുന്ന ഗംഭീരമായ കരിങ്കൽക്കോട്ടയും രാജധാനിയും പണികഴിപ്പിച്ചതു്. ഇതു 1681-ൽ ആയിരുന്നു. മട്ടക്കേരിൽ രാജധാനി പണിയുന്നതിനു മുമ്പു ഹാലേരിലായിരുന്നു മുദ്ധരാജൻെറ രാജധാനി. ഇദ്ദേഹം വയനാടിനെ പിടിച്ചടക്കി മക്കളിൽ ഒരാളായ അപ്പാജിരാജകുമാരനെ വയനാടിൻെറ ഭരണാധികാരിയാക്കി. കോട്ടഗിരിരാജാവു് 5000 നായർസൈന്യങ്ങളുമായി അപ്പാജിരാജനെ എതിർത്തു എങ്കിലും നായർസൈന്യം മടങ്ങുകയാണുണ്ടായതു്. മലബാറിലെ ചിറക്കൽരാജാവു പലപ്രാവശ്യം കുടകിനെ ആക്രമിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം മടങ്ങുകയാണു ചെയ്തതു്. വലിയ മലമ്പ്രദേശവും കാടുകളും ദുർഘടങ്ങളായ മലഞ്ചരിവുകളുമായ കുടകുരാജ്യത്തിൽ കുടകരെ കീഴടക്കാൻ വളരെ പ്രയാസമായിരുന്നു. മൈസൂറിലെ ഒരു സാമന്തപ്രഭുവായ



മുദ്ദുരാജൻ ൧൬൮൧ എ. ഡി. യിൽ പണികഴിപ്പിച്ച മക്കാറാകോട്ടയുടെ അകത്തുള്ള രാജധാനി. ഇതു് ഇപ്പോൾ കൂർഗ്ഗ് ചീഫ്കമ്മീഷണരുടെ കച്ചേരിയാണു്.

സോമശേഖരനായ്ക്കൻ ചിറക്കൽരാജാവിനെ യുദ്ധത്തിൽ തോല്പിച്ചു ചിറക്കൽകോവിലകം കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ ചിറക്കൽരാജാവിനുവേണ്ടി 18 ലക്ഷം രൂപായ്ക്കു കുടകുരാജൻ ജാമ്യംനില്ക്കുകയുണ്ടായി. പലപ്പോഴും മൈസൂറിലെ ഹൈദരാലി കുടകിനെ പിടിച്ചടക്കാൻ ശ്രമിച്ചിരുന്നു. പസൽഖാൻദളവായുടെ വരുതിയിൽ അയച്ച ഹൈദരാലിയുടെ വലിയ മറാമ്മളിയസൈന്യത്തെ കുടകർ നിഷ്പ്രയാസം തോല്പിച്ചിട്ടുണ്ടു്. പിന്നീടു 1768-ൽ കുടകുരാജ്യം ഹൈദരുടെ കീഴടങ്ങിപ്പോകേണ്ടതായിവന്നു. എങ്കിലും തരംകിട്ടുമ്പോഴെല്ലാം ഹൈദരുടെ സൈന്യങ്ങളെയും ഉദ്യോഗസ്ഥന്മാരെയും കുടകർ നല്ലവണ്ണം ഉപദ്രവിച്ചുവന്നിരുന്നു ഹൈദരുടെ മരണശേഷം ടിപ്പു രാജ്യഭരണം കൈയേററു. 1773 ൽ ടിപ്പു കുടകിൽനിന്നും 85000 കുടകരെ ബലമായി നായാടി പിടിച്ചുകൊണ്ടുപോയി ഇസ്ലാംമതത്തിൽ ചേത്തു പകരം ബല്ലാറിൽനിന്നും പഠാണികളെ വരുത്തി കുടകിൽ സ്ഥിരതാമസക്കാരായി പാപ്പിച്ചു. കണ്ണിൽകണ്ട കുടകരെയെല്ലാം കൊലചെയ്യുന്നതിനും കല്പിച്ചു. ടിപ്പു ബലമായി പിടിച്ചുകൊണ്ടുപോയവരിൽ പലരുംഒളിച്ചോടിവന്നു്, കുടകിൽ താമസമാക്കിയ പട്ടാണികളിൽ പലരെയു കൊന്നു ബാക്കിയുള്ളവരെ രാജ്യത്തിനു പുറത്താക്കുകയും ചെയ്തു സുൽത്താനു കുടകരുടെ ഉപദ്രവം സഹിക്കാതെവന്നപ്പോൾ ജിലോട്ടിൻദളവായുടെ കീഴിൽ 15000 സൈന്യങ്ങളെ കുടകിലേക്കയച്ചു. അനവധി നാശങ്ങൾ കുടകിൽ വരുത്തി. ഇതിൽ കുടകർ വളരെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടതായിവന്നു. ആ യുദ്ധത്തിൽ ഉപയോഗിച്ച പല വലിയ തോക്കുകളുംമററും വയലുകളിലും കാട്ടുകളിലും കിടക്കുന്നതു ഇപ്പോഴും ഈ ലേഖകൻ കണ്ടിട്ടുണ്ടു് ഇങ്ങിനെ കുറേ കഴിഞ്ഞപ്പോൾ 1799-ൽ ഇംഗ്ലീഷുകാർ ടിപ്പുവിനെ ശ്രീരംഗപട്ടണത്തിൽവച്ചു യുദ്ധത്തിൽ തോല്പിച്ചു മൈസൂർരാജ്യം പഴയ കുടുംബമായ ഹിന്തുരാജവംശത്തിനു വിട്ടുകൊടുത്തു. ഈ യുദ്ധത്തിൽ കുടകുരാജാവായ ദൊഡ്ഡവീരരാജൻ ഇംഗ്ലീഷുകാരെ പലവിധത്തിൽ സഹായിച്ചിരുന്നു. ആയതിൻെറ സ്മരണയ്ക്കായി ആണ്ടുതോറും ഒരു ആനയെ കുടകരാജനു സമ്മാനംകൊടുക്കാമെന്നു സമ്മതിച്ചിരുന്നു. മേല്പറഞ്ഞ ദൊഡ്ഡവീരരാജൻ വളരെക്രൂരനായ ആളായിരുന്നു. ഇദ്ദേഹം കൊന്നിട്ടുള്ള ആളുകൾക്കു കണക്കില്ലെന്നാണുപറയുന്നതു്. കുടകരിൽ ചിലക്കു ഇദ്ദേഹത്തിൻെറ ഈ ദുർഭരണം രസിച്ചിരുന്നില്ല. ഒരിക്കൽ രാജാവിൻെറ അരമനകാവൽക്കാരായും രാജധാനിയിലെ ഉദ്യോഗസ്ഥന്മാരായുംമററും 300 പേർ ഒത്തൊരുമിച്ചു രാജാവു രാത്രി ഉറങ്ങാൻപോകുന്ന അവസരത്തിൽ വധിക്കണമെന്നു തീച്ച്യാക്കി വേണ്ട എല്ലാ ഒരുക്കങ്ങളും രഹസ്യമായി ചെയ്തു. അതിലേക്കു ഒരു ദിവസം നിശ്ചയിക്കപ്പെടുത്തി തയാറായി. കൂട്ടത്തിൽ ഒരാൾ ഈ വിവരം രാജാവിനെ ഗ്രഹിപ്പിച്ചു. രാജാവു നിദ്രക്കായിപോകുന്ന ഭാവത്തിൽ കട്ടിലിൻെറ അട്ടത്തുചെന്നു തലയിണകളും മെത്തകളും കൊണ്ടു ഒരു മനുഷ്യൻെറ രൂപമെന്നുള്ളവിധത്തിൽ ഉണ്ടാക്കി കമ്പിളികൊണ്ടു മൂടിയ ശേഷം വേഷംമാറി കോട്ടയ്ക്കുപുറത്തു കടന്നു വേറെ അനവധി പട്ടാളക്കാരെ തൽക്ഷണം ശേഖരിച്ചു രഹസ്യമായി കോട്ടയ്ക്കുപുറത്തു ഒളിച്ചിരുന്നു. നിശ്ചിതസമയത്തു രാജാവിൻെറ വിരോധികൾ അരമനയിൽ കടന്നു പള്ളിയുറക്കമെഞ്ചത്തിൽ വെട്ടുംകുത്തുമായി. തൽക്ഷണംദൊഡ്ഡവീരരാജനുംസൈന്യങ്ങളും കോട്ടവാതലുകൾ ബന്ധിച്ചുകഴിഞ്ഞു. രാജവധത്തിനു പുറപ്പെട്ട എല്ലാവരും കൂട്ടിൽ അടയ്ക്കപ്പെട്ട പക്ഷികളെപ്പോലെ ആയി നേരം പുലൻ ദൊഡ്ഡവീരരാജൻ വന്നു ഓരോരുത്തരായി എല്ലാവരേയും താൻതന്നെ വെട്ടിക്കൊന്നു. ഈ സംഭവം നടന്നതു 1807-ൽ മക്കാറാക്കോട്ടയിൽഉള്ള രാജധാനിയിൽവച്ചായിരുന്നു. 1633 മുതൽ 1834 വരെ പത്തു രാജാക്കന്മാർ കുടകിനെ ഭരിച്ചിട്ടുണ്ടു്. ഏററവും ഒടുവിൽ ഭരിച്ച വീരരാജേന്ദ്രൻ 1820-ൽ രാജ്യഭരണം തുടങ്ങി തൻെറ പൂർവികന്മാരെപ്പോലെതന്നെയാണു താനും ഭരണം തുടങ്ങിയതു് ഇദ്ദേഹമാണു കുടകിലെ ഏററവും ദയയുള്ളവനായ രാജാവെന്നു പറയുന്നു എങ്കിലും തൻെറ സ്വന്തകൈകൊണ്ടു 2500 ആളുകളെ വെട്ടിക്കൊന്നിട്ടുണ്ടെന്നുള്ളതു സ്മരണീയമാണു്. ഇദ്ദേഹത്തിനു ഇവിടെ 100 ഭാര്യമാരുണ്ടായിരുന്നതായി പറയുന്നു. തൻെറ വിരോധികളായ ചിലരെ സഹായിച്ചു എന്നുള്ള കാരണത്താൽ സ്വസഹോദരിയെയും ഭത്താവിനെയും എണ്ണയിൽ വറുത്തു കൊല്ലുവാൻ തീർച്ചപ്പെടുത്തി എന്നും, ഈ വിവരം സഹോദരിയും ഭത്താവും അറിഞ്ഞു പ്രാണരക്ഷാത്ഥം ഓടിപ്പോയി ബാംഗ്ളൂർ ബ്രിട്ടീഷ്കമ്മീഷണരെ അഭയംപ്രാപിച്ചു എന്നും പറയപ്പെടുന്നു. അവരെ വിട്ടുകൊടുക്കാൻ വീരരാജേന്ദ്രൻ ബ്രിട്ടീഷ്കമ്മീഷണരോടു ആവശ്യപ്പെടുകയും കമ്മീഷണർ അതിനെ നിഷേധിക്കയും ചെയ്തതിനാൽ ബ്രിട്ടീഷുകാരും വീരരാജേന്ദ്രനും തമ്മിൽ ശത്രുതയായി. പലപ്രാവശ്യവും ഇംഗ്ലീഷ്സൈന്യം കുടകു കീഴടക്കാൻ ശ്രമിച്ചു എങ്കിലും എല്ലാം വിഫലമാകയാണു ചെയ്തതു്. ഒടുവിൽ കർണ്ണൽ ഫ്റയിസരുടെകീഴിൽ പരാക്രമികളടങ്ങിയ ഒരു വലിയസൈന്യത്തെ കുടകിനു നേരേഅയച്ചു. കഠിനമായ സമരത്തിനു ശേഷം കുശാലനഗരം ഇംഗ്ലീഷ സൈന്യം കീഴടക്കുകയും തുടരെയുള്ള യുദ്ധത്തിനുശേഷം മക്കാറാക്കോട്ടയും രാജധാനിയും കൈവശപ്പെടുത്തി രാജാവിനെ ബന്ധനസ്ഥനാക്കി കൽക്കട്ടായിൽ കൊണ്ടുപോയി പാപ്പിക്കയുംചെയ്തു. ഈ സംഭവം 1834 ഏപ്രിൽ 6-ാംതീയതി ആയിരുന്നു. പിന്നീടു വീരരാജേന്ദ്രൻ ഏകപുത്രിയോടുകൂടി ഇംഗ്ലണ്ടിൽപോയി താമസിച്ചു. ഇംഗ്ലീഷുകാർ നല്ലൊരുസംഖ്യ അടുത്തൂൻ (മാലിഖാൻ) കൊടുത്തിരുന്നു. 1852-ൽ വീരരാജേന്ദ്രൻ ലണ്ടനിൽവച്ചു മരിച്ചു. അദ്ദേഹത്തിൻെറ വംശാവലിയെപ്പററി പിന്നീടു യാതൊരറിവും ഇതേവരെ ഇല്ല.

ഇപ്പോൾ കുടകുരാജ്യം വൈസ്രായിയുടെ നേരെകീഴിൽ ഒരു പ്രത്യേക സംസ്ഥാനമായി ഭരിച്ചുവരുന്നു ഇവിടെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന 25 അംഗങ്ങളുള്ള ഒരു നിയമനിർമ്മാണസഭയുണ്ടു്. യൂറോപ്യൻകമ്മീഷണരാണു സഭയുടെ പ്രസിഡണ്ടു്. കുടകുകാക്കു ആയുധംധരിച്ചു നടക്കുന്നതിനു പ്രത്യേക ലൈസൻസു ഒന്നും ആവശ്യമില്ല. അവരെ ആയുധറഗുലേഷനിൽനിന്നു ഒഴിവാക്കിയിരിക്കയാണു്. കൊടകർ നല്ല നായാട്ടുകാരും പലപ്പോഴും കടുവാ, പുലി ഇതുകളെ നിഷ്പ്രയാസം വേട്ടയാടി കൊല്ലാറുള്ളവരുമാണു. ആയതിനു ചില ആഘോഷങ്ങളെല്ലാം നടത്തും. മലയാളത്തു തിരുവോണം മലയാളികൾ ആഘോഷിക്കുന്നതുപോലെ ഇവിടെ "പുത്തരി" എന്ന ഒരു വലിയ ആഘോഷമുണ്ടു്. ഇതു് എല്ലാകൊല്ലവും വൃശ്ചികമാസത്തിലെ കാത്തിക, രോഹണി ഈ രണ്ടു നാളുകളിലാണു ആഘോഷിക്കുന്നതു. ഈ രാജ്യക്കാർ എല്ലാം ഈ ഉത്സവത്തെ കൊണ്ടാടാതിരിക്കയില്ല. കോലടി എന്നൊരു കളിയാണു ഇതിൽ പ്രധാനം. അനവധി ആളുകൾ കുടകുരാജ്യത്തിൻെറ നാനാദിക്കിൽനിന്നും വന്നു ഒരുമിച്ചുചേരുന്ന ഒരു പ്രധാനസ്ഥലത്തു കൂടും. ഇപ്പോൾ പരിഷ്കാരം കൊണ്ടു കുറേയെല്ലാം ഭേദപ്പെട്ടിട്ടുണ്ടു്. കുടകർ കാഴ്ച്ചയിൽ സുമുഖന്മാരാണു്. സ്ത്രീകളിലാണു കുറേക്കൂടി സൌന്ദര്യം കാണുന്നതു. നെൽകൃഷിയിലും, മധുരനാരകകൃ

മിസ്സ് സ്ലേഡ്

എങ്ങനെ ഗാന്ധിജിയുടെ ശിഷ്യയായി.

ഇരുപത്തിഅഞ്ചു വഷങ്ങൾക്കുമുൻപു പതിനേഴുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന മാഡലീൻ സ്ലേഡ് ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന അവളുടെ പിതാവിനോടു കൂടി തന്റെ സ്ഥാനത്തിനും നിലയ്ക്കും ചേന്നവിധം ഇന്ത്യയിൽ താമസിച്ചിരുന്നു. എന്നാൽ ഇന്നു മാഡലീൻ എവിടെ? മീരാബെന്നായി പരിവത്തനം ചെയ്യപ്പെട്ട മദ്ധ്യവയസ്കയായ ഒരു സ്ത്രീരത്നം—പാശ്ചാത്യമയമായ സകലത്തും ദേഹദേഹികളിൽനിന്നും പരിത്യജിച്ച ഒരു ഭാരതകഷകസ്ത്രീ—ഒത്ത ദൈർഘ്യമുള്ള ദേഹവും, ശാന്തതയും സ്നേഹവും സദാ തുളുമ്പുന്ന നയനങ്ങളും, വിനയവും മാധുര്യവും സ്ഫുരിക്കുന്ന സംഭാഷണരീതിയുമുള്ള ഒരു സന്യാസിനി—ഇതാണ് ഇരുപത്തിഅഞ്ചുവഷങ്ങൾക്കുമുമ്പു നാം കണ്ട മാഡലിന്റെ ഇന്നത്തെ ചിത്രം.

മീരാബെന്നിന്റെ ഈയിടെയുണ്ടായ ലണ്ടൻസന്ദർശനാവസരത്തിൽ അവരുമായി സംഭാഷണത്തിൽ ഏപ്പെട്ട ഒരു ആംഗ്ലേയവ്യക്തിയുടെ അഭിപ്രായം ശ്രദ്ധിക്കുക:

"ഹൈഡ്പാക്കിലുള്ള ഒരു ഹോട്ടലിലെ ഒരു ചെറിയ മുറിയിൽ ഇരുന്നു ഞങ്ങൾ സംസാരിച്ചു. തറയിൽ വെറും നാടൻസമ്പ്രദായത്തിൽ ഇരുന്നിരുന്ന അവരുടെ കാലുകളിൽ ചെരുപ്പുണ്ടായിരുന്നില്ല. അവർ ധരിച്ചിരുന്ന പരുപരുത്ത സാരിയുടെ ഒരു അഗ്രംകൊണ്ടു മുണ്ഡനം ചെയ്തിരുന്ന ശിരസ്സു മറയ്ക്കപ്പെട്ടിരുന്നു.

ആ മുറിയിൽ സാമാനങ്ങൾ ഒന്നുമില്ലെന്നുതന്നെ പറയാം. ഭാരതമാതാവിനെ സേവിക്കുവാൻ അവർ ഉറച്ചനിമിഷംതന്നെ മീരായുടെ സമ്പാദ്യങ്ങളെല്ലാം അവ ഉപേക്ഷിച്ചു. അവർ തന്നെ കഴുകിവൃത്തിയാക്കിയിരുന്ന ഒന്നുരണ്ടു ഖാദിവസ്ത്രങ്ങൾ അവിടെ തൂക്കിയിട്ടുണ്ട്. കുറെ കടലാസ്സുകൾ ഉള്ള ഒരു ചെറിയ വിലകുറഞ്ഞ പെട്ടി തുറന്നു അവരുടെ സമീപംതന്നെ ഇരിയ്ക്കുന്നു. എന്നാൽ വിലകൂടിയ സാധനങ്ങളുടെ ആവശ്യം എവിടെ? ആ പരിശുദ്ധയുടെ സാന്നിദ്ധ്യത്താൽ പരിപാവനമാക്കപ്പെട്ട ആ മുറിയിലോ!

ഭാരതമാതാവിന്റെ ആഹ്വാനം.

മീരാ സംസാരിച്ചു. "പത്തുവർഷങ്ങൾക്കു മുൻപു ഞാൻ ഗാന്ധിജിയുടെ ആശ്രമത്തിൽ ചേന്നു. ഈ കാലത്തിനുള്ളിൽ ഒരു പ്രാവശ്യമെങ്കിലും എന്റെ ആ പ്രവൃത്തിയെപ്പററി പശ്ചാത്താപപ്പെടുവാൻ എനിക്കിടയുണ്ടായിട്ടില്ല. ആശ്രമത്തിൽ പ്രവേശിച്ച നിമിഷംതന്നെ സ്വജനങ്ങളുടെ ഇടയിൽ സ്വഗൃഹത്തിൽ ഞാൻ വന്നുചേന്നു എന്നു ഒരു വിചാരം എന്നിൽ ഉദിച്ചു.

പുനർജന്മത്തിൽ വിശ്വാസമുണ്ടെങ്കിൽ എനിക്കുണ്ടായ ഈ ബോധം മനസ്സിലാക്കുവാൻ നിങ്ങൾക്കും സാധിക്കും. എനിക്കു ലഭിച്ചിരുന്നതു ഭാരതദേശത്തെ ആത്മാവായിരുന്നു. ഏതുവിധമോ ഞാൻ ഇവിടെ—പാശ്ചാത്യദേശത്തു്—ജന്മം എടുത്തു എന്നേയുള്ളു. മനുഷ്യായുസ്സിൽ ഉണ്ടാകാറുള്ള സംഭവങ്ങൾ മുൻപോട്ടേക്കു ശീഘ്രത്തിൽ ഗമിക്കുന്ന രീതിക്കു എന്റെ ആയുസ്സും ഞാൻ വിട്ടിരുന്നെങ്കിൽ, അടുത്ത ജന്മത്തിൽ ഞാൻ ഇന്ത്യയിൽ ജനിക്കുമായിരുന്നു. എന്നാൽ ഗാന്ധിജിയുടെ ആഴമേറിയ ആത്മീയശക്തികൊണ്ടു ഈ കാലതാമസത്തിനുള്ള ആവശ്യം എനിക്കുണ്ടായില്ല.

എന്റെ ജീവിതത്തിന്റെ ആദ്യഅദ്ധ്യായം ചുരുക്കത്തിൽ പറയട്ടെ. എന്റെപിതാവു മൂന്നുവർഷം ഇന്ത്യയിലെ ഒരു നാവികയുദ്യോഗസ്ഥനായി ജോലിനോക്കി. ആ കാലമെല്ലാം ഞാൻ അദ്ദേഹത്തോടുകൂടിഅവിടെ താമസിച്ചു. ഒരു ഉദ്യോഗസ്ഥന്റെ പുത്രി എന്ന നിലയ്ക്കുള്ള എന്റെ ജീവിതം എനിക്കു തൃപ്തികരമായി തോന്നിയില്ല. ഇടുങ്ങിയ രീതിയിലുള്ള ആ ജീവിതം എന്നെ അസ്വസ്ഥചിത്തയാക്കി. ഇന്ത്യാക്കാരുമായി എനിക്കു യാതൊരു പരിചയവും ആ കാലത്തുണ്ടായിരുന്നില്ല. ഇംഗ്ലണ്ടു വിട്ടപ്പോൾ എനിയ്ക്കു ഇന്ത്യയെപ്പററിയുണ്ടായിരുന്ന അറിവ് ഞാൻ മടങ്ങിചെന്നപ്പോഴും അതേപടിതന്നെ.

ഞാൻ ഇംഗ്ലണ്ടിൽ അധികം കഴിയുന്നതിനു മുൻപുതന്നെ മഹായുദ്ധം ആരംഭിച്ചു. ജീവിതത്തിലുള്ള വിരക്തി എന്നിൽ വദ്ധിച്ചു. പാശ്ചാത്യജീവിതരീതിയുടെ ഘനക്കുറവ് എന്റെ മനസ്സിൽ പതിയുവാൻതുടങ്ങി. തൃപ്തിയുണ്ടാകുവാൻ ഏതുവിധം സാധിക്കുമെന്നു മനസ്സിലാക്കുവാൻ എനിക്കു കഴിവില്ലാതെവന്നു. എന്റെ സാധുസഹോദരങ്ങളെ സഹായിക്കുന്ന എന്തെങ്കിലും ജോലി ചെയ്യുവാൻ ഞാൻ വാഞ്ഛിച്ചു. എന്നാൽ അന്യോന്യം ഹിംസിക്കുന്ന യുദ്ധം തെററ് എന്നുള്ള എന്റെ ആദർശം അനുസരിച്ചു യുദ്ധത്തിൽ സ്ത്രീകൾ സാധാരണ ചെയ്യാറുള്ള ജോലികളിൽ ഏപ്പെട്ടു് അതിൽ സഹായിക്കുന്നതിനു് എനിക്കു സാധിക്കാതെവന്നു.

ഗാന്ധിജിക്കു ലേഖനം.

ജീവിതത്തിൽ എനിക്കുണ്ടായ വിരക്തിനമിഷംപ്രതി വർദ്ധിച്ചുകൊണ്ടുതന്നെയി...

...ഷിയിലും വളരെ ഉത്സാഹമുള്ള ഇവക്കു പട്ടിണി എന്നൊരുകാര്യം അറിഞ്ഞുകൂടാ. യൂറോപ്യന്മാരെ അനുകരിക്കുന്നകാര്യത്തിൽ വളരെ ഉത്സാഹമുള്ളവരാണ്. അതുകൊണ്ടു വളരെ ചിലവുകാരായിത്തീരുന്നു. കാൽചട്ടയും, ബൂട്ട്സും, ഹാററും ഇല്ലാത്ത കുടകരെ കാണുവാൻ പ്രയാസം. സ്ത്രീകളുടെ വേഷത്തിൽ വ്യത്യാസങ്ങളൊന്നും വരുത്തിയിട്ടില്ലെങ്കിലും പട്ടും, നൂറും ഉറുപ്പികയുടെ കസവുചേലകൾ വാങ്ങി ധരിക്കുന്നവർ ധാരാളമുണ്ടു്. പുരുഷന്മാരിൽ അപൂവ്വം ചിലർ നല്ല ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരും യൂറോപ്പു മുതലായ പാശ്ചാത്യരാജ്യങ്ങളിൽപോയി താമസിച്ചിട്ടുള്ളവരുമാണു. കുടകരുടെ ഭാഷയ്ക്കു് മലയാളഭാഷയോടു വളരെ സാമ്യമുണ്ടു്. മലയാളം, തമിഴ്, കന്നടകം, തെലുങ്കു മുതലായ ഭാഷകൾ സമ്മിശ്രമായ ഒരു "അവ്യൽ"ഭാഷയാണെന്നു പറയാം. വായ മൊഴിയല്ലാതെ എഴുത്തില്ല. ചിലർ കുടകുഭാഷ കന്നടകലിപികളിൽ എഴുതാറുണ്ടു്. പുത്തരിഉത്സവം സംബന്ധിച്ചും "പുലിമംഗലംസംബന്ധിച്ചും പല പാട്ടുകളും കന്നടകഅക്ഷരത്തിൽ അച്ചടിച്ച പുസ്തകങ്ങളും ഇല്ലാതില്ല. കുടകുഭാഷ സംസാരിക്കുന്നതു കേട്ടാൽ മലയാളികളായ നമുക്കു ഒരുവിധം മനസ്സിലാകും. ഇങ്ങിനെ പല കാര്യങ്ങൾ എഴുതാനുണ്ടെങ്കിലും ലേഖനദൈർഘ്യംകൊണ്ടു ഇപ്പോൾ ഇത്രയുംമാത്രം.




ലെഫ്ടിനന്റ കേണൽ ഡി. എം ഫീൽഡിന്റെ രക്ഷാധികാരത്തിൽ തിരുവനന്തപുരം വൈ. എം. സി. എ. നടത്തിയ വിവിധവിനോദപ്രദർശനത്തിൽ 'ഫോഴ്സ്ഡ് മാരിയേജ്' എന്ന ഫ്റഞ്ചുനാടകം അഭിനയിച്ച വേഷക്കാർ.

Photo, E. Walsalam.



സിദ്ധാസനം.



പത്മമയൂരാസനം.

കാലധമ്മം പ്രാപിച്ച കൊല്ലം ജില്ലാക്കോടതിവക്കീൽ ബ്രഹ്മശ്രീ എൻ. സഹസ്രനാമയ്യരുടെ നാലാമത്തെ പുത്രനും ബ്രഹ്മശ്രീ 'ദേവജനാർദ്ദനഭാരതി' എന്ന നാമം സ്വീകരിച്ചു യോഗാഭ്യാസം നടത്തുന്നയാളുമാണു ചിത്രങ്ങളിൽ യോഗാസനങ്ങളിൽ ഇരിക്കുന്നതു്. ഇദ്ദേഹം ചെറുപ്പത്തിൽതന്നെ യോഗാഭ്യാസം ശീലിച്ചുതുടങ്ങിയതാണു്.

രുന്നു അങ്ങിനെയിരിക്കെ "റൊമെയിൻ റോളൻറ്"എന്ന ഫ്രഞ്ചുസാഹിത്യകാരൻെറ ഒരു പുസ്തകം വായിക്കുവാൻ എനിക്കിടയായി. വായിച്ചതിനുശേഷം അതിൻെറ കത്താവിനെ കാണുവാനും തിടുക്കമായി. ഞങ്ങൾ തമ്മിൽ കണ്ടുമുട്ടി. സംഭാഷണമദ്ധ്യേ ഗാന്ധിജി ക്രിസ്തുവിൻെറ രണ്ടാം അവതാരമാണെന്നു് അദ്ദേഹം എന്നെ ധരിപ്പിച്ചു. റോമെയിൻ എഴുതിയ ഗാന്ധിയുടെ ജീവചരിത്രത്തിൻെറ ഒരു പ്രതി എനിക്കുസമ്മാനിച്ചു അതു വായിക്കുവാൻ എന്നോടാവശ്യപ്പെട്ടു.

ഞാൻ വായിച്ചു. ജീവിതം അസഹ്യമായിത്തീരത്തക്കവണ്ണം എൻെറ മനസ്സിനെ ഉപദ്രവിച്ച പ്രശ്നങ്ങൾക്കു തക്ക സമാധാനങ്ങൾ ലഭിക്കുന്നതായി എനിക്കു തോന്നിത്തുടങ്ങി. സമാധാനത്തിനുള്ള വഴി എനിക്കു തുറന്നു കിട്ടിയതായി എനിക്കു ബോദ്ധ്യംവന്നു. ഗാന്ധിജിയോടുചേന്നു അദ്ദേഹത്തിൻെറ ശിഷ്യയാകുകയാണു് എൻെറ കടമ എന്നു ഞാൻ തീച്ചപ്പെടുത്തി. ആനന്ദാധിക്യം മൂലം ഉടൻ ഇൻഡ്യയിലേക്കു പോകുന്നതിനുള്ള ഒരുക്കങ്ങൾ—കപ്പലിൽ ററിക്കററുവാങ്ങുന്ന ഒരുക്കംകൂടി—ദ്രുതഗതിയിൽ ഞാൻ ചെയ്തുതുടങ്ങി. എന്നാൽ അടുത്തനിമിഷത്തിൽ അദ്ദേഹത്തെസമീപിക്കുന്നതിനു എനിക്കുള്ള അയോഗ്യതകൾ ഞാൻ സ്മരിച്ചു.

ഒരു വർഷം ഞാൻ നൂൽനൂൽക്കുന്നതിനും, വസ്ത്രം നെയ്യുന്നതിനും, ആശ്രമജീവിതവും സാധാരണഭക്ഷണസമ്പ്രദായവും പരിചയിക്കുന്നതിനുമായി ചിലവഴിച്ചു.

അതേസമയംതന്നെ എൻെറ കായ്യപരിപാടിയും ആശ്രമത്തിൽ ചേരുന്നതിനു ഞാൻ ചെയ്തുവരുന്ന ഒരുക്കങ്ങളും വിവരിച്ചു ഗാന്ധിജിക്കു ഒരു കത്തെഴുതി പരിശീലനം പൂത്തിയായി എന്നെനിക്കുതോന്നിയപ്പോൾ ആശ്രമവാസത്തിനായി അനുവാദം അഭ്യത്ഥിച്ചുകൊണ്ടു വീണ്ടും അദ്ദേഹത്തിനെഴുതി. അനുവാദം ലഭിക്കയുംചെയ്തു.

എൻെറ പുതി.

ഭാരതരാജ്യത്തിലേക്കുള്ള സ്വാഗതം എനിക്കാദ്യം അരുളിയതു് ഈയിടെ ജയിൽവാസം അവസാനിപ്പിച്ച ആ പ്രസിദ്ധ ഇൻഡ്യൻനേതാവു—വല്ലഭായിപട്ടേൽ ആണു്. അദ്ദേഹത്തെ പിന്നീടു കാണുന്ന അവസരങ്ങളിലെല്ലാം ആ ശുഭദിനം – 1925 അക്ടോബർ 25-ാംതീയതി— ഞാൻ ആനന്ദത്തോടുകൂടി സ്മരിക്കുക പതിവാണു്.

വല്ലഭായി എന്നെ ഗാന്ധിജിയുടെ അടുക്കലേക്കുകൊണ്ടുപോയി. "നീ എൻെറ പുത്രിയായിരിക്കും" എന്ന സ്നേഹമേറിയ വചനങ്ങളാൽ ആ ദിവ്യൻ എന്നെ സ്വീകരിച്ചു മിസ്സസ്സ് ഗാന്ധിയുമായി പരിചയപ്പെടുത്തുന്നതിനു അദ്ദേഹം എന്നെ പാചകമുറിയിലേക്കു കൂട്ടി കൊണ്ടുപോയി. ആ സ്ത്രീരത്നം ഭക്ഷണം പാകംചെയ്യുകയായിരുന്നു ആ ദിവസം മുതൽ അവർ എന്നെ പുത്രിയായും ഞാൻ അവരെ മാതാപിതാക്കന്മാരായും കരുതിപ്പോരുന്നു.

ആശ്രമത്തിൽ ഭക്ഷണം പാകംചെയ്തു എന്നുതുടങ്ങിയുള്ള എല്ലാജോലികളും ഞങ്ങൾ തന്നെയാണു ചെയ്തുപതിവു്. കൂടാതെ അടുത്തുള്ള ഗ്രാമങ്ങളിൽപോയി അവിടെയുള്ള സാധുക്കളെ അവരുടെ ജോലികളിൽ സഹായിക്കുകയുംചെയ്യും. നെയ്ത്തു്, കന്നുകാലിവളത്തൽ, ഹിന്ദി ഇവയെല്ലാം ഞാൻ ആശ്രമത്തിൽവച്ചു പഠിച്ചു.

മനോഹരമായ സബർമതിതീരത്തിൽ തന്നെയുള്ള ഒരു ചെറിയ മുറിയിലാണു് എൻെറ താമസം രാവിലെ മുതൽ വൈകുന്നതുവരെ ധാരാളം ജോലിയുള്ളതുകൊണ്ടും പരിസരസംഗതിയിൽ ശ്രദ്ധപതിക്കുന്നതുകൊണ്ടും സമയം കഴിഞ്ഞുപോകുന്നതു ഞാൻ അറിയാറില്ല. ആദ്യ വർഷം അവസാനിച്ചപ്പോൾ ബ്രഹ്മചര്യപ്രതിജ്ഞചെയ്യുന്നതിനു ഗാന്ധിജി എന്നെ അനുവദിച്ചു. ലൗകികസുഖത്തിനെപ്പററിയുള്ള വിചാരം ഞാൻ പാടേ ഉപേക്ഷിച്ചു. ഇതിനുശേഷം ശിരോമുണ്ഡനത്തിനു അദ്ദേഹം എന്നെ അനുവദിച്ചു. സ്വകരങ്ങൾകൊണ്ടു് ആ കൃത്യം അദ്ദേഹം നിവ്വഹിക്കുകയും ചെയ്തു.

ആശ്രമത്തിൽ രാവിലെ നാലുമണി മുതൽ രാത്രി ഒൻപതുമണിവരെ അവർ ഓരോ ജോലികൾ ചെയ്യുന്നു എന്നു് മീരാ എന്നോടുപറഞ്ഞു. അവർ അനുഭവിച്ച കാരാഗൃഹവാസത്തെപ്പററിഅന്വേഷിച്ചപ്പോൾ അവർ പുഞ്ചിരിതൂകി അതിൽ യാതൊരു ഖേദമോ, വൈരാഗ്യമോ ഇല്ലന്നു മറുപടിപറഞ്ഞു. ഗാന്ധിയെപിരിഞ്ഞു് ഇപ്പോൾ പോന്നതിനെപ്പററി മനുഷ്യർ പലവിധത്തിൽ പറയുന്നു എന്നു പറഞ്ഞപ്പോഴും അവർ അതേ പുഞ്ചിരിതന്നെ ആവത്തിച്ചു് ഇപ്രകാരം പറഞ്ഞു.

"ഇംഗ്ലണ്ടിൽ ഞാൻ ചിലതു ചെയ്യാനുണ്ടെന്നു് എനിക്കു ഒരു തോന്നൽ ഉണ്ടായി. അങ്ങിനെ ഒരു വിചാരം ഉണ്ടായതു് പെട്ടെന്നായിരുന്നുതാനും.

ഉടൻതന്നെ ഞാൻ ഗാന്ധിജിയുടെ അടുക്കൽ എത്തി കായ്യം പറഞ്ഞു. അദ്ദേഹം ശാന്തമായി എന്നെ നോക്കി "അങ്ങിനെ തോന്നുന്നെങ്കിൽ അങ്ങിനെതന്നെചെയ്ക" എന്നു മറുപടിയും പറഞ്ഞു.

"അങ്ങയുടെ അനുഗ്രഹം ഇല്ലാതെ ഞാൻ എങ്ങിനെ പോകും" എന്നു ഞാൻഉണത്തിയപ്പോൾ "കുട്ടി, അതു എന്നും നിനക്കുള്ളതുതന്നെ"എന്നു അദ്ദേഹം സമാധാനം പറഞ്ഞു. ഈ സംഭവംകഴിഞ്ഞു അഞ്ചാം ദിവസം ഞാൻ ഇംഗ്ലണ്ടിലേക്കു കപ്പൽകയറി.

സത്യപ്രചരണാത്ഥം, ഇംഗ്ലണ്ടു്, സ്കോട്ടുലണ്ടു്, വേൽസ് എന്നീഭാഗങ്ങളിൽ സഞ്ചരിക്കുവാൻ ഞാൻ ഭാവിക്കുകയാണു്. ഇൻഡ്യൻസ്ഥിതിഗതികളെപ്പററിയുള്ള യഥാത്ഥം അറിയുന്നതിനുള്ള ആഗ്രഹവും, ഇൻഡ്യയോടു സഹതാപവും ഞാൻ എല്ലായിടത്തും കാണുന്നുണ്ടു്. എന്നാൽ അതുകൊണ്ടു് മതിയായില്ല. പൂണ്ണസഹതാപപ്രകടനമാണു് ഇൻഡ്യ ഇന്നാവശ്യപ്പെടുന്നതു്. സത്യത്തെപ്പററിയുള്ള ശരിയായ ജ്ഞാനം ലഭിക്കുമ്പോൾ ഈ സഹതാപം ഉണ്ടാകുകയും, അതു് പൂണ്ണമായും പ്രത്യക്ഷമായും പ്രശോഭിക്കയും ചെയ്യും."

(Adapted)





വത്തമാനംതന്നെ വത്തമാനം.

സദാ ന്ദ്രയെന്ന രോഗത്തെപ്പോലെതന്നെ കഠിനമായ ഒരു അപൂവ്വരോഗമാണത്രെ സദാ ജല്പനം. ഡൊണാൾഡ്കാംപ്ബെൽ എന്ന പേരായ ഈ രോഗി ഇടവിടാതെയുള്ള വത്തമാനം തുടങ്ങി ൧൧ ദിവസം കഴിഞ്ഞശേഷ്ഷാറ എടുത്തിട്ടുള്ള ചിത്രമാണിതു്. ചികിത്സ നടത്തുന്ന വൈദ്യന്മാർ പറയുന്നതു രോഗിക്കു യാതൊരു 'ബുദ്ധിവികല്പ'വും ഇല്ലെന്നും രോഗം തലച്ചോറിന്റെ അടിവശത്തു നടക്കുന്ന ഏതോരോഗബീജാക്രമണങ്ങളുടെ ഫലമാണെന്നുമാണു്.

* * *

ഉറക്കത്തിനു രോഗങ്ങളെ നശിപ്പിക്കാൻ ശക്തിയുണ്ടു്. മാനസികരോഗങ്ങളെ ഭേദമാക്കാൻ ഉറക്കംമതിയെന്നു ഈയിടെ വെയിത്സിലെ കാർഡിഫ്പുടശാലയിൽ കണ്ടുപിടിച്ചിരിക്കുന്നു. ഭ്രാന്തന്മാക്കു ഉറക്കം വരികയില്ലെന്നുള്ളതു ആ രോഗത്തിന്റെ ഒരു അത്ഭുതമാണു്. ഉറക്കം ഉണ്ടാകാനുള്ള ഒരു ഔഷധം പ്രസ്തുത പുടശാലയിലെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു അതു കുത്തിവെച്ചാൽ പത്തുദിവസം ഉണരാതെ ഉറങ്ങാൻ സാധിക്കും ഇങ്ങനെ ഉറക്കി പല ഭ്രാന്തന്മാരെയും അവർ ഭേദപ്പെടുത്തിഅയച്ചിരിക്കുന്നു. എല്ലാ ഭ്രാന്തന്മാരും സുഖപ്പെടുന്നു എന്നു ഇതിനത്ഥമില്ല. വികാരക്ഷോഭംകൊണ്ടു രക്തത്തിനു മാററമുണ്ടാകുന്നു. അതിനാൽ രക്തത്തെ പരിശോധിച്ചാൽ മാനസികമായ രോഗമാണോ രോഗിക്കുള്ളതെന്നു അറിയാൻകഴിയുമെന്നും അവർ കണ്ടുപിടിച്ചിരിക്കുന്നു.

* * * *

ജപ്പാനിലുണ്ടായ ചക്രവാതത്താലുള്ളനാശങ്ങൾ താഴെക്കാണുംവിധമാണെന്നറിയുന്നു:—ഒസാക്കായിൽ 767 പേർ മരിക്കയും 3058 പേക്കു പരുക്കേൽക്കയും, 129 പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 3858 കെട്ടിടങ്ങൾ നശിക്കയും ചെയ്തു. കിയോട്ടോയിൽ 204 പേർ മരിക്കയും, 306 പേക്കു പരുക്കേൽക്കയും, 22 പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 1279 കെട്ടിടങ്ങൾ നശിക്കയും ചെയ്തു. ഹിയോഗോയിൽ 33 പേർ മരിച്ചു. അനേകംപേക്കു പരുക്കേററെങ്കിലും അവരുടെ ശരിയായ സംഖ്യ നിശ്ചയമില്ല 6 പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 1114 കെട്ടിടങ്ങൾ അവിടെ നശിച്ചിട്ടുണ്ടു്. മററു സ്ഥലങ്ങളിൽ 70 പേരോളം മരിക്കയും, 300 പേക്കു പരുക്കേൽക്കയും 7 പള്ളിക്കൂടങ്ങൾഉൾപ്പെടെ 1400 കെട്ടിടങ്ങൾ നശിക്കയുംചെയ്തിരിക്കുന്നു. * *

ലീഗിൽചേരാൻ അഫ്ഗാനിസ്ഥാൻ അനുവാദം ചോദിച്ചുകൊണ്ടു അപേക്ഷ അയച്ചിരിക്കുന്നു. ലീഗ്അസംബ്ളി അതേപ്പററി ആലോചിക്കുന്നതാണു്. ഇക്വഡോറും ലീഗിൽ ചേരാൻ വിചാരിക്കുന്നു.

* * * *

ചൈനീസ് കിഴക്കൻറയിൽവേയുടെ വിലയെപ്പററിയുള്ള തിരുമാനത്താൽ റഷ്യയും ജപ്പാനുംതമ്മിലുള്ള വഴക്കു തീന്നിരിക്കുന്നു. ഒരുകോടി സ്റ്റേർലിങ്ങിനു് ആ റയിൽവേ റഷ്യ മഞ്ചുക്കുവോയ്ക്കു വിൽക്കാൻ നിശ്ചയിച്ചിരിക്കുന്നു.

* * *

ലോകത്തിലെ ഏററവും വലിയ ലൈൻ കപ്പൽ ആയ 543-നെ ചക്രവത്തിനി നാമകരണംചെയ്തു വെള്ളത്തിൽ ഇറക്കുന്നതിനു മുമ്പായി ഈ കപ്പലിന്റെ പണിനടത്തിയവരെ ചക്രവത്തി സ്വീകരിക്കുന്നതും അവരോടു ഒരു പ്രസംഗം ചെയ്യുന്നതും ഈ പ്രസംഗം അമേരിക്കയിലേക്കും ഡൊമിനിയൻസിലേക്കും പ്രക്ഷേപണംചെയ്യുന്നതുമായിരിക്കും.

* * * *

ഇംഗ്ലണ്ടും ഇന്ത്യയുംതമ്മിൽ യോജിപ്പുണ്ടാകണമെങ്കിൽ രണ്ടുകൂട്ടരുടെയും ശരിയായ പ്രതിനിധികൾ ചേന്നു ശ്രമിക്കണമെന്നുള്ള ഒരു പ്രഖ്യാപനത്തിൽ അനേകം ബ്രിട്ടീഷ് സ്ത്രീപുരുഷന്മാർ ഒപ്പിടുന്നു. ഈ സ്ത്രീപുരുഷന്മാരെല്ലാം മീരാബെന്നിന്റെ പ്രസംഗങ്ങൾ കേട്ടവരാകുന്നു. പ്രഖ്യാപനത്തിന്റെ തലക്കെട്ടു് ഇങ്ങനെയാണു്:— "ഇന്ത്യൻജനങ്ങൾക്കും അവരുടെ നേതാവായ മഹാത്മാഗാന്ധിക്കും ബ്രിട്ടനിലെ സ്ത്രീപുരുഷന്മാരിൽനിന്നുള്ള ഒരുസന്ദേശം"

* * *


ഇറാക്കിലെ അസിറിയന്മാരെ ലോകത്തിന്റെ മറേറതെങ്കിലുംഭാഗത്തു കൊണ്ടുപോയി താമസിപ്പിക്കാൻ ലീഗ അഫ്നേഷൻസു 1933-ൽ നിശ്ചയിച്ചു. ആദ്യം ബ്രസീലിൽ താമസിപ്പിക്കാമെന്നാണു വിചാരിച്ചതു്. പിന്നീടു ബ്രിട്ടിഷ് ഗയാനാ മുതലായ പലസ്ഥലങ്ങളും നിർദ്ദേശിക്കപ്പെട്ടു. ഒന്നും ഇതുവരെ തീർച്ചപ്പെട്ടിട്ടില്ല ഇതിനുള്ള ലീഗിന്റെ ചിലവിൽ, ഒരുപങ്കു ബ്രിട്ടൻ വഹിക്കാമെന്നു പറയുന്നു.

* * *




പഞ്ചൻലാമാ.

ടിബ്ററിലെ പരമാചാര്യനായ ഇദ്ദേഹം പീക്കിംഗിലെ ചുംഗ്ഹായ് കൊട്ടാരത്തിൽ പട്ടാംബരങ്ങൾ ധരിച്ചു സിംഹാസനസ്ഥനായിരിക്കുന്നു.



സിദ്ധാസനം.



പത്മമയൂരാസനം.

കാലധർമ്മം പ്രാപിച്ച കൊല്ലം ജില്ലാക്കോടതിവക്കീൽ ബ്രഹ്മശ്രീ എൻ. സഹസ്രനാമയ്യരുടെ നാലാമത്തെ പുത്രനും ബ്രഹ്മശ്രീ 'മേവജനാർദ്ദനഭാരതി' എന്ന നാമം സ്വീകരിച്ച യോഗാഭ്യാസം നടത്തുന്നയാളുമാണു ചിത്രങ്ങളിൽ യോഗാസനങ്ങളിൽ ഇരിക്കുന്നതു്. ഇദ്ദേഹം ചെറുപ്പത്തിൽതന്നെ യോഗാഭ്യാസം ശീലിച്ചുതുടങ്ങിയതാണു്.

രുന്നു അങ്ങിനെയിരിക്കെ "റൊമെയിൻ റോളൻറ്"എന്ന ഫ്രഞ്ചുസാഹിത്യകാരൻെറ ഒരു പുസ്തകം വായിക്കുവാൻ എനിക്കിടയായി. വായിച്ചതിന്നുശേഷം അതിൻെറ കർത്താവിനെ കാണുവാനും തിട്ടക്കമായി. ഞങ്ങൾ തമ്മിൽ കണ്ടുമുട്ടി. സംഭാഷണമദ്ധ്യേ ഗാന്ധിജി ക്രിസ്തുവിൻെറ രണ്ടാംഅവതാരമാണെന്നു് അദ്ദേഹം എന്നെ ധരിപ്പിച്ചു. റോമെയിൻ എഴുതിയ ഗാന്ധിയുടെ ജീവചരിത്രത്തിൻെറ ഒരു പ്രതി എനിക്കുസമ്മാനിച്ചു അതു വായിക്കുവാൻ എന്നോടാവശ്യപ്പെട്ടു.

ഞാൻ വായിച്ചു. ജീവിതം അസഹ്യമായിത്തീരത്തക്കവണ്ണം എൻെറ മനസ്സിനെ ഉപദ്രവിച്ച പ്രശ്നങ്ങൾക്കു തക്ക സമാധാനങ്ങൾ ലഭിക്കുന്നതായി എനിക്കു തോന്നിത്തുടങ്ങി. സമാധാനത്തിനുള്ള വഴി എനിക്കു തുറന്നു കിട്ടിയതായി എനിക്കു ബോദ്ധ്യംവന്നു. ഗാന്ധിജിയോടുചേന്നു അദ്ദേഹത്തിൻെറ ശിഷ്യയാകുകയാണു് എൻെറ കടമ എന്നു ഞാൻ തീർച്ചപ്പെടുത്തി. ആനന്ദാധിക്യം മൂലം ഉടൻ ഇൻഡ്യയിലേക്കു പോകുന്നതിനുള്ള ഒരുക്കങ്ങൾ—കപ്പലിൽ റിക്കറ്റുവാങ്ങുന്ന ഒരുക്കംക്രടി—ദ്രുതഗതിയിൽ ഞാൻ ചെയ്തുതുടങ്ങി. എന്നാൽ അടുത്തനിമിഷത്തിൽ അദ്ദേഹത്തെസമീപിക്കുന്നതിനു എനിക്കുള്ള അയോഗ്യതകൾ ഞാൻ സ്മരിച്ചു.

ഒരു വർഷം ഞാൻ നൂൽനൂൽക്കുന്നതിനും, വസ്ത്രം നെയ്യുന്നതിനും, ആശ്രമജീവിതവും അവിടത്തെ ഭക്ഷണസമ്പ്രദായവും പരിചയിക്കുന്നതിനുമായി ചിലവഴിച്ചു.

അതേസമയംതന്നെ എൻെറ കാൎയ്യപരിപാടിയും ആശ്രമത്തിൽ ചേരുന്നതിനു ഞാൻ ചെയ്തുവരുന്ന ഒരുക്കങ്ങളും വിവരിച്ചു ഗാന്ധിജിക്കു ഒരു കത്തെഴുതി പരിശീലനം പൂർത്തിയായി എന്നെനിക്കുതോന്നിയപ്പോൾ ആശ്രമവാസത്തിനായി അനുവാദം അഭ്യർത്ഥിച്ചുകൊണ്ടു വീണ്ടും അദ്ദേഹത്തിനെഴുതി. അനുവാദം ലഭിക്കയുംചെയ്തു.

എൻെറ പുത്രി.

ഭാരതരാജ്യത്തിലേക്കുള്ള സ്വാഗതം എനിക്കാദ്യം അരുളിയതു് ഈയിടെ ജയിൽവാസം അവസാനിപ്പിച്ച ആ പ്രസിദ്ധ ഇൻഡ്യൻനേതാവു—വല്ലഭായിപട്ടേൽ ആണു്. അദ്ദേഹത്തെ പിന്നീടു കാണുന്ന അവസരങ്ങളിലെല്ലാം ആ ശുഭദിനം – 1925 അക്ടോബർ 25-ാംതിയതി— ഞാൻ ആനന്ദത്തോടുക്രടി സ്മരിക്കുക പതിവാണു്.

വല്ലഭായി എന്നെ ഗാന്ധിജിയുടെ അടുക്കലേക്കുകൊണ്ടുപോയി. "നീ എൻെറ പുത്രിയായിരിക്കും" എന്ന സ്നേഹമേറിയ വചനങ്ങളാൽ ആ ദിവ്യൻ എന്നെ സ്വീകരിച്ചു മിസ്സസ്സ് ഗാന്ധിയുമായി പരിചയപ്പെടുത്തുന്നതിനു അദ്ദേഹം എന്നെ പാചകമുറിയിലേക്കു ക്രട്ടി ക്കൊണ്ടുപോയി. ആ സ്ത്രീരത്നം ഭക്ഷണം പാകംചെയ്യുകയായിരുന്നു ആ ദിവസം മുതൽ അവർ എന്നെ പുത്രിയായും ഞാൻ അവരെ മാതാപിതാക്കന്മാരായും കരുതിപ്പോരുന്നു.

ആശ്രമത്തിൽ ഭക്ഷണം പാകംചെയ്യു എന്നുതുടങ്ങിയുള്ള എല്ലാജോലികളും ഞങ്ങൾ തന്നെയാണു ചെയ്യുപതിവു്. ക്രടാതെ അടുത്തുള്ള ഗ്രാമങ്ങളിൽപോയി അവിടെയുള്ള സാധുക്കളെ അവരുടെ ജോലികളിൽ സഹായിക്കുകയുംചെയ്യും. നെയ്ത്തു്, കന്നുകാലിവളർത്തൽ, ഹിന്ദി ഇവയെല്ലാം ഞാൻ ആശ്രമത്തിൽവച്ചു പഠിച്ചു.

മനോഹരമായ സബർമതീതീരത്തിൽ തന്നെയുള്ള ഒരു ചെറിയ മുറിയിലാണു് എൻെറ താമസം രാവിലെ മുതൽ വൈകുന്നതുവരെ ധാരാളം ജോലിയുള്ളതുകൊണ്ടും പരിസരസംഗതിയിൽ ശ്രദ്ധപതിക്കുന്നതുകൊണ്ടും സമയം കഴിഞ്ഞുപോകുന്നതു ഞാൻ അറിയാറില്ല. ആദ്യ വർഷം അവസാനിച്ചപ്പോൾ ബ്രഹ്മചൎയ്യപ്രതിജ്ഞചെയ്യുന്നതിനു ഗാന്ധിജി എന്നെ അനുവദിച്ചു. ലൗകികസമ്പത്തിനെപ്പററിയുള്ള വിചാരം ഞാൻ പാടേ ഉപേക്ഷിച്ചു. ഇതിനുശേഷം ശിരോമുണ്ഡനത്തിനു അദ്ദേഹം എന്നെ അനുവദിച്ചു. സ്വകരങ്ങൾകൊണ്ടു് ആ കൃത്യം അദ്ദേഹം നിർവഹിക്കുകയും ചെയ്തു.

ആശ്രമത്തിൽ രാവിലെ നാലുമണി മുതൽ രാത്രി ഒൻപതുമണിവരെ അവർ ഓരോ ജോലികൾ ചെയ്യുന്നു എന്നു് മീരാ എന്നോടുപറഞ്ഞു. അവർ അനുഭവിച്ച കാരാഗൃഹവാസത്തെപ്പററിഅന്വേഷിച്ചപ്പോൾ അവർ പുഞ്ചിരിതൂകി അതിൽ യാതൊരു ഖേദമോ, വൈരാഗ്യമോ ഇല്ലെന്നു മറുപടിപറഞ്ഞു. ഗാന്ധിയെപിരിഞ്ഞു് ഇപ്പോൾ പോന്നതിനെപ്പററി മനുഷ്യർ പലവിധത്തിൽ പറയുന്നു എന്നു പറഞ്ഞപ്പോഴും അവർ അതേ പുഞ്ചിരിതന്നെ ആവർത്തിച്ചു് ഇപ്രകാരം പറഞ്ഞു.

"ഇംഗ്ലണ്ടിൽ ഞാൻ ചിലതു ചെയ്യാനുണ്ടെന്നു് എനിക്കു ഒരു തോന്നൽ ഉണ്ടായി. അങ്ങിനെ ഒരു വിചാരം ഉണ്ടായതു് പെട്ടെന്നായിരുന്നുതാനും.

ഉടൻതന്നെ ഞാൻ ഗാന്ധിജിയുടെ അടുക്കൽ എത്തി കാൎയ്യം പറഞ്ഞു. അദ്ദേഹം ശാന്തമായി എന്നെ നോക്കി "അങ്ങിനെ തോന്നുന്നെങ്കിൽ അങ്ങിനെതന്നെചെയ്ക" എന്നു മറുപടിയും പറഞ്ഞു.

"അങ്ങയുടെ അനുഗ്രഹം ഇല്ലാതെ ഞാൻ എങ്ങിനെ പോകും" എന്നു ഞാൻഉണർത്തിയപ്പോൾ "കുട്ടി, അതു എന്നും നിനക്കുള്ളതുതന്നെ"എന്നു അദ്ദേഹം സമാധാനം പറഞ്ഞു. ഈ സംഭവംകഴിഞ്ഞു അഞ്ചാം ദിവസം ഞാൻ ഇംഗ്ലണ്ടിലേക്കു കപ്പൽകയറി.

സത്യപ്രചരണാൎത്ഥം, ഇംഗ്ലണ്ടു്, സ്കോട്ടലണ്ടു്, വേൽസ് എന്നീഭാഗങ്ങളിൽ സഞ്ചരിക്കുവാൻ ഞാൻ ഭാവിക്കുകയാണു്. ഇൻഡ്യൻസ്ഥിതിഗതികളെപ്പററിയുള്ള യഥാൎത്ഥം അറിയുന്നതിനുള്ള ആഗ്രഹവും, ഇൻഡ്യയോടു സഹതാപവും ഞാൻ എല്ലായിടത്തും കാണുന്നുണ്ടു്. എന്നാൽ അതുകൊണ്ടു് മതിയായില്ല. പൂൎണ്ണസഹതാപപ്രകടനമാണു് ഇൻഡ്യ ഇന്നാവശ്യപ്പെടുന്നതു്. സത്യത്തെപ്പററിയുള്ള ശരിയായ ജ്ഞാനം ലഭിക്കുമ്പോൾ ഈ സഹതാപം ഉണ്ടാകുകയും, അതു് പൂൎണ്ണമായും പ്രത്യക്ഷമായും പ്രശോഭിക്കയും ചെയ്യും."

(Adapted)





വത്തമാനംതന്നെ വത്തമാനം.

സദാ ന്ദ്രയെന്ന രോഗത്തെപ്പോലെതന്നെ കഠിനമായ ഒരു അപൂവ്വരോഗമാണത്രെ സദാ ജല്പനം. ഡൊണാൾഡ്കാംപ്ബെൽ എന്നു പേരായ ഈ രോഗി ഇടവിടാതെയുള്ള വത്തമാനം തുടങ്ങി ൧൧ ദിവസം കഴിഞ്ഞപ്പോൾ എടുത്തിട്ടുള്ള ചിത്രമാണിതു്. ചികിത്സ നടത്തുന്ന വൈദ്യന്മാർ പറയുന്നതു രോഗിക്കു യാതൊരു 'ബുദ്ധിവികല്പ'വും ഇല്ലെന്നും രോഗം തലച്ചോറിന്റെ അടിവശത്തു നടക്കുന്ന ഏതോരോഗബീജാക്രമണങ്ങളുടെ ഫലമാണെന്നുമാണു്.

* * *

ലീഗിൽചേരാൻ അഫ്ഗാനിസ്ഥാൻ അനുവാദം ചോദിച്ചുകൊണ്ടു അപേക്ഷ അയച്ചിരിക്കുന്നു. ലീഗ്അസംബ്ളി അതേപ്പററി ആലോചിക്കുന്നതാണു്. ഇക്വഡോറും ലീഗിൽ ചേരാൻ വിചാരിക്കുന്നു.

* * * *

ചൈനീസ് കിഴക്കൻറയിൽവേയുടെ വിലയെപ്പററിയുള്ള തിരുമാനത്താൽ റഷ്യയും ജപ്പാനുംതമ്മിലുള്ള വഴക്കു തീന്നിരിക്കുന്നു. ഒരുകോടി സ്റ്റേർലിങ്ങിനു് ആ റയിൽവേ റഷ്യ മഞ്ചുക്കവോയ്ക്കു വിൽക്കാൻ നിശ്ചയിച്ചിരിക്കുന്നു.

* * *

ലോകത്തിലെ ഏററവും വലിയ ലൈൻ കപ്പൽ ആയ 543-നെ ചക്രവത്തിനി നാമകരണംചെയ്തു വെള്ളത്തിൽ ഇറക്കുന്നതിനു മുമ്പായി ഈ കപ്പലിന്റെ പണിനടത്തിയവരെ ചക്രവത്തി സ്വീകരിക്കുന്നതും അവരോടു ഒരു പ്രസംഗം ചെയ്യുന്നതും ഈ പ്രസംഗം അമേരിക്കയിലേക്കും ഡൊമിനിയൻസിലേക്കും പ്രക്ഷേപണംചെയ്യുന്നതുമായിരിക്കും.

* * * *

ഇംഗ്ലണ്ടും ഇന്ത്യയുംതമ്മിൽ യോജിപ്പുണ്ടാകണമെങ്കിൽ രണ്ടുകൂട്ടരുടെയും ശരിയായ പ്രതിനിധികൾ ചേന്നു ശ്രമിക്കണമെന്നുള്ള ഒരു പ്രഖ്യാപനത്തിൽ അനേകം ബ്രിട്ടീഷ് സ്ത്രീപുരുഷന്മാർ ഒപ്പിടുന്നു. ഈ സ്ത്രീപുരുഷന്മാരെല്ലാം മീരാബെന്നിന്റെ പ്രസംഗങ്ങൾ കേട്ടവരാകുന്നു. പ്രഖ്യാപനത്തിന്റെ തലക്കെട്ടു് ഇങ്ങനെയാണു്:— "ഇന്ത്യൻജനങ്ങൾക്കും അവരുടെ നേതാവായ മഹാത്മാഗാന്ധിക്കും ബ്രിട്ടനിലെ സ്ത്രീപുരുഷന്മാരിൽനിന്നുള്ള ഒരുസന്ദേശം"

* * *

ഇറാക്കിലെ അസിറിയന്മാരെ ലോകത്തിന്റെ മറേറതെങ്കിലുംഭാഗത്തു കൊണ്ടുപോയി താമസിപ്പിക്കാൻ ലീഗ അഫ്നേഷൻസു 1933-ൽ നിശ്ചയിച്ചു. ആദ്യം ബ്രസീലിൽ താമസിപ്പിക്കാമെന്നാണു വിചാരിച്ചതു്. പിന്നീടു ബ്രിട്ടിഷ് ഗയാനാ മുതലായ പലസ്ഥലങ്ങളും നിർദ്ദേശിക്കപ്പെട്ടു. ഒന്നും ഇതുവരെ തീർച്ചപ്പെട്ടിട്ടില്ല ഇതിനുള്ള ലീഗിന്റെ ചിലവിൽ, ഒരുപങ്കു ബ്രിട്ടൻ വഹിക്കാമെന്നു പറയുന്നു.

* * *



പഞ്ചൻലാമാ.

ടിബററിലെ പരമാചാൎയ്യനായ ഇദ്ദേഹം പീക്കിംഗിലെ ചുംഗ്ഹായ് കൊട്ടാരത്തിൽ പട്ടാംബരങ്ങൾ ധരിച്ച സിംഹാസനസ്ഥനായിരിക്കുന്നു.


* * *

ഉറക്കത്തിനു രോഗങ്ങളെ നശിപ്പിക്കാൻ ശക്തിയുണ്ടു്. മാനസികരോഗങ്ങളെ ഭേദമാക്കാൻ ഉറക്കംമതിയെന്നു ഈയിടെ വെയിത്സിലെ കാർഡിഫ്പുടശാലയിൽ കണ്ടുപിടച്ചിരിക്കുന്നു. ഭ്രാന്തന്മാക്കു ഉറക്കം വരികയില്ലെന്നുള്ളതു ആ രോഗത്തിന്റെ ഒരു അത്ഭുതമാണു്. ഉറക്കം ഉണ്ടാകാനുള്ള ഒരു ഔഷധം പ്രസ്തുത പുടശാലയിലെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു അതു കുത്തിവെച്ചാൽ പത്തുദിവസം ഉണരാതെ ഉറങ്ങാൻ സാധിക്കും ഇങ്ങനെ ഉറക്കി പല ഭ്രാന്തന്മാരെയും അവർ ഭേദപ്പെടുത്തിഅയച്ചിരിക്കുന്നു. എല്ലാ ഭ്രാന്തന്മാരും സുഖപ്പെടുന്നു എന്നു ഇതിനത്ഥമില്ല. വികാരക്ഷോഭംകൊണ്ടു രക്തത്തിനു മാററമുണ്ടാകുന്നു. അതിനാൽ രക്തത്തെ പരിശോധിച്ചാൽ മാനസികമായ രോഗമാണോ രോഗികളുള്ളതെന്നു അറിയാൻകഴിയുമെന്നും അവർ കണ്ടുപിടിച്ചിരിക്കുന്നു.

* * * *

ജപ്പാനിലുണ്ടായ ചക്രവാതത്താലുള്ളനാശങ്ങൾ താഴെക്കാണുംവിധമാണെന്നറിയുന്നു:—ഒസാക്കായിൽ 767 പേർ മരിക്കയും 3058 പേക്കു പരുക്കേൽക്കയും, 129 പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 3858 കെട്ടിടങ്ങൾ നശിക്കയും ചെയ്തു. കിയോട്ടോയിൽ 204 പേർ മരിക്കയും, 306 പേക്കു പരുക്കേൽക്കയും, 22 പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 1279 കെട്ടിടങ്ങൾ നശിക്കയും ചെയ്തു. ഹിയോഗോയിൽ 33 പേർ മരിച്ചു. അനേകംപേക്കു പരുക്കേറെറങ്കിലും അവരുടെ ശരിയായ സംഖ്യ നിശ്ചയമില്ല 6 പള്ളിക്കൂടങ്ങൾ ഉൾപ്പെടെ 1114 കെട്ടിടങ്ങൾ അവിടെ നശിച്ചിട്ടുണ്ടു്. മററു സ്ഥലങ്ങളിൽ 70 പേരോളം മരിക്കയും, 300 പേക്കു പരുക്കേൽക്കയും 7 പള്ളിക്കൂടങ്ങൾഉൾപ്പെടെ 1400 കെട്ടടങ്ങൾ നശിക്കയുംചെയ്തിരിക്കുന്നു.

* *



മെരീനാരാജകുമാരിയും ജാർജ്ജ്‌രാജകുമാരനും.

ഗ്രീസിലെ പ്രിൻസ് നിക്കൊളാസിന്റെ തൃതീയപുത്രിയായ മെരീനാരാജകുമാരിയും ഇംഗ്ല ണ്ടിലെ ജോർജ്ജ്‌രാജകുമാരനും തമ്മിൽ നടക്കുവാൻപോകുന്ന വിവാഹത്തിനു് ഔദ്യോഗികപ്രഖ്യാപനം ഉണ്ടായിരിക്കുന്നു. ഏതാനും നാൾമുമ്പു രാജകുമാരി ഉദ്യോഗസന്ദർശനാർത്ഥം ഇംഗ്ലണ്ടിലെത്തി താമസിച്ചുവരികയാണു്.

*　　*　　*

ജാർജ്ജുരാജകുമാരനും മേറിനാരാജകുമാരിയും തമ്മിലുള്ള വിവാഹം നവംബർ 29-ാം തീയതി വെസ്റ്റ്മിനിസ്റ്റർആബിയിൽവച്ചു നടത്താനാണു തീർച്ചപ്പെടുത്തിയിരിക്കുന്നതു്. വിവാഹദിവസം നീട്ടുന്നതിൽ കുമാരനും കുമാരിക്കും അത്ര സന്തോഷമില്ലാത്തതുകൊണ്ടും മേമാസത്തിൽ ചക്രവത്തിതിരുമനസ്സിലെ രജതജൂബിലി ആഘോഷം വരുന്നതുകൊണ്ടുമാണു ഗ്ലൂസ്റ്റർപ്രഭുവിന്റെ അസാന്നിദ്ധ്യത്തെ വകവെക്കാതെ വിവാഹം ഇത്ര നേരത്തെ നടത്താൻ തീർച്ചയാക്കിയതു്.

*　　*

"ലാമാർട്ടിൻ" എന്ന ഒരു ഫ്രഞ്ചുപത്രവുമായി നടത്തിയ കൂടിക്കാഴ്ചയിൽ ന്യൂറംബർഗിൽവച്ചു ഹിററ്ലർ പറഞ്ഞതു തന്റെ വിജയത്തിനു കാരണം തന്റെ പ്രസംഗങ്ങളാണെന്നാണു്. "പൊതുയോഗത്തിൽ പ്രസംഗിക്കേണ്ടതെങ്ങനെയെന്നു അറിഞ്ഞിരിക്കണം. ആരോടാണു ഞാൻപ്രസംഗിക്കുന്നതെന്നു എനിക്കറിയാം. സാധാരണ ജനങ്ങളോടു വലിയ ബുദ്ധി പ്രകടിപ്പിച്ചു പ്രസംഗിക്കുന്നതാണു് അബദ്ധം. സാധാരണക്കാരോടും, വ്യുല്പന്നമതികളോടും പ്രസംഗിക്കാൻ ഒരു യഥാർത്ഥവാഗ്മിക്കറിയാമായിരിക്കും."

*　　*　　*

ഇരുന്നൂററവപത്തൊന്നു ഖനിവേലക്കാർ മരിച്ചുകിടക്കുന്ന റെക്സാമിലെ ഖനി മൂടിയിരിക്കുന്നു. ലണ്ടനിലെ ലാർഡ്മേയർ ആരംഭിച്ചിരിക്കുന്ന ദുരിതനിവാരണഫണ്ടിൽ ചക്രവത്തിതിരുമനസ്സുകൊണ്ടു 200 പവനും ചക്രവത്തിനി 50 പവനും ജാർജ്ജുരാജകുമാരനും മേറിനാരാജകുമാരിയുംകൂടി 25 പവനും സംഭാവനചെയ്തിരിക്കുന്നു. ബാങ്കുകൾ, വ്യാപാരക്കമ്പെനികൾ, ഉദാരമതികളായ വ്യക്തികൾ എന്നിങ്ങനെ പല വഴികളിൽനിന്നായി വലിയ തുകകൾ സംഭാവനയായി ലഭിച്ചുവരുന്നു റെക്സാമിലെ ലോക്കൽഫണ്ടിൽതന്നെ അയ്യായിരം പവനിൽ കൂടുതൽ പിരിഞ്ഞുകിട്ടിയിരിക്കുന്നു.

*　　*　　*

ആസ്ത്രേലിയായിലെ മെൽബോൺ ശതവത്സരാഘോഷത്തിൽ പങ്കുകൊള്ളുന്നതിനായി അങ്ങോട്ടു പോകുന്നവർ കൊളമ്പിലെത്തിയിരിക്കുന്നു. പ്രശസ്തരായ ഇംഗ്ലീഷുകാരുടെ കൂട്ടത്തിൽ പ്രധാന മന്ത്രിയുടെ പുത്രനായ മി. മാൽക്കം മാക്ക്ഡൊണാൾഡ് അദ്ദേഹത്തിന്റെ സഹോദരി മിസ് ഷെയിലാ മാക്ക്ഡൊണാൾഡ് മി. ജാൺമേസ് ഫീൽഡ്, സർ നെവിൽവിൽക്കിൻസൺ മുതലായ അനേകം പേർ ഉൾപ്പെടുന്നു. മി. മാൽക്കം മാക്ക്ഡൊണാൾഡ് എമ്പയർപാർലമെൻററിഅസോസ്യേഷൻെറസിക്രട്ടറിയാണു്.

*　　*　　*

ഗ്രെസ്ഫോർഡിലെ കൽക്കരിഖനിയിൽ അതിഭയങ്കരമായ ഒരു പൊട്ടലും, അതിനെ തുടൎന്നു വമ്പിച്ച തീപിടുത്തവും ഉണ്ടായതിന്റെ ഫലമായി 100-പേരോളം മരിച്ചുപോയിരിക്കുന്നു. മുന്നൂറുനാന്നൂറു പേർ ഖനിയിൽവേലചെയ്യുന്നുണ്ടായിരുന്നു. മുന്നൂറോളംപേർ പൊട്ടലുണ്ടായ സ്ഥലത്തല്ല വേലചെയ്തിരുന്നതു്. അരമൈൽ താഴ്ചയിലാണു ഖനിവേലക്കാർ വേലചെയ്തുകൊണ്ടിരുന്നതെന്നു കാണുന്നു. പെട്ടെന്നു ഒരു മിന്നൽ ഉണ്ടായി. ഉടൻ രണ്ടുമൈലോളം ദൂരത്തിൽ അഗ്നിജ്വാലകൾ ബാധിച്ചു. വേലക്കാരെ രക്ഷിക്കുവാൻ ശ്രമിക്കുന്നവൎക്കു വലിയ അപകടങ്ങൾ നേരിടേണ്ടിയിരുന്നു. എന്തെന്നാൽ ഖനിയുടെ ഉള്ളിൽ പലസ്ഥലത്തും മുകൾഭാഗം ഇടിഞ്ഞുവീണുകൊണ്ടിരുന്നു. മുകളിൽനിന്നു വളരെ മണ്ണും കല്ലും അടിയിൽ ഇറങ്ങിക്കൊട്ടുകുന്നുണ്ടായിരുന്നു. ഇതുകൊണ്ടാണു തീകെടുത്തേണ്ടിയിരുന്നതു്. രക്ഷിക്കാൻ ഇറങ്ങിയവരിൽ രണ്ടുപേരുടെ ശവശരീരം മുകളിൽ കൊണ്ടുവരാൻ ഇടയായി. അനേകം ഡാക്കടറന്മാരും നഴ്സുകളും അടിയിൽ ഇറങ്ങിച്ചെന്നു ശുശ്രൂഷിക്കാൻ തയ്യാറായി. റെക്സാമിലെ ഫുട്ബാൾകളി കണ്ടുകൊണ്ടുനിന്നുപോയ പല കൽക്കരിഖനിവേലക്കാരും ഭാഗ്യവശാൽ രക്ഷപ്പെട്ടു. ആ കളി മാററിവ

ക്കണമെന്നു ആദ്യം ആലോചിച്ചതാണു്-എങ്കിലും സിക്രട്ടറിയുടെ നിർബന്ധത്താൽ കളിനടന്നു. അതുകൊണ്ടു കുറേ വേലക്കാരെങ്കിലും അതു കാണാനായി അവിടെ നിന്നു.

*　　*　　*

ഹിന്ദുവിന്റെ ലേഖകൻ ഇങ്ങനെ എഴുതുന്നു:—മി. ആർതർഡേവിസ് ഒരു പത്രത്തിൽ മഹാത്മജിയേയും ഹിററ്ലറേയും തമ്മിൽ താരതമ്യപ്പെടുത്തുന്നു. മി. ഗാന്ധി അക്രമരാഹിത്യത്തിന്റെ സന്ദേശവാഹകനാണു്. അദ്ദേഹം ദുർഘടസന്ദർഭങ്ങളെ ഉപവാസം കൊണ്ടാണു് തരണം ചെയ്യുന്നതു്. എന്നാൽ ഹിററ്ലർ ഉടനടിതന്നെ ശക്തി പ്രയോഗിക്കാൻ നോക്കുകയേയുള്ളു. ഇങ്ങനെ ചില പ്രത്യക്ഷവ്യത്യാസങ്ങൾ ഉണ്ടെന്നിരുന്നാലും അവർതമ്മിൽ സാരമായ രണ്ടു് സാമ്യങ്ങളും ഉണ്ടു്. ഒന്നാമതു അവർരണ്ടുപേരും യാതൊരു സംശയവുംകൂടാതെ സ്വന്തം വിവേചനശക്തിയെപ്പററി പൂൎണ്ണമായ ആത്മ വിശ്വാസത്തോടുകൂടിയാണു് എപ്പോഴും സംസാരിക്കുന്നതു. തന്നെപ്പററിത്തന്നെ മന്ദഹസിക്കാനുള്ള നിർമ്മത്സരബുദ്ധി അഥവാ, ഫലിതബോധം അവരിൽ ആൎക്കെങ്കിലും ഉണ്ടോ എന്നു സംശയിക്കുന്നു. മി. ഗാന്ധിക്കു് അദ്ദേഹത്തിന്റെ ആന്തരികമായ വെളിച്ചമുണ്ടു് അതിനെ അദ്ദേഹം പൂൎണ്ണമായി വിശ്വസിക്കുന്നു. എന്നാൽ ഹിററ്ലറിനു് ജർമ്മൻസ്വഭാവത്തെപ്പററി എങ്ങനെയോ ഒരു ബോധം ഉണ്ടായിട്ടുണ്ടു്. അതനുസരിച്ചു മാത്രമേ അദ്ദേഹം പ്രവൎത്തിക്കയുള്ളു. രണ്ടുപേരെയും മനുഷ്യാതീതരായ വീരന്മാരായിട്ടാണു് അവരുടെ രാജ്യക്കാർ പരിഗണിക്കുന്നതു്. ഈ പരിഗണനം ആരാധനയായിട്ടാണു പരിണമിച്ചിരിക്കുന്നതു്. ജർമ്മനി യുദ്ധത്തിൽതോററു. പക്ഷേ, തോററ ഒരു കക്ഷിയായി ജർമ്മനിയെ മേലാൽ ഗണിക്കാൻ സാധിക്കയില്ലെന്നു ധൈര്യമായി പറയാൻ ഇതാ ഒരാളുണ്ടായിരിക്കുന്നു ഇന്ത്യാക്കാർ എത്രയോ നാളായി പാശ്ചാത്യരുടെ ഭൗതികമായ അടിമത്വത്തിൽ കഴിഞ്ഞുകൂടുന്നെങ്കിലും, മി. ഗാന്ധി ഇതാ ആ അടിമത്വത്തെ നിഷേധിക്കയും, ഇന്ത്യയുടെ പരമ്പരാഗതമായ ആത്മീയമഹത്വം ബ്രിട്ടന്റേതിനേക്കാൾ എത്രയോ ഉൽക്കൃഷ്ടമാണെന്നു പറയുകയും ചെയ്യുന്നു.

മലയാളരാജ്യം

1110 കന്നി 15-ാംനു- തിങ്കളാഴ്ച.

തഞ്ചാവൂർഡിസ്ട്രിക്ടിലെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ ഒരു സമ്മേളനത്തിൽ അദ്ധ്യക്ഷസ്ഥാനത്തുനിന്ന് മി. കെ. ഭാഷ്യംചെയ്ത ഒരു പ്രസംഗം ഗവർമ്മെൻറിൻെറയും അഭ്യസ്തവിദ്യരുടെയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒന്നാകുന്നു. ദിവസംപ്രതിയെന്നോണം വളർന്നുവരുന്ന തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ എണ്ണം സമുദായത്തിനും രാജ്യത്തിനും ഒരു വലിയ വിപത്തായിട്ടാണ് തീർന്നുകൊണ്ടിരിക്കുന്നത്. ദോഷഭൂയിഷ്ഠമായ ഈ പരിതഃസ്ഥിതികൾക്കു ഒരു പരിവർത്തനം വരുത്തുന്നതിനു സംഘടിതമായ ഒരു ശ്രമം ആരംഭിക്കാൻ ഗവർമ്മെണ്ടിനെക്കൊണ്ടല്ലാതെ സാധിക്കയില്ലല്ലൊ. അത്തരം ഒരു ശ്രമത്തിൻെറ ആവശ്യകത ഗവർമ്മെൻറു മനസ്സിലാക്കുന്നില്ലെങ്കിൽ അതു മനസ്സിലാകുംവരെ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കേണ്ടതു് അഭ്യസ്തവിദ്യരുടെ കർത്തവ്യമാണെന്നത്രെ മി. ഭാഷ്യം ഉപദേശിക്കുന്നതു്. അഭ്യസ്തവിദ്യരുടെയിടയിൽനിന്ന് തൊഴിലില്ലായ്മയെ ഉച്ചാടനംചെയ്യുന്നതിനുപകരിക്കുന്ന രണ്ടുപായങ്ങൾ ഗവർമ്മെൻറിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനു അഭ്യസ്തവിദ്യർ സംഘടിതമായി പ്രക്ഷോഭണം നടത്തണമെന്നാദ്ദേഹം പറയുന്നു. ഗവർമ്മെൻറു സർവീസിനെപ്പററി അദ്ദേഹംചെയ്യുന്ന നിർദ്ദേശം ശ്രദ്ധാർഹമാകുന്നു. അൻപതുവയസ്സോ ഇരുപത്തിരണ്ടുവർഷംസർവീസ്സോ പൂർത്തിയായാൽ ഉദ്യോഗത്തിലിരിക്കുന്നവരെ പിരിച്ചുവിടണം. പണമോ സ്വത്തോ ധാരാളമുള്ള യുവാക്കന്മാരെ ഗവർമ്മെൻറുസർവീസുകളിൽ പ്രവേശിപ്പിക്കാതെ അവരെ ആദായകരമായ മററു തൊഴിലുകളിലേക്കു തിരിച്ചുവിടുക. ഈ നിർദ്ദേശം അംഗീകൃതമാകുന്നപക്ഷം അഭ്യസ്തവിദ്യരിൽ ഏതാണ്ടൊരുവിഭാഗത്തെ തൊഴിലില്ലായ്മയിൽനിന്നു രക്ഷിക്കാൻ കഴിയാതിരിക്കയില്ല. മി- ഭാഷ്യം നിർദ്ദേശിക്കുന്ന രണ്ടാമത്തെമാർഗ്ഗം ജനക്ഷേമകാംക്ഷയുള്ള ഏതു ഗവർമ്മെണ്ടും സ്വീകരിച്ച് ആത്മാർത്ഥതയോടെ നടപ്പിൽവരുത്തേണ്ട ഒന്നാകുന്നു. രാജ്യത്തുനിന്നു നിരക്ഷരത്വത്തെ ഉച്ചാടനംചെയ്കയും ഗ്രാമീണപ്രദേശങ്ങളിൽ വൈദ്യസഹായംചെയ്കയും ചെയ്യുന്നതിനു സർവഥാ യോഗ്യരായ അഭ്യസ്തവിദ്യരെ അതിനായി വനിയോഗിക്കണമെന്നുള്ളതാണ് ഈ നിർദ്ദേശം. ശരിയായ അക്ഷരജ്ഞാനമോ അറിവോ കാര്യവിവരമോ ഇല്ലാത്തവരാണല്ലോ പട്ടണങ്ങൾ ഒഴിച്ചുള്ളഭാഗങ്ങളിൽ അധികമുള്ളതു്. അത്തരം പ്രദേശങ്ങളിൽ കുട്ടികളെയും പ്രായമായവരെയും വെവ്വേറെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള സ്ഥാപനങ്ങളേർപ്പെടുത്തി, തൊഴിലില്ലാത്ത അഭ്യസ്തവിദ്യരിൽനിന്നു ചെറുപ്പക്കാരും സ്വഭാവശുദ്ധിയുള്ളവരും സേവനസന്നദ്ധരുമായവരെ തിരഞ്ഞെടുത്തു ഈ സ്ഥാപനങ്ങളിലേക്കു നിയോഗിക്കേണ്ടതത്യാവശ്യമാകുന്നു. വിദ്യാഭ്യാസമില്ലാതെ ബഹുലക്ഷം ജനങ്ങളുണ്ടായിരിക്കയും വിദ്യാഭ്യാസം നൽകാൻ സർവഥാ യോഗ്യരായ അഭ്യസ്തവിദ്യർ തൊഴിലില്ലാതെ എന്തുചെയ്യേണ്ടു എന്നറിയാതെ, നട്ടംതിരിയുകയുംചെയ്യുമ്പോൾ വിദ്യാഭ്യാസപരമായി, തൊഴിലില്ലാത്ത അഭ്യസ്തവിദ്യരിൽ ലീനമായിക്കിടക്കുന്ന കഴിവുകളെ പ്രയോജനപ്പെടുത്തേണ്ടതിൻെറ അത്യന്താവശ്യകത എടുത്തുപറയേണ്ടതില്ലല്ലൊ. അതുപോലെതന്നെ ഗ്രാമീണജനങ്ങൾക്കു വൈദ്യസഹായം ചെയ്യുന്നതിനും ആരോഗ്യം, ശുചിത്വം, സന്മാർഗ്ഗം എന്നിവയുടെ തത്വങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതിനും അഭ്യസ്തവിദ്യരിൽനിന്നു നല്ല പ്രവർത്തകന്മാരെ ശേഖരിക്കാവുന്നതാണു. യഥാർത്ഥത്തിൽ രാഷ്ട്രസൃഷ്ടിപരമായ ഇത്തരം പ്രവർത്തനങ്ങൾക്കു സന്നദ്ധതയും ഉത്സാഹവുമുള്ള, തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെ തെരഞ്ഞെടുത്തു ഒരു പ്രാരംഭപരിശീലനം നൽകി അവരെ ജനസാമാന്യത്തിൻെറ ഇടയിലേക്കു നിയോഗിക്കുന്നപക്ഷം അതിൻെറ ഫലം കാലതാമസംകൂടാതെ അനുഭവയോഗ്യമായി തീരാതിരിക്കയില്ല

* * *

ബ്രിട്ടൻ സ്വർണ്ണമാനദണ്ഡം ഉപേക്ഷിച്ചതിനുശേഷം ഇതിനകമായി ഇരുന്നൂറുകോടിരൂപാ വിലവരുന്ന സ്വർണ്ണം ഇന്ത്യയിൽനിന്നും യൂറോപ്പിലേക്കും അമേരിക്കയിലേക്കും കയററിഅയച്ചിരിക്കുന്നു. എന്നാൽ ഇക്കഴിഞ്ഞ ഏതാനുംമാസമായി ഈ സ്വർണ്ണം ഏററുമതി തീരെ നിന്നുപോയിരുന്നു. സ്വർണ്ണമാനദണ്ഡം ഉപേക്ഷിച്ചതോടുകൂടി സ്വർണ്ണത്തിനു പെട്ടെന്നുണ്ടായ വിലക്കൂടുതൽനിമിത്തം സ്വർണ്ണവില്പന ആദായകരമെന്നു ജനങ്ങൾ കണ്ടതുകൊണ്ടാണല്ലോ ഇത്രവളരെ സ്വർണ്ണം ഇക്കഴിഞ്ഞ ഏകദേശം മൂന്നുവർഷംകൊണ്ടു ഇന്ത്യയിൽനിന്നു ഏററുമതി ചെയ്യുവാൻ കഴിഞ്ഞതു്. എന്നാൽ സ്വർണ്ണത്തിൻെറ വില അടുത്തകാലത്തെങ്ങും കുറയുന്ന ലക്ഷണമില്ലെന്നു ജനസാമാന്യത്തിനു ക്രമേണ മനസ്സിലായിത്തുടങ്ങിയതുകൊണ്ടും, സ്വർണ്ണവില അടുത്തഭാവിയിൽ വർദ്ധിച്ചേക്കാനിടയുള്ളതിനാൽ കൂടുതൽ ആദായമുണ്ടാക്കാമെന്നു കരുതി ബംബയിലുംമററുമുള്ള സ്വർണ്ണക്കച്ചവ്യാപാരികൾ സ്വർണ്ണം പുറത്തുവിടാതെ അമുക്കിവെച്ചിരിക്കുന്നതുകൊണ്ടും ആകുന്നു ഇക്കഴിഞ്ഞ ഏതാനും ആഴ്ചകളായി സ്വർണ്ണം ഏററുമതി തീരെ നിന്നുപോയിരിക്കുന്നതു്. ബാംബയിലെ മാർക്കററിൽസ്വർണ്ണത്തിൻെറ കമ്പോളവില ഏററുമതിവിലയെക്കാൾ കവിഞ്ഞുതുടങ്ങിയിരിക്കുന്നു. ഇന്ത്യാക്കാരുടെ കൈവശമുണ്ടായിരുന്ന സ്വർണ്ണത്തിൽ ഏറിയപങ്കും വിദേശങ്ങളിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇനിയും സ്വർണ്ണം ഇരിപ്പില്ലാതില്ല. സ്വർണ്ണത്തിൻെറ വില അടുത്തകാലത്തെങ്ങും കുറയുകയില്ലെന്നുമാത്രമല്ല, കൂടിയേക്കാൻ വളരെ എളുപ്പമുള്ളതുകൊണ്ടും പിന്നെയെങ്കിലും കൈവശമുള്ള സ്വർണ്ണം കൈവെടിയാതിരിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമെന്നു ജനങ്ങൾ ധരിച്ചിരിക്കുന്നതു് നല്ലതാണ്.

* * *

കൊച്ചിനിയമസഭയുടെ തിരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറായിരുന്ന ഡാക്ടർ എ ജി. മേനോൻ ഈമാസം8-ാംനു- പരലോകംപ്രാപിച്ചിരിക്കുന്നു. 1874-ൽ ചിററൂരുള്ള സമ്പന്നവും മാന്യവുംആയ ഒരു കുടുംബത്തിൽ ജാതനായി കോഴിക്കോട്ടു ഗവർമ്മെൻറുസ്ക്കൂളിലും മദ്രാസിലെ പച്ചയ്യപ്പാസ്കാളെജിലും വിദ്യാഭ്യാസംചെയ്തു് മെഡിക്കൽകാളെജിൽനിന്നു ബിരുദംനേടി 1897-ൽ അദ്ദേഹം പാലക്കാട്ട് പ്രാക്ടീസ്സുതുടങ്ങി. സ്വന്തപരിശ്രമഫലമായി 1092-ൽ സ്ഥാപിതമായ ഒററപ്പാലംഹൈസ്ക്കൂളിൻെറ മാനേജർ, പാലക്കാട്ടുമുൻസിപ്പാലിററിയിലെ തിരഞ്ഞെടുക്കപ്പെട്ടമെമ്പർ, തിരഞ്ഞെടുക്കപ്പെട്ട ചെയർമാൻ, തത്തമംഗലം നിയോജകമണ്ഡലത്തിൽനിന്നും ചിററൂർ മുൻസിപ്പാലിററിയിൽനിന്നും നിയമസഭാപ്രതിനിധി എന്നീ നിലകളിൽ ദീർഘകാലത്തെ സ്തുത്യർഹമായ പൊതുക്കാര്യജീവിതത്തിനുശേഷം ഇന്ത്യൻനാട്ടുരാജ്യനിയമസഭകളിലെ ഒന്നാമത്തെ തിരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറായിരിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. പ്രോഗ്രസ്സീവുകക്ഷിയുടെ നേതാവും കൗൺസിലിൻെറ അവകാശാധികാരത്തിനുവേണ്ടി നിരന്തരമായി പോരാടിക്കൊണ്ടിരുന്ന ദേഹവും ആയ പരേതൻെറ വേർപാടു കൊച്ചിക്കും കൊച്ചിനിയമസഭയ്ക്കും കേരളത്തിനുതന്നെയും ഒരു തീരാനഷ്ടമാകുന്നു. അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തിലഭിക്കട്ടെ.

* * *

ബാംബേ, കൽക്കത്താ, ന്യൂയാർക്ക്, ജോഹാനസ്ബർഗ്, സിഡ്നി എന്നീസ്ഥലങ്ങളിൽ ബ്രാഞ്ചുകളുള്ള ഒരു വലിയ കമ്പനിക്കാർ ഈയിടെ ലണ്ടനെ പ്രധാനകേന്ദ്രമാക്കിക്കൊണ്ടു റേഡിയോ ടെലഫോൺവഴി ഒരു കാൺഫറൻസ് നടത്തിനോക്കിയിരിക്കുന്നു- ലണ്ടൻ അഞ്ചുമിനിററു സംസാരിക്കുമ്പോൾ ഓരോ ബ്രാഞ്ചാഫീസും ഓരോമിനിട്ടുവീതം സംസാരിക്കയും ഇതെല്ലാം ഒന്നിനുപുറമെ ഒന്നായി ഉച്ചത്തുവണിയിൽകൂടെ കേൾക്കയും ചെയ്യത്തക്കവണ്ണം ആയിരുന്നു ഏർപ്പാടുചെയ്തിരുന്നതു്. അല്പം ചില തടസ്സങ്ങളുണ്ടായെങ്കിലും ഈ പരീക്ഷണം വളരെ വിജയപ്രദമായിരുന്നതായിട്ടാണറിയുന്നതു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു നിരവധിപണവും സമയവും ചെലവാക്കി പ്രതിനിധികൾ ഏതെങ്കിലും സങ്കേതങ്ങളിൽകൂടിയാണല്ലൊ ഇന്നു സാർവ്വരാഷ്ട്രികസമ്മേളനങ്ങൾ നടത്തുന്നതു്. ഇനിമേൽ പ്രതിനിധികൾക്കുപണമോ സമയമോ ചെലവാക്കി സഞ്ചരിക്കാതെ അവരവരുടെ ചാരുകസേരയിലിരുന്നുകൊണ്ടു ഒരു നിശ്ചിതസ്ഥലം കേന്ദ്രമാക്കി കാൺഫറൻസുകൾ നടത്താമെന്നു ഈ പരിക്ഷണം തെളിയിച്ചിരിക്കുന്നു ശാസ്ത്രം സർവ്വോൽക്കർഷേണ വിജയിക്കട്ടെ.



ബ്രിട്ടീഷു പ്രധാനമന്ത്രിയും പുത്രിയും കാനഡായിൽ.

വിശ്രമാർത്ഥം കാനഡായിൽ താമസിക്കുന്ന ബ്രിട്ടീഷുപ്രധാനമന്ത്രി മി: റാംസെ മാക്ഡൊനാൾഡും പുത്രിയും നോവാസ്കോഷ്യായിൽ ഡിഗ്ബിയിലെ വസതിയിൽ വച്ചു് എടുപ്പിച്ച ഒരു ചിത്രമാണിതു്. ആസ്ട്രിയായിലെ സംഭവങ്ങൾക്കു യൂറോപ്യൻരാഷ്ട്രീയകാര്യങ്ങളിലുണ്ടാകാവുന്ന ഗൗരവാവഹഫലങ്ങളോർത്തു മി: മാക്ഡൊനാൾഡു് അപ്പോൾ ഉൽകണ്ഠിതനാണെങ്കിലും പുറമേ പ്രശാന്തനായിട്ടാണു ചിത്രത്തിൽ കാണപ്പെടുന്നതു്.

U. P. S.

നടുക്കു് : മുകളിൽ—ജർമ്മനിയിലെ മ്യൂസിക് ഫെസ്ററിവൽ എന്നറിയപ്പെടുന്ന സംഗീതവിനോദഘോഷത്തിന്റെ ഉൽഘാടനം കാണ്മാൻ വന്നെത്തിയ ഹിററ്ലർ നാസിസല്യൂട്ടു നടത്തുന്നു.

U. P. S.



ഹെർ ഹിററ്ലറിൻ



ഡാക്ടർ കർട്ട്




...റ സംഗീതപ്രണയം.



കാരാഗൃഹത്തിൽനിന്നു വിവാഹവേദിയിൽ.

മാതാവിനെ രക്ഷിപ്പാനായി മാതാവിൻെറ ദ്വിതീയവല്ലഭനെ വധിച്ചു എന്ന കുററം ആരോപിച്ചു ഫ്രാൻസിലെ സുറെസ്നെസ് ജയിലിൽഅടയ്ക്കപ്പെട്ട സൊലാഞ്ജ് മാർചെ എന്ന യുവതിക്കു അധികൃതന്മാർ ഒരു തല്ക്കാലമോചനം നൽകി. ബോൺസ് എന്നു പേരായ തൻെറ പ്രതിശ്രുതകാന്തനുമായുള്ള വിവാഹം നടത്തിക്കൊൾവാനായിട്ടായിരുന്നു ഈ മോചനം. സുറെസ്നെസ് ടൗൺഹാളിൽവച്ചു വിവാഹച്ചടങ്ങുകൾ പൂർത്തിയാക്കി വധൂവരന്മാർ മടങ്ങുന്നതാണു് ചിത്രം. വധുവിനെ കേസ്സുവിചാരണയ്ക്കായി വീണ്ടും കാരാഗൃഹത്തിലാക്കുകയാണു ചെയ്തതു്.

U. P. S.



വാൺഷുസ്നിഗ്.

നടുക്കു്; താഴെ — വധിക്കപ്പെട്ട ആസ്ത്രിയൻചാൻസലർ ഡോൾഫസ്സിനു പ്കരം പ്രസിഡൻറു മിക്ലാസിനാൽ ഏതാനുംമണിക്കൂറുകൾക്കുള്ളിൽ നിയമിതനായ ചാൻസലർ. പുതിയ ഉദ്യോഗം കയ്യേററ ഉടൻ തന്നെ എടുത്ത ചിത്രമാണിതു്.

U. P. S.

ഉപാധി.

കുന്നുകുഴി വി. നാരായണപിള്ള.

കമനീയകാന്തികടഞ്ഞെടുത്ത
നിരുപമപീയൂഷമാധുരിയേ!
ഹൃദയത്തിൻപിന്നിലൊളിച്ചുനിന്നെൻ-
കവനമൂതിക്കുംചെറുചിരിയേ!
അകവുംപുറവുംനിറഞ്ഞുയരും
പ്രണയജലത്തിന്നലയടിയേ!
ഒരുദിനംനിൻെറയടിമലരിൽ
പതറിഞാൻവീണുകിടന്നരുളാം;
ഇളകിടാതായാലോ നാവതുനാം;
പറയേണ്ടതിപ്പോൾ പറഞ്ഞിടട്ടെ.

*　　　*　　　*

ഒരുസുമംമെല്ലെ വിരിഞ്ഞിടുമ്പോൾ
മറുവശമൊന്നു കൊഴിഞ്ഞുവീഴും;
അനുരാഗംനിന്നിൽ തളിരിടുമ്പോൾ
മമജീവൻവീഴും കരിയിലയായ്;
പ്രകൃതിയെക്കണ്ടു പഠിച്ചിവണ്ണം
വികൃതിയായ്ത്തീർന്നല്ലോ തങ്കമേനീ!

ചെറുപല്ലുകേണു കുഴങ്ങിയാലെ
പുലരിയെ രുചിച്ചാടുകയുള്ളൂ;
നയനനീരേറെഞാൻ തൂവിയാലെ
മൃദുവായിട്ടൊന്നു ചിരിച്ചിടുന്നീ;
പ്രകൃതിയെക്കണ്ടു പകർത്തുകയാൽ
വികൃതിയായ്ത്തീർന്നിയെൻെറതങ്കം!

നിശയിലവനി മുഴുകിയാലെ
കുളുർമതിക്കിറിൻമുഖംതെളിയൂ;
ഇരുളിലെൻമാനസം മൂടിയാലെ
തെളിയുകയുള്ളൂനിൻ പ്രേമദീപം.

കരിമുകിലിൻെറയടുത്തുവേണം
മഴവില്ലിൻകാന്തിനികന്നുപൊങ്ങാൻ;
കദനത്തിന്നൊത്തനടുക്കവേണം
അനുരാഗമാധ്യംപ്രഭവിതറാൻ;

അവനി തുളച്ചുതുളച്ചുവേണം
ചെറുമരമൊന്നുപൊടിച്ചുയരാൻ;
ഹൃദയംതകർന്നുപൊടിഞ്ഞുവേണം
പ്രണയബീജത്തിനൊരാലവാലം.

അലകടലിന്നുപരിധിനൽകാൻ
തനുവാംമണൽത്തരിത്തിട്ടപോരും;
പ്രണയപ്രവാഹംതടഞ്ഞുനിർത്താൻ
ഒരുകടക്കണ്ണിൻചുവപ്പുമായി.

കരിമേഘംതന്നെനിൻപൂംകുഴലെൻ
നിഹതമാമാശയിൽത്തീർന്നിൽക്കെ;
മൃദുഹാസംചന്ദ്രികയായിടാമെൻ
മരണത്തിൻശൈത്യംകലരുമെങ്കിൽ.


ഇതുവിധമാകുവാനെന്തുതാൻഞാൻ
ഒരുപിഴചെയ്തതെന്നോതുമോനീ?
അരുതരുതല്ലെങ്കിൽ,നിൻസ്വരംകേ-
ട്ടുണരാമിനിയുമെൻക്ഷീണജീവൻ.

നിറമതി നിന്നുതുടുക്കുകയും
ദിനപതിവീണു പൊലിയുകയും
ഒരുമിച്ചുകാട്ടിടുമൂഴിയല്ലീ
പ്രണയത്തിൻപിൻതുണയെങ്ങുനിൽപൂ.

*　　　*　　　*

കിളിപോയകൂടായ്ഞാനിന്നിമേലിൽ
ഗളിതമാക്കില്ലൊരുപാട്ടുപോലും;
കരിയിലതെല്ലൊന്നനങ്ങിടുമ്പോൾ
ഉളവാകും മർമ്മരമാണിതെല്ലാം.

വിഷയവിവരം.




ഭാരതം.

ആര്യസമാജക്കാർ തന്റെരാജ്യത്തു കടന്നുപോകരുതെന്നുള്ള ഒരുത്തരവിനെപ്പററി നൈസാമിന്റെ ഗവർമ്മെൻറിൽനിന്നു ലഭിച്ച മറുപടിയെ പററിയുള്ള അസംതൃപ്തിനിമിത്തം താമസിയാതെ നൈസാമിന്റെ രാജ്യത്തു സത്യഗ്രഹം ആരംഭിക്കുന്നതിനു ആര്യസമാജക്കാർ നിശ്ചയിച്ചിരിക്കുന്നത്രെ.

* * *

ശംഗമ്പക്കംഎന്ന സ്ഥലത്തു് ദ്രൗപതിഅമ്മൻ ആഘോഷത്തിനിടയ്ക്കു തീയിൽക്കൂടി നടന്നു പൊള്ളലേററ ആറുപേരിൽ ഒരു പിതാവും പതിമൂന്നു വയസ്സുള്ള പുത്രനും ആശുപത്രിയിൽകിടന്നു മരിച്ചുപോയിരിക്കുന്നു. ബാക്കിയുള്ളവർ സുഖം പ്രാപിച്ചുവരുന്നു.

* * *



ഗു ാംഹുസേയിൻ (ഇടതുവശം), അബ്ദുൽറഹ്മാൻ (വലതുവശം)

ഏതാനുംനാൾമുമ്പു അനേകായിരം ജനങ്ങൾ കാൺകെ തൂക്കിക്കൊല്ലപ്പെട്ട ഇവർ സുക്കൂർജയിലിൽനിന്നു വധസ്ഥലമായ ലക്കാനാഡിസ്ട്രിക്ടിലെ ഷാഡാഡ്കാട്ടിലേക്കു നയിക്കപ്പെടുന്നു.

* * *

കാപ്പൂർത്തലസംസ്ഥാനത്തിൽ ഒരു പട്ടണത്തിൽ മൂക്കൻപാമ്പിനെ പിടിക്കാനുള്ള ശ്രമത്തിൽ ആറുപേർ മരിക്കയും ഒരുവന്റെ കണ്ണു പൊട്ടുകയും ചെയ്തിരിക്കുന്നത്രെ. ഏതാനും വേലക്കാർ കാടുതെളിക്കുമ്പോൾ ഒരു മൂക്കൻപാമ്പു പ്രത്യക്ഷപ്പെടുകയും അടുത്തുള്ള ഒരു കുററിക്കാട്ടിൽ കേറിമറകയും ചെയ്തു. പാമ്പിനെ പുറത്തുവരുത്തുവാനായി വേലക്കാർ ആ കുററിക്കാട്ടിനുതീ കൊളുത്തി. എന്നാൽ തീയിൽനിന്നും പുറപ്പെട്ട വിഷംകലൎന്ന പുക ശ്വസിച്ചു ആറുപേർമരിക്കയും ഒരുവന്റെ കണ്ണുപൊട്ടുകയുംചെയ്തു.

* * *

മി. ഗിരിധമലാൽ അഗർവാലാ കഴിഞ്ഞ ചൊവ്വാഴ്ച ഗൗണില്ലാതെ കോടതിയിൽ ഒരു സാധാരണപൗരന്റെനിലയിൽഹാജരായി ജസ്ററിസ് കിഷിന്റെമുമ്പിൽ ഒരു ഹർജി സമർപ്പിച്ചിരിക്കുന്നു. ക്രിമിനൽനടപടിനിയമം ൪൯൧-ാം വകുപ്പനുസരിച്ചു് ഉടനടി പണ്ഡിതജവഹരിലാൽനെഹ്രുവിനെ മോചിപ്പിക്കണമെന്നാണു് അദ്ദേഹത്തിന്റെ വാദം. ഒരിക്കൽ വിട്ടതൽചെയ്തശേഷം പണ്ഡിതജവഹരിലാലിനെ വീണ്ടും ജയിലിലാക്കാൻ ചട്ടമില്ലെന്നും ഒരു പുതിയ വിചാരണക്കൂടാതെ അദ്ദേഹത്തെ വീണ്ടും അറസ്ററുചെയ്യാവുന്നതല്ലെന്നും അദ്ദേഹം പറയുന്നു. പണ്ഡിതജിയെ ഉടനടി മോചിപ്പിക്കണമെന്നു ഹർജിയിൽ പ്രാർത്ഥിക്കയും അദ്ദേഹത്തിന്റെ പത്നിയുടെ കഠിനമായ രോഗത്തെ പരിഗണിച്ചു് ഹർജിയെപ്പററി തീരുമാനിക്കുംവരെയെങ്കിലും അദ്ദേഹത്തെ സ്വതന്ത്രനാക്കണമെന്നു് അപേക്ഷിക്കയും ചെയ്തിട്ടുണ്ടു്. സർക്കാർആഡ്വൊക്കേററിന്റെ സാന്നിദ്ധ്യത്തിൽ ഇതേപ്പററി ആലോചിക്കുന്നതാണെന്നു് ജഡ്ജി മറുപടിപറഞ്ഞു.

* * *

പണ്ഡിതജവഹരിലാലിനെ മോചിപ്പിക്കണമെന്നുള്ള മി. ഗിരിധരലാൽ അഗർവാലായുടെ അപേക്ഷ ജസ്ററിസ് കിഷ് തള്ളിയിരിക്കുന്നു. കരുണകാണിക്കുന്നതു് ഗവൺമെൻറിന്റെ വിശിഷ്ടാധികാരവുമായി ഇടപെടുകയായിരിക്കുമെന്നു അദ്ദേഹം വിചാരിക്കുന്നു

* * *

യു. പി. ഗവർമ്മെൻറിന്റെ ആജ്ഞാനുസരണം ലക്നൗവിലെ സിവിൽസർജിയൻ അലഹബാദിൽഎത്തി മിസിസ് കമലാനെഹ്രുവിനെ പരിശോധിച്ചു റിപ്പോർട്ടുചെയ്തു ശ്രീമതി കമലാനെഹ്രുവിന്റെ രോഗം വർദ്ധിക്കുകയാണു ചെയ്യുന്നതെങ്കിൽ ദിവസവും ആതുരയായതന്റെ പത്നിയുടെ സവിധത്തിൽ കഴിച്ചുകൂട്ടുന്നതിനു പണ്ഡിതജിക്കു സ്വതന്ത്രമായ ഏതാനും മണിക്കൂറുകൾ അനുവദിക്കേണ്ടതാണെന്നു യു. പി ഗവർമ്മെൻറു ആലോചിക്കയും ഈ നിർദ്ദേശം അധികൃതന്മാരുടെ സമ്മതത്തിനായി സിംലായിലേക്കു അയക്കുകയും ചെയ്തിട്ടുണ്ടത്രെ.

* * *

കോർട്ടലക്ഷ്യത്തിനു ലീഡർപത്രത്തിന്റെപേരിൽ നടത്തിവരുന്നകേസിന്റെ ഹീയറിങ്ങ്സമയത്തു് കോടതിമുറി ജനനിബിഡമായിരുന്നു മി. ചിന്താമണിയും മി. കൃഷ്ണരാമനും രണ്ടുദിവസവും ഹാജരുണ്ടായിരുന്നു. ഈ കേസ്സ് വിചാരണചെയ്യാൻ കോടതിക്കു അധികാരമുണ്ടെന്നും വിചാരണയിലിരിക്കുന്ന ലേഖനഭാഗം ജഡ്ജിമാരെ ആക്ഷേപിക്കുന്ന ഒന്നാണെന്നല്ലാതെ വിചാരിക്കാൻ കഴിയുന്നതല്ലെന്നും അതു പരിഹാസപൂർവകമാണെന്നും ഗവർമ്മെൻറു അഡ്വൊക്കേററു വാദിച്ചു. പ്രതികളുടെ മൊഴിയിൽ പശ്ചാത്താപപരമായി ഒരു വാക്കുപോലും ഇല്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. കോടതിയെ അവമാനിക്കണമെന്നുദ്ദേശിച്ചിരുന്നില്ലെന്നുള്ള തന്റെ കക്ഷിയുടെ പ്രസ്താവന കോടതിയുടെ സൽപേരിനെ സാധൂകരിക്കുന്നുണ്ടെന്നു സർ തേജ്ബഹദൂർ വാദിച്ചു. വിധിപറയാൻ മാററിവെച്ചിരിക്കുന്നു.

* * *



മദ്രാസ്പ്രസിഡൻസിയിലെ വെല്ലൂർ വനിതാജയിലിൽനിന്നു ശ്രീമതി കമലാദേവി ചതോപാദ്ധ്യായയെ കാലാവധി തീരുംമുമ്പു മോചിപ്പിച്ചിരിക്കുന്നു. അനാരോഗ്യമാണു ഇതിനു കാരണമെന്നറിയുന്നു.

* * *

കൽക്കത്തയിൽ നാനാഭാഗങ്ങളിൽ ഒരേസമയം നടത്തിയ ആക്രമണങ്ങളുടെ ഫലമായി സിററിപോലീസ് സ്പെഷ്യൽബ്രാഞ്ച് രാഷ്ട്രീയപ്രവർത്തനംസംബന്ധിച്ച പതിനൊന്നു ബംഗാളിയുവാക്കന്മാരെ അറസ്ററുചെയ്യുകയും ഒട്ടുവളരെ സാഹിത്യങ്ങൾ കണ്ടെടുക്കയും ചെയ്തിരിക്കുന്നു. അറസ്ററുചെയ്യപ്പെട്ടവരിൽ പലരും നഗരത്തിലെ വിവിധവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാകുന്നു. ചിററഗാങ്ങ്കാരനും കോണ്ടായി എന്നപട്ടണത്തിൽ താമസക്കാരനുമായ ഒരുവന്റെ വീടു് പരിശോധിക്കയും അയാളുടെ ഭാര്യയെ മഡ്നപ്പൂരിലേക്കു കൊണ്ടുപോകയും ചെയ്തിരിക്കുന്നത്രെ.

* * *

"ഒരു റെയിൽവേസ്റേറഷനിൽ ഇസ്ലാം കാപ്പി, ഹിന്ദുകാപ്പി എന്നിങ്ങനെയുള്ള വിളികൾകേട്ടപ്പോൾ എന്റെ ഹൃദയം നൊന്തു" എന്നിങ്ങനെ അകോലായിൽനടന്ന ഒരു വമ്പിച്ച പൊതുയോഗത്തിൽ ശ്രീ. അബ്ദുൽജാഫർഖാൻ പ്രസംഗിച്ചിരിക്കുന്നു. ഇങ്ങനെ ഒരു വിവേചനം ലോകത്തിൽ മറെറാരിടത്തും കാണുകയില്ലെന്നു അദ്ദേഹം തുടർന്നു.

* * *

ബാരിസാൽകാരനായ കേശവഗാംഗുലി എന്ന ഒരു വിദ്യാർത്ഥി ഇൻറർമീഡിയററുപരീക്ഷ രണ്ടുതവണ പാസ്സായിരിക്കുന്നു. അയാളുടെ സ്വദേശമായ കുഗ്രാമത്തിൽ പത്രങ്ങൾ വായിക്കാൻ കിട്ടാത്തതുകൊണ്ടാണു അയാൾക്കു ഈ അബദ്ധം പററിയതു്. ൧൯൩൨-ൽ അയാൾ ഇൻറർമീഡിയററുപരീക്ഷയിൽ ചേർന്നു. അയാൾ മൂന്നാം ക്ലാസ്സിൽ പാസ്സായിരുന്നു എങ്കിലും തോററുപോയി എന്നകേട്ടതു വിശ്വസിച്ചുകൊണ്ടു അയാൾ അടുത്തപ്രാവശ്യം വീണ്ടുംചേർന്നു. ഇത്തവണ അയാൾ ജയിച്ചു. അതിനുശേഷമാണു മുൻപിലത്തെപ്രാവശ്യം താൻ ജയിച്ചിരുന്നു എന്നു അയാൾക്കു മനസ്സിലായതു്. വിവരം സർവകലാശാലാധികൃതന്മാരെയും അറിയിച്ചിട്ടുണ്ടു്.

* * *

വേശ്യാലയങ്ങളിൽനിന്നു പിരിക്കപ്പെട്ട പെൺകുട്ടികളെയും സ്ത്രീകളെയും താമസിപ്പിക്കുന്നതിനുള്ള സംരക്ഷണാലയങ്ങൾ സ്ഥാപിക്കുന്നതിനും, വീണ്ടും അവർ പഴയ അസന്മാർഗ്ഗികപഥങ്ങളിലേക്കു തിരിയാതിരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യാനും ധനശേഖരം നടത്തേണ്ടതിനെപ്പററി മദ്രാസ് വിജിലൻസ് അസോസിയേഷൻെറ വാർഷികയോഗത്തിൽ സർ മഹമ്മദ് ഉസ്മാൻ വൈ. എം. സി. ഏ–യിൽവച്ച് ശക്തിമത്തായ ഒരു ഉൽബോധനം ചെയ്തിരിക്കുന്നു. അസാന്മാർഗ്ഗിക വ്യാപാരം തടയാനുള്ള കാലമായിരുന്നു എന്നു അദ്ദേഹം വിചാരിക്കുന്നു. അസോസിയേഷൻ ഇതുവരെ ചെയ്ത ജോലിയെ സർ. എം. ഉസ്മാൻ അഭിനന്ദിക്കുന്നു. അതിൻെറ ജീവനും ആത്മാവുമായ സിക്രട്ടറി മി. ശേഷയ്യങ്കാരെ അദ്ദേഹം പ്രശംസിക്കുന്നു.

—೦—

കേരളം.

മലബാർഹരിജനസേവാസംഘക്കാർ ഒററപ്പാലത്ത് ഹരിജനയുവതികൾക്കായി ഒരു ഹോസ്റ്റൽ തുറക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

* * *

താമസിയാതെ കൊല്ലത്തുവച്ച് അഖിലതിരുവിതാംകൂർ ഹിന്ദികാൺഫറൻസിൻെറ വാർഷികോത്സവം കൊണ്ടാടുന്നതിനു ദക്ഷിണഭാരതഹിന്ദിപ്രചാരകസഭ തീരുമാനിച്ചിരിക്കുന്നു.

* * *

തകഴിക്ഷേത്രത്തിലെ അതിപുരാതനമായ കല്ലറ തുറന്നു ആറേഴായിരംകൊല്ലത്തെ പഴക്കമുള്ള പലവിധത്തിലുള്ള പഴയനാണയങ്ങളുംമററും കണ്ടെടുത്തിരിക്കുന്നതായി കാണുന്നു.

* * *

ഈമാസം ൭–ാംതീയതി കേരളത്തിൻെറ നാനാഭാഗങ്ങളിലും ശ്രീനാരായണഗുരുസ്വാമിയുടെ പാദങ്ങളുടെ സമാധിദിനമായി കൊണ്ടാടിയിരിക്കുന്നു. പല പൊതുയോഗങ്ങളും "കന്നി ൫" പൊതു ഒഴിവായി അംഗീകരിക്കണമെന്നു ഗവർമ്മെൻറിനോടു അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

* * *

തിരുവിതാംകൂറിലെ ഉല്പന്നങ്ങൾ വിററഴിക്കുന്നതിനുള്ള ശരിയായ മാർഗ്ഗങ്ങളെപ്പററി പര്യാലോചിച്ച് വാണിജ്യപരമായ പുരോഗമനത്തിനുവേണ്ടി വേണ്ടതുചെയ്യുന്നതിലേക്കായി ഇൻഡ്യാഗവർമ്മെൻറിൻെറ ഡൽഹിയിലെ ഇമ്പീരിയൽ അഗ്രിക്കൾചറൽ റിസർച്ചുകൗൺസിലിൽ അംഗവും, ഇൻഡ്യാ ഗവർമ്മെണ്ടിനാൽ നിയോഗിക്കപ്പെട്ടിരിക്കുന്ന ദേഹവുമായ മി. ലിവിംഗ്സ്റ്റൺ എന്ന ധനശാസ്ത്രജ്ഞൻ ഈ കഴിഞ്ഞ ഞായറാഴ്ച തിരുവിതാംകൂറിൽ എത്തിയിരിക്കുന്നു.

* * *



ഈമാസം ൮–ാംനു പരലോകപ്രാപ്തനായ ഡാക്ടർ ഏ. ജി. മേനോൻ.

* * *

കൊച്ചിക്കടുത്ത് മുണ്ടംവേലിഎന്നസ്ഥലത്തുള്ള ഒരു ക്രിസ്തീയകുടുംബത്തിലെ അംഗങ്ങൾ ചീഞ്ഞ തേങ്ങാപ്പീരയിട്ടുചുട്ട പലഹാരം ഭക്ഷിച്ചതിൻെറഫലമായി അവരിൽ ൩–പേർ മരിച്ചുപോയിരിക്കുന്നു.

* * *

സമസ്തകേരളസാഹിത്യപരിഷത്തിൻെറ സാംവത്സരികസമ്മേളനം ഇക്കൊല്ലം തലശ്ശേരിയിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പരിഷത്തിൻെറ ഒരുശാഖ ശ്രീമാൻ പട്ടത്തിൽനാരായണമേനവൻെറ അദ്ധ്യക്ഷതയിൽ കോഴിക്കോട്ട് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

* * *

തിരുവനന്തപുരത്തെ ആർട്ട്സ്, സയൻസ്, വിമൻസ് എന്നീകാളേജുകളിൽ ഫീസ് ആണ്ടിൽ മൂന്നുതവണ, ഓരോ ടെറത്തിൻെറയും ആരംഭത്തിൽ പിരക്കുന്നതിനു അനുവദിച്ചുകൊണ്ടുള്ള ഗവർമ്മെൻറുത്തരവു തൽക്കാലം നിർത്തിവെച്ചിരിക്കുന്നു. പതിവുപോലെ ഫീസ് എട്ടുതവണയായി വസൂൽചെയ്യുന്നതാണ്.

* * *

മലബാറിനെയും തെക്കൻകന്നടത്തെയുംതമ്മിൽയോജിപ്പിക്കുന്നതിനായിട്ടുള്ള ഒരു വലിയ പൊതുനിരത്തിൻെറപണി രണ്ടുഭാഗത്തുനിന്നും യോജിച്ച് ആരംഭിച്ചിരിക്കുന്നു. വളരെപണം ചിലവും വലുതായ പ്രയോജനവുമുള്ള ഈ പാത ൧൯൩൯–ജനുവരിയിൽ തുറക്കുമെന്നാണു പ്രതീക്ഷ.

* *

തിരുവനന്തപുരത്ത് ദീക്ഷിതർതെരുവിൽ ഒരു ബ്രാഹ്മണയുവതി ഈമാസം ൭–ാംതീയതി മൂന്ന് ആൺകുട്ടികളെയും മൂന്നുപെൺകുട്ടികളെയും പ്രസവിച്ചതായും, മരിച്ചുജനിച്ചതും, ജനിച്ചശേഷം ഒരുകുട്ടി മരിച്ചതുംകഴിച്ച് മൂന്നുകുഞ്ഞുങ്ങൾ ഇപ്പോഴും ജീവിച്ചിരിക്കുന്നതായും ആ ഗ്രാമവാസിയായ ഒരാൾ പത്രങ്ങളിലേക്ക് റിപ്പോർട്ടുചെയ്തിരിക്കുന്നു.

* * *

മനസ്സിനെ ഉജ്ജീവിപ്പിക്കുന്നതിനും, ജീവിതത്തെ ഉജ്ജ്വലമാക്കുന്നതിനും സാഹിത്യത്തിനുള്ളപ്രാപ്തി ഒന്നു വേറെതന്നെയാണെന്നു ശ്രീമാൻ കെ. പി. കരുണാകരമേനവൻ ഒരു പ്രസംഗമദ്ധ്യേ തിരുവനന്തപുരം സയൻസുകാളേജിൽവച്ച് അദ്ദേഹത്തെ അഭിമുഖീകരിച്ച വൻപിച്ച സദസ്സിനെ ഉൽബോധിപ്പിച്ചിരിക്കുന്നു. ആ യോഗത്തിൽ ആദ്ധ്യക്ഷംവഹിച്ച മഹാകവി ഉള്ളൂർ പറഞ്ഞത് സാഹിത്യാഭിരുചിയില്ലാത്ത പെൻഷ്യൻകാരുടെ ബുദ്ധിമുട്ടുകളെപ്പററി ആലോചിക്കുമ്പോൾ തനിക്കു അവരോടുഅനുകമ്പതോന്നുന്നുഎന്നാണ്. സാഹിത്യം ബ്രഹ്മാനന്ദപ്രദമാണെന്നു മഹാകവി ആ സമ്മേളനത്തിൽവച്ചു സമർത്ഥിക്കുകയുംഉണ്ടായി.

* * *

സർ സി. വി രാമൻ, മൈസൂർ ഗവർമ്മെൻറ് ചീഫ്സിക്രട്ടറി മി. രംഗറാവു, മദ്രാസ് അക്കൗണ്ട് ജനറൽ എന്നിവർ ഇൻഡ്യൻ സയൻസ് ഇൻസ്ററിറ്റ്യൂട്ടിൻെറ ബോർഡദ്ധ്യക്ഷനായ സർ മഹമ്മദ് ഹബിബുള്ളായുടെ അദ്ധ്യക്ഷതയിൽ ഭക്തിവിലാസത്തുവച്ച് യോഗം കൂടുകയുണ്ടായി. സംസ്ഥാനാതിഥികളായ ഇവർ മടങ്ങിപ്പോയിരിക്കുന്നു.

* * *


വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും നൽകുന്ന ഗ്രാൻറുകളെ സംബന്ധിക്കുന്ന ചട്ടങ്ങളുടെ കൂട്ടത്തിൽ തിരുവിതാംകൂർഗവർമ്മെണ്ടു ഒരു പുതിയചട്ടംകൂടി ചേർത്തിരിക്കുന്നു. അതിങ്ങനെയാണ്. ഗവർമ്മെൻറിൻെറ സഹായം സ്വീകരിക്കുന്ന വായനശാലകളും ഗ്രന്ഥശാലകളും അവയുടെ സാധാരണ ഉദ്ദേശങ്ങളിൽനിന്ന് ഭിന്നമായ കാര്യങ്ങൾക്കായി യോഗം കൂടുന്നതിനു കെട്ടിടങ്ങൾ അനുവദിച്ചുകൂടാത്തതാകുന്നു. യോഗോദ്ദേശം, അതു നടക്കുന്നസമയം എന്നിവ കാണിച്ചു ഉത്തരവാദിത്വമുള്ള ഏതെങ്കിലും ആളുകൾ എഴുതിഅയക്കുന്ന അപേക്ഷയനുസരിച്ചുമാത്രമേ അനുവാദം കൊടുക്കാനും പാടുള്ളു. ഗവർമ്മെണ്ടിനു എതിരായി നടത്തുന്ന രാഷ്ട്രീയപ്രക്ഷോഭണസംബന്ധമായ യാതൊരു യോഗത്തിനും വായനശാലകളും, ഗ്രന്ഥശാലകളും സ്ഥലം അനുവദിക്കാൻ പാടില്ലാത്തതാകുന്നു. വിവിധസമുദായങ്ങൾതമ്മിൽ രസക്ഷയമുണ്ടാവത്തക്ക കാര്യങ്ങളെപ്പററി ചർച്ചചെയ്യാനും അവ സ്ഥലം അനുവദിച്ചുകൂടാ എന്നുമാണ് പ്രസ്തുത ചട്ടം.



കോട്ടയം വൈ. എം. സി. ഏ. നടത്തിയ ചുങ്കം വള്ളം കളിയിലെ ഒരു രംഗം.

പണി പൂർത്തിയായിട്ടില്ലാത്ത ചുങ്കംപാലവും ചിത്രത്തിൽ കാണാം.

Photo, M. O. Ipe, Eraviperoor.



തിരുവല്ലാക്ഷേത്രം.

കാലത്ത് ഒൻപതു മണിക്കു നിത്യമുള്ള 'ശീവേലി'സമയത്ത് എടുത്ത ചിത്രം.

ചിത്രത്തിൻെറ മദ്ധ്യഭാഗത്തായി കാണുന്നതു പുരാതനമായ ഗരുഡമാടമത്രേ.

സമത്വത്തിൽനിന്ന്.

സ്ത്രീക്കു നേരിട്ട അധഃപതനം

സണ്ടേക്രോണിക്കിളിൽ മിസ്റ്റർ എൻ. ജെ. പി നായിഡു എഴുതുന്ന ഇപ്രകാരം സ്ത്രീയുടെ പാരതന്ത്ര്യത്തിൻെറ ചരിത്രത്തെ ചർച്ചചെയ്യുന്നു:—

പുരുഷനും സ്ത്രീയും തുല്യരായിട്ടാണു ലോകരംഗത്തിൽ പ്രവേശിച്ചതു്; അഥവാ ലോകാരംഭത്തിൽ അവരുടെ സ്ഥാനങ്ങൾ തുല്യപ്രധാനങ്ങളായിരുന്നു. അവൻ നഗ്നനായി, കാട്ടാളനായി വേട്ടയാടിയും യുദ്ധംചെയ്തും സഞ്ചരിച്ചു. അവളും അവൻെറ കൂടെത്തന്നെ സഞ്ചരിച്ചു അവൻെറ ഓരോ കാലടിയും അവളും തുടർന്നുവന്നു. അവളുടെ ജഠരത്തിൽ അവൾ മനുഷ്യവർഗ്ഗത്തെ ഉൾക്കൊണ്ടു; അവളുടെ ചുമലിൽ അതിനെ അവൾ വഹിക്കയുംചെയ്തു. അതിൻെറ ഭക്ഷണത്തിനായി അവൾ ഫലമൂലങ്ങൾ ശേഖരിച്ചു. അവൻെറ അമ്പും കവിണയും സംഭരിച്ച മാംസം അവൾ പാകംചെയ്തു. ഇങ്ങനെ കാട്ടുമനുഷ്യരായിരുന്ന പുരുഷനും സ്ത്രീയും ഒന്നിച്ചു സ്വൈരമായി സഞ്ചരിച്ചു, സ്വതന്ത്രമായി ഒന്നിച്ചു പ്രയത്നിച്ചു, തുല്യതകൊണ്ടുള്ള സംതൃപ്തിയാസ്വദിച്ചുപോന്നു.

കാലാന്തരത്തിൽ ഒരു മാററം വന്നുകൂടി. വെറും അലഞ്ഞുതിരിയുന്ന ഒരു ജീവിതം വിട്ടു് അവർ ഒരു പ്രദേശത്തു താമസമുറപ്പിച്ചു. ഇവിടെയും ജീവിതത്തിലെ പ്രയത്നങ്ങൾ പുരുഷനും സ്ത്രീയും തമ്മിൽ പങ്കിട്ടു. അവൻ വേട്ടയാടാനോ ശത്രുവിനോടു യുദ്ധംചെയ്യാനോ ഇറങ്ങിപ്പോകും. അവൾ ഭൂമിയിൽ പ്രയത്നംചെയ്യും. അവൾ ഭൂമി ഉഴുതു; വിളവു കൊയ്തെടുത്തു; പാർപ്പിടം ഉണ്ടാക്കി; വസ്ത്രങ്ങൾ നെയ്തെടുത്തു; മൺപാത്രങ്ങൾ സമ്പാദിച്ചു; ചെടികളുടെ ഗുണങ്ങളും പ്രയോജനങ്ങളും മനസ്സിലാക്കി, വേണ്ടിവരുമ്പോൾ അവയെ ഔഷധമായുപയോഗിച്ചുവരികയുംചെയ്തു- അന്നത്തെ വൈദികനും ആചാര്യനും അവൾതന്നെയായിരുന്നു. ഈ അദ്ധ്വാനങ്ങൾക്കെല്ലാം പുറമേ അവൾ വർഗ്ഗപോഷണത്തിനുള്ള സ്തന്യദാനവും നിർവ്വഹിച്ചു. അവളുടെ ചുമലിൽ താങ്ങി അതിനെ വളർത്തുകയും, പരിശീലിപ്പിക്കയും വസ്ത്രങ്ങൾ ഉണ്ടാക്കിക്കൊടുക്കയും ചെയ്തുപോന്നു. ഇങ്ങനെ പുരുഷനെ അപേക്ഷിച്ചു കഠിനതരവും നിരന്തരവും ആയ അദ്ധ്വാനമാണവൾക്കുണ്ടായിരുന്നതു്. എന്നിട്ടും അവയുടെ കാഠിന്യത്തെപ്പററി അവൾ വിലപിച്ചില്ല. അവൾ ജഠരത്തിൽ വഹിച്ച ജനതയുടെ ആയുസ്സും ഐശ്വര്യവും അവളെയാണാശ്രയിച്ചിരിക്കുന്നതെന്നു് അവൾ ധരിച്ചിരുന്നു; അവളുടെ ക്ലേശങ്ങൾ അവൾ മിണ്ടാതെ സഹിച്ചുപോന്നു. അന്നും പുരുഷനും സ്ത്രീയും തുല്യരായിത്തന്നെ കഴിച്ചുപോന്നു-

ഇങ്ങനെ കാലം വളരെ കഴിഞ്ഞു. പുരുഷന്മാരെല്ലാം വേട്ടയ്ക്കോ യുദ്ധരംഗത്തിലേക്കോ പോകേണ്ട ആവശ്യമില്ലെന്ന ഒരുകാലം വന്നുചേർന്നു. അപ്പോഴാണു് അവളുടെ കൂട്ടുകാരൻ, തൻെറ പഴയ രംഗങ്ങളിൽ മുഴുവൻസമയത്തേക്കും ജോലിയില്ലെന്നായി അവളുടെ അദ്ധ്വാനങ്ങളിൽ പങ്കുകൊണ്ടു തുടങ്ങിയതു്. അവനും വയലുഴവാനും, വീട്ടുപണിയുവാനും, ധാന്യംപൊടിക്കുവാനും, ഉപകരണങ്ങളുണ്ടാക്കുവാനും എല്ലാം തുടങ്ങി. ഈ ഘട്ടംമുതൽ പണ്ടത്തെ തുറന്ന പ്രദേശങ്ങളിലെ മധുരമായ ജീവിതം അവൾക്കു എന്നേയ്ക്കുമായി നഷ്ടപ്പെട്ടു. അവളുടെ രംഗം വീട്ടുവളപ്പിനുള്ളിൽ മാത്രമായിത്തീർന്നു സമയം ഇഴഞ്ഞിഴഞ്ഞു മാത്രമേ മുന്നോട്ടുപോകയുള്ളു എന്നായി. ആ ജീവിതം പുറമേയുള്ള നിർമ്മലാന്തരീക്ഷത്തിലെ ജീവിതത്തെക്കാൾ ശോകാകുലമായിത്തീർന്നതിൽ അത്ഭുതമില്ലല്ലോ. എന്നിരുന്നാലും അവൾക്കു അപ്പോഴും സ്വന്തമായ കർത്തവ്യഭാരം ഉണ്ടായിരുന്നു. പുരുഷനും സ്ത്രീയും തുല്യരായിത്തന്നെ കഴിഞ്ഞുപോന്നു

ഭക്ഷണത്തിനു വേണ്ട വകകൾ കൃഷിചെയ്തുണ്ടാക്കേണ്ട ഭാരം അവൾക്കില്ലായിരുന്നു എങ്കിലും അവയെ പാകംചെയ്തുപോന്നതു അവ തന്നെ. പരുത്തിയും ചണവും അവൾ കൃഷിചെയ്യേണ്ടിയിരുന്നില്ലെങ്കിലും വസ്ത്രങ്ങൾ നെയ്തുണ്ടാക്കിവന്നതു അവൾതന്നെയായിരുന്നു. ഗൃഹഭിത്തികൾ നിർമ്മിക്കേണ്ട ഭാരം അവൾക്കുണ്ടായിരുന്നില്ലെങ്കിലും അവയെ അലങ്കരിക്കയും മോടിപിടിപ്പിക്കയുംചെയ്തുവന്നതു അവൾതന്നെ. വയലുകളിൽ അലഞ്ഞുതിരിയേണ്ടതായുണ്ടായിരുന്നില്ലെങ്കിലും അവൾതന്നെയാണു് ഔഷധങ്ങളും മൂലികകളും കണ്ടുപിടിച്ചതും അവയെ രോഗനിവാരണത്തിനുപയോഗിച്ചുകൊണ്ടിരുന്നതും ഇപ്രകാരം അവളുടെ സന്താനങ്ങൾ അവളുടെ സമീപത്തുതന്നെ വളർന്നുവന്നു. അവരുടെ ആവശ്യങ്ങൾ സദാ അവളുടെ കണ്ണുപുടങ്ങളിൽതന്നെ മുഴങ്ങിക്കൊണ്ടിരുന്നു അവളുടെ ഭവനത്തിൻെറ പ്രവേശനദ്വാരത്തിങ്കൽ അവൾ നൂൽയന്ത്രവുമായിരുന്നു് ഒരുകാലത്തു അവളുടെ പ്രവർത്തനരംഗമായിരുന്ന അഴകേറിയ വയലുകളെ ഇടയ്ക്കിടയ്ക്കു നോക്കി ആനന്ദിച്ചുവന്നു. അപ്പോഴും ഒരു രാജാവിൻെറയോ കർഷകൻെറയോ ഭാര്യയായിരുന്നാലും അവൾ പുരുഷൻെറ തുല്യസ്ഥാനത്തിൽതന്നെ കരുതപ്പെട്ടുപോന്നു.


അപ്രകാരം, ആദികാലങ്ങളിൽ പുരുഷനും സ്ത്രീയും തമ്മിൽ അസമത്വമെന്ന ഒരു ആശയം കടന്നുകൂടിയിരുന്നില്ലെന്നു നാം കാണുന്നു. സന്താനങ്ങൾ, അവരുടെ പിതൃജനങ്ങൾ എന്നിവയെല്ലാം അവളുടെ അധികാരസീമയിലാണു പെട്ടിരുന്നതു്. അവൾ ഭവനത്തിലെ നായികയായിരുന്നു, കൃഷി എന്നതു കണ്ടുപിടിച്ചതു് അവൾ ആയിരുന്നു ലളിതകലകളുടെ ജനനിയും, ശില്പി, ഭിഷക്, വൈദിക, ആചാര്യ എന്നിങ്ങനെ ഓരോന്നും അവൾതന്നെയായിരുന്നു. ജനസംഘത്തിൻെറ കാര്യാലോചനാസമ്മേളനങ്ങളിലും അവൾ സംബന്ധിച്ചുവന്നിരുന്നു. അവൾ അന്നത്തെ കാലത്തു സാമൂഹ്യവിഷയത്തിൽ പുരുഷനൊപ്പം അധികാരശക്തിയും പ്രാധാന്യവും ഉള്ളവളായിരുന്നു. എന്നാൽ എന്തൊരു കഷ്ടം! അന്നുമുതൽ ഇന്നുവരെ അവൾ എത്ര ശതവർഷക്കാലത്തെ ദാരുണാവസ്ഥയും അവമതി



മിസ്സ് ദീനാബീച്ച്—തൻെറ കേൾവികേട്ട കടുവാവേഷത്തിൽ.

ഈയിടെ ബോംബെയിലെ താജ്മഹാൾ ഹോട്ടലിൽവച്ചു് ഈ വനിത പ്രസ്തുത കളി നടത്തുകയുണ്ടായി. സ്വകപോലകല്പിതമായ ഒരു വിനോദമെന്നു മിസ്സ് ദീനാ അഭിമാനിക്കുന്ന ഈ വേഷംകാണുന്നതിൽ ജനങ്ങൾ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചുവരുന്നു.

ശബരിമല തീൎത്ഥയാത്രാചിത്രങ്ങൾ



ശബരിമലക്ഷേത്രത്തിൻെറ വടക്കുവശത്തുനിന്നു് എടുത്ത ഫോട്ടോ. *

Photos, M. O. Ipe, B. A. L. T., Eraviperur.



എരുമേലിൽ മുഹമ്മദീയപ്പള്ളിക്കു സമീപംവച്ചു കണ്ട "കടുവാവേഷം."



എരുമേലിൽ ക്ഷേത്രം



ശബരിമലയാത്രയിൽ ഈ വേഷത്തിൽ ചില വെളിച്ചപ്പാടന്മാരെ കാണാവുന്നതാണു്.

* ഈ ഫോട്ടോ പ്രതി ഒന്നിനു മൂന്നണ വിലയ്ക്കു മി. ഐപ്പിനോടാവശ്യപ്പെട്ടാൽ കിട്ടുന്നതാണെന്നു് അറിയിച്ചിരിക്കുന്നു.

യും, അടിമത്തവും, മർദ്ദനവും സൗമ്യമായ മൗനത്തോടുകൂടിയ അപ്രശസ്തജീവിതവും എല്ലാം താങ്ങേണ്ടിവന്നു!

ഈ അനൎത്ഥം ആദ്യകാലത്തുണ്ടായിരുന്നതേയല്ല. അനന്തരകാലങ്ങളിലാണു് ഈ ആശയം പുരുഷനിൽ കടന്നുകൂടുകയും സ്ത്രീയ സാമൂഹമായ യാതൊരു സ്ഥാനവുമില്ലാത്തവളാക്കുകയും ചെയ്തതു്. പ്രതിവൎഷമോ പ്രതിമാസമോ അല്ല, ദിവസംതോറും മണിക്കൂർതോറും സ്വകാൎയ്യസ്വത്തുടമസ്ഥതയിൽ പുരുഷനു മോഹം വൎദ്ധിച്ചുവന്നു. അതോടുകൂടി സ്ത്രീയ്ക്കു പുരുഷൻെറ സഖിയും സഹചാരിയും എന്നുള്ള നിലയും വിലയും നശിച്ചുതുടങ്ങി. പ്രയോജനകരമായ ജോലികളെല്ലാം അവളിൽനിന്നു ക്രമേണ അകന്നു. ഒടുവിൽ അവൾ സമുദായത്തിനു അല്പാല്പമോ മുഴുവനുമോ കൊള്ളരുതാത്തവളെന്നു വരുത്തിക്കൂട്ടുകയുംചെയ്തു. പുരുഷനു് അവൻ തൊടുന്നതിന്മേലെല്ലാമുള്ള ഉടമസ്ഥാവകാശം ഉറപ്പിക്കാനുള്ള ആഗ്രഹം അവനെ തൻെറ നിതാന്തസഹചാരിയെന്നല്ല, അൎദ്ധാംഗംതന്നെയായ സ്ത്രീയെ കേവലം ഒരു അടിമയും, ഒരു വീട്ടുവേലക്കാരിയും, സന്താനഭാരത്തെ വഹിക്കേണ്ടവളും, ആഹാരം പാകംചെയ്യേണ്ടവളും, പാത്രങ്ങൾ തേയ്ക്കുവാനുള്ളവളും തൻെറ സന്തോഷങ്ങൾക്കുള്ള ഒരു കളിപ്പാട്ടവും ആയിക്കല്പിക്കുവാൻ പ്രേരിപ്പിച്ചു

പുരുഷനിൽ അത്തരത്തിലൊരു സ്വാൎത്ഥമനഃസ്ഥിതി കടന്നുകൂടുന്നതിനുമുമ്പു അവൻ ഏതൊരുകാൎയ്യത്തിലും സ്ത്രീയുടെ മാഹാത്മ്യത്തെ വകവച്ചുവന്നിരുന്നു എന്നുള്ളതു ലക്ഷ്മീദേവിയെപ്പററിയുള്ള ഐതിഹ്യങ്ങൾകൊണ്ടുതന്നെ തെളിയുന്നുണ്ടു്. സൗന്ദൎയ്യം, പ്രേമം, ഐശ്വൎയ്യം എന്നിവയുടെ ദേവതയത്രെ ലക്ഷ്മി. വിഷ്ണുവിൻെറ ഏതൊരു അവതാരത്തിലും ഒരു പ്രധാനമായ സ്ഥാനം വഹിച്ചു ലക്ഷ്മീദേവിയും അവതരിക്കുന്നതായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. ലക്ഷ്മി ലോകമായയും നാശരഹിതയും ആയിട്ടാണു വൎണ്ണിക്കപ്പെട്ടിരുന്നതു്. വിഷ്ണു സൎവ്വാന്തൎയ്യാമിയാണെങ്കിൽ ലക്ഷ്മി സൎവ്വവ്യാപിനിയാണു്. അവൻ വാക്കും വിഷ്ണു പൊരുളും അത്രെ അവൾ ഭക്തിയും വിഷ്ണു ധൎമ്മവും, അവൾ ധാത്രിയും വിഷ്ണു അവലംബവും എന്നിങ്ങനെയാണു് ധരിക്കപ്പെട്ടിരുന്നതു്. ഭൂതവൎത്തമാനഭാവികാലങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന സരസ്വതി, ലക്ഷ്മി, പാൎവ്വതി എന്നിങ്ങനെ ത്രിമൂൎത്തിത്വവും സ്ത്രീയിൽ സങ്കല്പിക്കപ്പെട്ടിരുന്നു ശ്രീരാമനു സീതയും, ശ്രീകൃഷ്ണനു ഗോപികളും പ്രാണാധികപ്രിയകൾതന്നെയായിരുന്നല്ലൊ.

സ്ത്രീയെന്നതിനെപ്പററി ഇത്രയ്ക്കു മഹത്തമങ്ങളായ ആശയങ്ങളും കല്പനകളും ഉണ്ടായിരുന്നിട്ടും പരിഷ്കാരത്തിലേയ്ക്കുള്ള പുരുഷൻെറ പുരോഗതിയിലെ ഓരോ ചുവടും സമുദായത്തിൽ സ്ത്രീയ്ക്കുള്ള സ്ഥാനത്തെ

മുസ്സോളിനിയുടെ പുത്രി.



മുസ്സോളിനിയുടെ പുത്രിയായ കൌണ്ടസ്സ് എഡ്ഡാ ജിയാനോ. മുസ്സോളിനി ലണ്ടൻ സന്ദർശിച്ചപ്പോൾ എടുത്ത ഫോട്ടോ. ഫാസിസ്റ്റുകക്ഷിക്കാർ സാധാരണ ധരിക്കാറുള്ള കറുത്ത ഉടുപ്പുകൾ ധരിച്ചാണ് കൌണ്ടസ്സ് കാണപ്പെടുന്നതു്.

U. P. S.

ഓരോപടി ചവുട്ടിത്താഴ്ത്തിക്കൊണ്ടിരിക്കയാണു ചെയ്തിട്ടുള്ളതു്. പുരുഷന്റെ ആധിപത്യകാലങ്ങളെല്ലാം സ്ത്രീയുടെ അധഃപതനത്തിന്റെയും സങ്കടത്തിന്റെയും കാലങ്ങളായിരുന്നു. ക്രമേണ പുരുഷൻ, സ്ത്രീ അവളുടെ ശരീരവും മനസ്സും തന്റെ ശുശ്രൂഷയ്ക്കായി മാത്രം വിനിയോഗിക്കേണ്ട ഒരുവളാണെന്ന ഒരു നില കൈക്കൊള്ളുവാൻ തുടങ്ങി. സാവധാനത്തിൽ അവൻ അവളെ അന്തഃപുരത്തിന്റെ ഏകാന്തതയിലേക്കു തള്ളുകയും, അവളെ വിശാലലോകത്തിൽനിന്നു അടുക്കളമൂലയിലെ വിരസതയിൽ ആഴ്ത്തിക്കളയുകയും ചെയ്തു. ഈ മാററം അവൾ സൗമ്യതയോടെ സഹിച്ചു് ഒരു വീട്ടുവേലക്കാരിയുടെ കൃത്യങ്ങളെ വിഷാദമടക്കിക്കൊണ്ടുതന്നെ നടത്തിപ്പോന്നു. ഇങ്ങനെ അവളുടെ ശരീരവും ആത്മാവും ഒരു ആജന്മബന്ധനത്തിലേക്കു് അവൾ ഒഴിഞ്ഞിട്ടുകൊടുക്കേണ്ടതായിവന്നു.

അവളുടെ ജീവിതം ക്ഷമയുടേയും, ആത്മോത്സർഗ്ഗത്തിന്റേയും, ഹൃദയാർദ്രതയുടേയും, സ്നേഹത്തിന്റേയും പര്യായമായിത്തീർന്നു. ഇതിന്റെ വില ആരുമറിഞ്ഞില്ലെന്നു മാത്രമല്ല, അതിനെ ഗൗനിക്കുവാൻ പോലും ആരുമുണ്ടായില്ല. അവളുടെ മാനസികമാഹാത്മ്യവും, സാമർത്ഥ്യവും, നിസർഗ്ഗശക്തികളും പ്രതിഭയും താനേ കുറഞ്ഞുതുടങ്ങി. ജീവിതത്തെപ്പററിയുള്ള അവളുടെ വീക്ഷണഗതിയിൽ കാപട്യവും അജ്ഞതയും കടന്നുകൂടി. സ്ത്രീജനിയുടെ അവശ്യമായ മഹാഭാരം അവൾതന്നെ ചുമക്കണമെന്നു വന്നുകൂടി. പുരുഷനിൽനിന്നു അവൾക്കു ഒരു സഹഭാവമോ അനുകമ്പയോ അംഗീകാരമോ യാതൊന്നും ലഭിക്കുന്നില്ലെന്ന നിലയിലായി. ക്ലേശങ്ങളും ഉൽക്കണ്ഠകളും നിറഞ്ഞ ഗർഭഭാരവും, തന്റെ ജീവിതത്തെ ഭാവിസന്താനത്തിന്റെ ജീവിതത്തിൽ ലയിപ്പിക്കുവാൻ നിർവ്വിഘ്നം സാധിക്കുമോ എന്ന ചിന്താതാന്തതയുംകൊണ്ടു ക്ലിഷ്ടമായ മാതൃത്വത്തിന്റെ പവിത്രതയെ ഗ്രഹിക്കുവാൻ പുരുഷനു കഴിവുണ്ടായില്ല. ഇപ്രകാരം സ്വന്തശരീരത്തിന്റെ സുഖസൌകര്യങ്ങളെപ്പററി ഒരു ചിന്തയുംകൂടാതെയും ഗൃഹകൃത്യങ്ങളുടെ ഇടുങ്ങിയപരിധികൾക്കുള്ളിലും അവൾ വ്യാപരിച്ചുപോന്നു. സമുദായത്തിൽ അവൾക്കുള്ള സ്ഥാനം കേവലം ശൂന്യമായെന്നു പറയാം. വീട്ടുവേലയ്ക്കുപുറമേയുള്ള സമയംകൊല്ലുന്നതിനു നിരർത്ഥങ്ങളും പരിഹാസ്യങ്ങളുമായ അലങ്കാരമോടികളും കഥയില്ലായ്മകളും മാത്രമായിത്തീരുകയുംചെയ്തു.

സകല രംഗങ്ങളിൽനിന്നും സ്ത്രീയെ ഇങ്ങനെ അകററിയ പുരുഷൻ താനറിയാതെ അവളെ ഏതോ ചില ദുർബലാശയങ്ങളുടെ കൂടാക്കിത്തീർത്തിരിക്കുന്നു എന്നു മാത്രമല്ല, അവളുടെ ധിഷണാശക്തിക്കു യാതൊരു വികാസവും ഇല്ലാതെയാക്കുകയും ചെയ്തു. ഇങ്ങനെ കേവലം അടുക്കളക്കാരിയും കാമമഹോപകരണവും എന്നനിലയിൽ അപ്രധാനത്വത്തിലേക്കു തള്ളപ്പെട്ട അവൾ ബാഹ്യലോകവുമായുള്ള സകല ബന്ധവും നഷ്ടപ്പെട്ടു പുരുഷനിൽനിന്നു വിഭിന്നമായ ഒരുതരം സൃഷ്ടിയെന്ന മട്ടിൽതന്നെയായിത്തീർന്നു. ഇതിന്റെ ഫലമായി മനുഷ്യസമുദായത്തിൽ പുരുഷനെന്നും സ്ത്രീയെന്നും രണ്ടു ഭിന്നവിഭാഗങ്ങളുണ്ടെന്നുവന്നുകൂടി. ഗ്രാമ്യധർമ്മങ്ങളുടെ അവസരത്തിലൊഴിച്ചു പരസ്പരം മനസ്സിലാക്കാൻ കഴിയാത്ത രണ്ടുകൂട്ടരായി ഇവർ കഴിയുകയാണു വാസ്തവത്തിൽ ഇപ്പോൾ ചെയ്യുന്നതു്.

സ്വകാര്യസ്വത്തുടമയെന്ന വിചാരംനിമിത്തം പുരുഷൻ സ്ത്രീയെ ഒരു കൈവശാവകാശവസ്തുവായി ഗണിച്ചുതുടങ്ങി. ഒരു വെറും പാവ, ഒരു ശൂന്യവിഗ്രഹം, പുരുഷനു സ്ത്രീവർഗ്ഗത്തോടുള്ള അധികാരത്തെ ഘോഷിക്കുന്ന ഒരു ചിഹ്നം, അവന്റെ ധനവും പ്രതാപവുംകൊണ്ടു സാധിക്കാവുന്നിടത്തോളം മോടികളെല്ലാം പിടിപ്പിച്ചിട്ടുള്ള ഒരു പദാർത്ഥം എന്നിങ്ങനെയായിത്തീർന്നു അവളുടെ നില. അവൾ അവന്റെ ഗാർഹികോപകരണങ്ങളുടെകൂട്ടത്തിലൊരെണ്ണം മാത്രം! ഒരുകാലത്തു അവന്റെ തുല്യസ്ഥാനത്തിരുന്നു പ്രയോജനപ്രദവും സ്വതന്ത്രവുമായി നയിച്ചുവന്നിരുന്ന അവളുടെ ജീവിതത്തിൽനിന്നു സൗകര്യങ്ങൾ എല്ലാം നഷ്ടമായിത്തീർന്നു. പുരുഷന്റെ ഈ മനഃസ്ഥിതിയു

ആ മന്ത്രം

ദാമോദരമേനോൻ, ഇഡയത്തു്.

(കേക.)

കാച്ചുമണ്ടൊന്നാച്ചുററി,യച്ഛനുമൊരുമിച്ചി-
ട്ടിച്ഛയാകയ്യുംകെട്ടിയക്ഷരാഭ്യാസംചെയ്യാൻ
ആശാൻെറവീടുംനോക്കിയാശ്ശുഞാൻപുറപ്പെട്ടു
'ഈശനെ'ക്കാണ്മാൻപോകും ദാസനെന്നതുപോലെ.
'കൊച്ചെജമാനനിതാപോകുന്നുവിദ്യാഭ്യാസം-
മെച്ചമായ് നടത്തുവാനെന്നോർത്തിട്ടാവാം,പക്ഷെ
അന്നെൻെറപൂന്തോട്ടത്തിൽനിന്നൊരുസ്സുമജാലം
നന്നായിത്തലയാട്ടി മന്ദഹാസവുംചെയ്തു
കൊച്ചുപൈതങ്ങളാരും കൂട്ടിനിക്കില്ലെന്നോർത്തു
കൊച്ചുമാരുതനെൻെറ കൂട്ടായിപ്പുറപ്പെട്ടു.
'ഭാവിയിൽനന്നാകനീ'യെന്നനുഗ്രഹിച്ചാവാം
പൂവ്വിലഞ്ഞിയുമപ്പോൾ പുഷ്പവർഷത്തെച്ചെയ്തു.
'തുഞ്ചത്തുഗുരുവാകും പാവനദേഹത്തെനീ
പിഞ്ചുപൈതലെ!വേഗമാരെന്നുചൂണ്ടിക്കാട്ടും,
ഗ്രന്ഥസന്തതിനോക്കി വംശത്തെ വീക്ഷിക്കെന്നെ',-
ചിന്തയാ, തത്തകൂട്ടിച്ചൊല്ലുന്നുവെന്നുംതോന്നി
കർമ്മസാക്ഷിയാം'ഭാനു' ധർമ്മരശ്മികൾനീട്ടി,-
രമ്മയാംപ്രകൃതിയെച്ചുംബനംചെയ്യുന്നതും
കണ്ടുഞാൻസന്തോഷിച്ചു പോകുന്നനേരത്തിങ്കൽ-
ക്കണ്ടൊരാവിദ്യാലയമെങ്ങിനെ വർണ്ണിക്കേണ്ടു.

II

ഓലയാൽമേഞ്ഞതം, നാലുകാലുകൾമാത്രംനാട്ടി,
'ശ്രീ'യെന്നുപൊങ്ങിടുന്ന മംഗളധ്വനിയോടും,
ലാലസിച്ചീടുന്നതാം ശാലയൊന്നതിൻമുമ്പിൽ-
ച്ചാലവെച്ചെന്നെത്തിഞാൻ കോലുന്നാമോദത്തോടെ.
താളിയോലയാൽതീർത്ത പായതിലിരുന്നുകൊ-
ണ്ടാലോലബാലന്മാരെ യക്ഷരംപഠിപ്പിച്ചും,
പൂർവരാമൃഷീന്ദ്രന്മാർ 'കാവ്യ'മായ് ച്ചമച്ചുള്ള
പാവനചരിത്രങ്ങളോരോന്നും നോക്കിക്കൊണ്ടും

ആരതു?വിളങ്ങുന്നതെന്നുഞാൻ നോക്കുന്നേരം
പാരാതെതാതൻതാനു മീവിധംചൊല്ലീടിനാൻ.
'ഓമനക്കുട്ടാ!ഗുരു, വന്ദിക്കകേറിച്ചെന്നു-
സീമയില്ലാതഗുണം വന്നിടുംനിനക്കപ്പോൾ'
ആയതുകേട്ടിട്ടപ്പോൾ 'വിഷ്ണുവെ,ധ്രുവൻ'പോലെ
സാവധാനത്തിൽച്ചെന്നു, വന്ദനംചെയ്തീടിനേൻ.
കയ്യുകളുയർത്തി 'നീ നന്നാക, മേലെക്കാലം,-
പൈതലെ!ഭവിക്കട്ടെ മംഗളം നിനക്കെന്നും'.
എന്നനുഗ്രഹിച്ചന്നു മേനിയിൽത്തലോടിയ-
വന്ദ്യനാ'മാശാനെ'ഞാ നിപ്പൊഴുംസ്മരിക്കുന്നു.

III

'ചമ്പറം'പതിച്ചിരി,? യെന്നോർത്തുംമുമ്പേതന്നെ-
'ചമ്പറ'പ്പടിയിട്ടു ഞാനുമങ്ങിരുപ്പായി
ജ്ഞാനമാം വിളക്കിൻെറ നൂൽത്തിരിചൂണ്ടുന്നൊരാ-
'നാരായ'ത്തഴമ്പാന്ന പാണിയാലപ്പോൾതന്നെ,-
ആദ്യമായരിയതിലെൻകയ്യുപിടിച്ചഹോ,!
വിദ്യതന്നാദ്യത്തതാ മക്ഷരംവരപ്പിച്ചു.
'ചൊല്ലുക!കുഞ്ഞേ! 'ഹരി' യെന്നനുകഥിച്ചപ്പോൾ
ചൊല്ലിഞാൻ'ഹരി'യെന്ന പാവനമഹാമന്ത്രം.
അന്നുതൊട്ടാശാനെന്നെ ശിഷ്യനായ്ക്കരുതീട്ടും,
അങ്ങനെതന്നേയെന്നു ഞാനിങ്ങുകരുതീട്ടും,
മംഗളംവളർത്തുന്ന മംഗലഗ്രന്ഥങ്ങളെ-
തിങ്ങിടുംമോദത്തോടെ നോക്കിഞാൻപഠിച്ചിട്ടും,
ആദ്യമാ'യാശാ'നെന്നെ ചൊല്ലിച്ചമന്ത്രത്തിൻെറ
ഹൃദ്യവാസ്സുണ്ണയുള്ളൊന്നൊ രത്ഥംഞാനറിവീല.
'ആ,മന്ത്രം'വിളങ്ങുന്ന പാവനവിദ്യാലയ-
മീമന്നിലാരാനിന്നു കണ്ടെങ്കിൽസ്സുഖിച്ചേനെ.

ടെ സ്വാഭാവികമായ ഫലം അവരം വീട്ടുകാരി, ധിട്ടപണിക്കാരി, വേശ്യ എന്നീ മൂന്നു സ്ഥാനങ്ങളിൽ ഒന്നിലേക്കുതള്ളപ്പെട്ടുവെന്നുള്ളതാണ് ഇന്നത്തെ സാമൂഹ്യജീവിതത്തിൽ അവളുടെ സ്ഥാനം ഇതിലേതെങ്കിലും ഒന്നുമാത്രമാണ്. ഈ മൂന്നവസ്ഥയിൽ ഏതാണ് ഏററവും നികൃഷ്ടമെന്നും ഏതൊന്നിനെയാണ് സരളഹൃദയയായ ഒരു സ്ത്രീ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നും അറിവാൻ തന്നെ വിഷമമാണ്.

ഇന്നു എത്രയെത്ര സ്ത്രീകളാണ - ഹൃദയരതികളും സുന്ദരഗാത്രികളുമായ എത്രലക്ഷം സ്ത്രീകളാണ പുരുഷൻെറ സന്തോഷത്തിനുവേണ്ടി മാത്രം ജീവിക്കുന്നതെന്നും; എത്രലക്ഷം സ്ത്രീകളാണ വീട്ടുകാരികളും വീട്ടുവേലക്കാരികളും എന്ന നിലയിൽ വെറും ഇടുങ്ങിയ ആദർശങ്ങളും, സംകുചിതമായ പ്രവൃത്തിപരിധികളും, മതൃാമാന്ദ്യതകളും, പുരുഷൻെറ ആജ്ഞയിൽ നമ്രപ്രായമായ അനുസരണവും മററുമായി പുരുഷൻെറ ഉല്ലാസത്തിനുവേണ്ടി മാത്രം ആഭരണങ്ങളും വിചിത്രവസ്ത്രങ്ങളും ചാർത്തിയ വിഗ്രഹങ്ങളായി ജീവിക്കയും വളർത്തപ്പെടുകയും ചെയ്തു വരുന്നതെന്നും ഓർക്കുന്നതു വാസ്തവത്തിൽ ഹൃദയഭേദകംതന്നെയാകുന്നു. അവളുടെ വ്യക്തിഗതങ്ങളായ ഗുണധർമ്മങ്ങൾ, സാമർത്ഥ്യങ്ങൾ, അഭിവാഞ്ഛകൾ, മുതലായവയെ അടിച്ചമർത്തുകയും അവളുടെ മാനസികവും ബുദ്ധിപരവും സാമ്പത്തികവുമായ വികാസത്തെ തടഞ്ഞുനിർത്തുകയും ചെയ്തിരിക്കുന്നതിനാൽ അവരം നിസ്സഹായയായി ഒരു കൃമിക്കുതുല്യം നിന്ദ്യവും നീചവുമായ ഒരവസ്ഥാന്തരത്തിൽ കിടന്നുഴലുന്നു. പുരുഷൻെറ ഇൗദൃഷ്പ്രഭുത്വത്തിൽ അവ പ്രതിഷേധം പുറപ്പെടുവിക്കാൻ തുടങ്ങുന്നനിമിഷത്തിൽതന്നെ അവൻ ക്രോധാന്ധനായിഭവക്കയും അവളെ വിശ്വസിക്കാനരുതാത്തവളായും വേശ്യയായും തള്ളി പ്രതികാരം നിർവഹിക്കയും ചെയ്യുന്നു. ഒരു സ്വതന്ത്രനാരിയെന്ന തൻെറ അവകാശത്തെ സ്ഥാപിക്കാൻ തുടങ്ങിയതിൻെറ ശിക്ഷയായി അവരം അശരണയായി തെരുവിൽ അലയേണ്ടതായും വരുന്നു.

ഇതാണ് ഇന്നത്തെ സമുദായമധ്യത്തിൽ സ്ത്രീക്കുള്ള സ്ഥാനത്തിൻെറ യഥാർത്ഥരൂപം. അതിനെ ഏതെല്ലാംവിധത്തിൽ മറച്ചാലും തിളങ്ങിച്ചുകാണിച്ചാലും വാസ്തവം ഇപ്പറഞ്ഞതുതന്നെയാണ്. ഇന്നിരിക്കുന്ന അവസ്ഥയിൽ അവൾക്കു സമാധാനമായി ജീവിക്കുവാൻ മററു മാർഗ്ഗങ്ങളൊന്നുമില്ല. അവളുടെ ശരീരത്തെ ആജീവനാന്തം ഒരു പുരുഷനുവേണ്ടി അർപ്പിക്കുക, അതിനുപകരം സമുദായമദ്ധ്യത്തിലെ നല്ലപേരും വീട്ടുകാരിയോ വീട്ടുവേലക്കാരിയോ—അവളുടെ നാഥനും അധിശ്വരനും ആയിരിക്കുന്ന പുരുഷൻെറ ഇച്ഛ ഏതെങ്കിൽ അതു് ആയുള്ള ഒരു കൂട്ടിലെ ജീവിതവും കൊണ്ടു തൃപ്തിപ്പെടുക, ഇതു മാത്രമാണ് ഇന്നത്തെ അവളുടെ അവസ്ഥ. സൂക്ഷ്മമായി ചിന്തിച്ചുനോക്കിയാൽ അവരം മേൽപറഞ്ഞരീതിയിൽ സമുദായമദ്ധ്യത്തിൽ മാനിക്കപ്പെടുന്ന ഒരുവളായി ജീവിച്ചാലും അഥവാ വേശ്യയെന്നു വിളിക്കപ്പെടുന്ന ഒരു ധൂർത്തയായി ജീവിച്ചാലും അവളുടെ യഥാർത്ഥമായ ആത്മാഭിമാനം നഷ്ടമാകുകതന്നെയാണ ചെയ്യുന്നതു്.

ചെറുകഥാപംക്തി.

ശനിനോട് ശാന്ത്യം.

* റി. എൻ. ഗോപിനാഥൻനായർ.

I

ഗോപാലൻ: – "എജമാനേ! അവിടുന്ന് തരാനുള്ള ആ മുപ്പതുരൂപ ഇങ്ങുതന്നെങ്കിൽ ഗോപാലൻ അവന്റെ പാട്ടിനങ്ങു പൊയ്‌ക്കൊള്ളാമേ. അവിടുന്നൊക്കെ വലിയ പ്രഭുക്കളായിട്ട് ഈ സാധുക്കളെയൊക്കെ ഇങ്ങനെ ഉപദ്രവിച്ചാലോ!"

മാധവൻനായർ:—"ഹതെയതെ! തെരുവിൽ ചിരട്ടയുമെടുത്തു തെണ്ടിനടന്നപ്പോൾ വീട്ടിൽ വിളിച്ചുനിറുത്തി, ചോറും ഉടുതുണിയും തന്ന് ഈ ആറുമാസവും താമസിപ്പിച്ചതും പോരാ- ഇപ്പോൾ മാസപ്പടി ശമ്പളവുംവേണമെന്ന്. ഹും! നല്ലകാര്യമായിപ്പോയി.

ഗോപാല:—അല്ലേ! എമാൻ പറഞ്ഞു പറഞ്ഞു ഇത്രയുമായോ, അല്പംമുൻപു പത്തുരൂപവരെ തരാമെന്നു പറഞ്ഞതാണേ, യപ്പം ഇങ്ങനെയായി. എമാന് മനസ്സുണ്ടെങ്കിൽ തരണം. ഈ ആറുമാസവും നട്ടെല്ലൊടിച്ച് വേലചെയ്തതിന് ഇതാണ് പ്രതിഫലം അല്ലേ?

മാധവൻ:—(കോപാക്രാന്തനായി) ഛീ, കഴുതേ! നീ വേലയെടുത്തതിന് ചോറുതന്നില്ലേ? ഓണക്കോടിതന്നില്ലേ? വിഷുവിനു തന്നില്ലേ? ഹൂം. ഇതൊന്നും പോരായിരിക്കും. ഇനി നിനക്കൊരു മാളികവെച്ചുതരാം. ഇറങ്ങടാ പുറത്ത്."

എന്നു ദ്വേഷ്യപ്പെട്ടുകൊണ്ടു മിസ്റ്റർ മാധവൻനായർ ചാടിഎഴുന്നേറ്റു. ഗോപാലൻ സങ്കടത്തോടുകൂടിയാണെങ്കിലും എന്തോ ഒരു യുക്തി പെട്ടെന്നു തോന്നിയതിനാൽ അവിടുന്നു ഇറങ്ങിപ്പോകുകയാണുണ്ടായത്.

ഗോപാലൻ മിസ്റ്റർ മാധവൻനായർ ബി. ഏ ബി. എല്ലിന്റെ ഒരു അരിവെയ്പുകാരനാണ്. മി. നായർ കൊച്ചിസ്വദേശക്കാരനും സാമാന്യം ഒരു നല്ല കുടുംബത്തിലെ അംഗവുമാണ്. സ്വഭാര്യയുടെ അകാലനിര്യാണാനന്തരം ഏകപുത്രനായ ഭാസ്കരനോടുകൂടി അദ്ദേഹം പ്രജാക്ഷേമൈകതല്പരനായ ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ കിരീടധാരണമഹോൽസവം നടന്ന ആ ശുഭദിനത്തിൽ തിരുവനന്തപുരം നഗരത്തിലെത്തി. അദ്ദേഹത്തിനു ഏകദേശം നാല്പതുവയസ്സിനു മേലായിക്കാണും. കൊച്ചിയിൽ ഒരഭിഭാഷകനായി 'പ്രാക്ടീസ്' ചെയ്തിരുന്ന അദ്ദേഹത്തിന് "ഇക്കരെ പച്ച"യായി തോന്നിയതുകൊണ്ടാണ് തിരുവനന്തപുരത്തെത്തിയതും അവിടത്തെ "വക്കീൽസൈന്യ"ത്തിലെ ഒരംഗമായി ചേർന്നതും. സ്വദേശത്തിൽനിന്നും കൊണ്ടുവന്നിരുന്ന കാശുമുഴുവനും തീർന്നതോടുകൂടി സ്വതേ തന്നെബാധിച്ചിരുന്ന പിശുക്കു പൂർവാധികം വർദ്ധിച്ചു.

"സുഗ്രീവസന്നിഭൻ വക്കിൽശ്രമസ്തനും
വാടകക്കാരനരിവെയ്പുകാരനും"

എന്നിങ്ങനെ ഓരോരുത്തർക്കും ശമ്പളംകൊടുക്കുന്നതിൽകൂടി അമാന്തം കാണിച്ചുതുടങ്ങി.

അങ്ങനെ ഗോപാലനെ പറഞ്ഞയച്ചതിൽ വലിയ ഒരാശ്വാസമാണദ്ദേഹത്തിനുണ്ടായത്. തന്നത്താനെ അദ്ദേഹം പറഞ്ഞു 'ഓ, കഴുത പോയതു ഭാഗ്യമായി. എന്തായാലും ഈ ക്ഷാമകാലത്തു പത്തുമുപ്പതുരൂപ ലാഭമായല്ലോ, അതുതന്നെ വലിയ കാര്യം. ഓ, ഇനി ആ വാടകക്കാരനെത്തും. വലിയ ഉപദ്രവമായി. എന്തായാലും ഒരുകാര്യം ചെയ്യാം. ഇവിടെ താമസിച്ചുതുടങ്ങിയിട്ടു 17 ദിവസമല്ലേ ആയൊള്ളൂ. ഇന്നിവിടുന്ന് 'ഭാണ്ഡംകെട്ടുവാൻ' നിശ്ചയിച്ചു. വേണമെങ്കിൽ അവിടുന്നും ഒരുമാസം തികയുന്നതിനുമുൻപിൽ ഇറങ്ങാം. ഒരുമാസംമുഴുവൻ താമസിച്ചാൽ വാടകകൊടുക്കണമെന്നല്ലേ കരാർ ഓ! അതു നോക്കിക്കൊള്ളാം" എന്നെല്ലാം അദ്ദേഹം മനസ്സിലുറച്ചു.

ഗോപാലൻ പോയതുകൊണ്ടു അന്നു കാപ്പികുടിക്കുവാൻ സാധിച്ചില്ലെങ്കിലും അത്രയും ലാഭമായല്ലോ എന്നോർത്തു സമാധാനിച്ചു. കിണററിലെ പച്ചവെള്ളവും ഓണത്തിനോ മറ്റോ ഉണ്ടാക്കിവെച്ചിരുന്ന കുറേ ഉപ്പേരിയും ഭക്ഷിച്ചതിനുശേഷം പുത്രനായ ഭാസ്കരനെയും കൂട്ടിക്കൊണ്ടു അദ്ദേഹം "To Let" എന്ന് എഴുതി കെട്ടിത്തൂക്കിയിട്ടുള്ള ഭവനങ്ങൾ വല്ലതുമുണ്ടോ എന്നു നോക്കിക്കൊണ്ടു ഒരു സായാഹ്നസവാരിക്കിറങ്ങി. അദ്ദേഹത്തിന്റെ ഭാഗ്യംകൊണ്ടു ഒരു ഭവനം കണ്ടുകിട്ടി. പിറേറദിവസം തന്നെ— വീട്ടുടമസ്ഥന്റെ കഷ്ടകാലം എന്നു തന്നെവേണം പറയുവാൻ—അദ്ദേഹം അങ്ങോട്ടു മാറിത്താമസിക്കാനുമാരംഭിച്ചു. ഇതറിഞ്ഞു പഴയ വീട്ടുടമസ്ഥൻ ഓടിയെത്തി. "അവിടെ 17 ദിവസം താമസിച്ചു. അതിനുള്ള വാടകകിട്ടിയാൽ കൊള്ളാം" എന്നു പറഞ്ഞു.

മാധവൻനായർ ദ്വേഷ്യഭാവത്തിൽ "ഹും കൊള്ളാം ഞാനും കുട്ടിയും ആ ഇരുട്ടറയിൽതാമസിച്ചു ശ്വാസംമുട്ടി ചാവാഞ്ഞതു തന്റെ ഭാഗ്യമാണെന്നു കരുതിക്കൊള്ളുക. ഇനി വാടകകൂടി ചോദിക്കു. നല്ല ഏർപ്പാട്. ആ നശിച്ചവീട്ടിൽ ഇത്രയുംദിവസം താമസിച്ചതിനു താൻ ഇങ്ങോട്ടു വാടകതരുകയാണു വേണ്ടത്" എന്നും മററും പറഞ്ഞു അയാളെ ഒരുവിധം പറഞ്ഞയച്ചു.

II

മാധവൻനായരുടെ മിരട്ടുകളും പിരട്ടുകളും, തന്ത്രങ്ങളും പിശുക്കുത്തരങ്ങളും മററും വായനക്കാർക്കു ഏറെക്കുറെ മനസ്സിലായിരിക്കുമല്ലൊ.

ഗോപാലൻപോയിട്ടു ഒരാഴ്ചയായി. ഭാസ്കരൻതന്നെയാണു പിതാവിനു മിക്കസമയവും ഭക്ഷണങ്ങൾ പാകംചെയ്തുപോന്നത്. അതിനിടയ്ക്കു ഒരു പയ്യനെ, ഒന്നരരൂപാ ശമ്പളത്തിൽ അരിവെയ്പുകാരനായി ലഭിച്ചതു ഭാസ്കരന്റെ ഭാഗ്യംകൊണ്ടുതന്നെ.

ഭാസ്കരനു വയസ്സ് 18-കഴിഞ്ഞു. സ്ക്കൂൾഫൈനൽവരെ പഠിച്ചിട്ടുണ്ട്. പിതാവിനെക്കാളും പിശുക്കനാണെന്നു സത്യത്തിന്റെ പരിപൂർണ്ണതയ്ക്ക് പറയേണ്ടതു കഴിയൂ. അതു മാത്രമല്ല, പ്രാകൃതമായ ഒരാകൃതികൂടിയുള്ളവനാണ്. കാഴ്ചബംഗ്ലാവിൽകിടക്കുന്ന 'ഉറാൻകുട്ടന്റെ'മുഖം മുയലിന്റെ ചെവിയോളം വലിപ്പമുള്ള രണ്ടു ചെവികൾ. പന്നിത്തേററപോലെ മുൻപോട്ട് ചാടിനിൽക്കുന്ന രണ്ട്പല്ലുകൾ, "സ്ക്കൂൾആഫ്ആർട്ട്സി"ൽ ഉണ്ടാക്കാറുള്ള ഗ്രസപോലെ മിനുസമായ രസികൻ കഷണ്ടി (ഇതു മി. മാധവൻനായർക്കുമുണ്ട്) ഇതൊന്നും പോരാഞ്ഞിട്ട് ഒന്നാംതരം കൂനും.

ഇങ്ങനെ വിരൂപനായ ഒരുവനു അനുരൂപയായ ഒരു ഭാര്യയെ ലഭിക്കുക എന്നതു—പോരാഞ്ഞിട്ട് "പെണ്ണുകിന്തവും"— കേവലം അസാദ്ധ്യമാണോ? നമുക്കു മുന്നോട്ടുകടക്കാം. ഭാസ്കരൻ ഒരു ചെറുകവി എന്നനിലയിൽ ഒട്ടൊക്കെ പ്രശസ്തിസമ്പാദിച്ചിരുന്നു. ചില പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലും ഇയാൾ 'നേത്രരോഗം', 'ഹിപ്നാട്ടിസം'മുതലായ പല ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ഒരുദിവസം അദ്ദേഹം (മാധവൻനായർ കോർട്ടിൽ പോയിരിക്കയായിരുന്നു) ഏകാകിയായി ഭവനത്തിന്റെമുൻവശത്ത് ഉലാത്തിക്കൊണ്ടിരിക്കെ വേഷഭൂഷണാലംകൃതയായ ഒരു യുവതി പടിവാതൽതുറന്ന്, തനിക്കഭിമുഖമായി വരുന്നതുകണ്ടു. അവൾ അദ്ദേഹത്തിന്റെ കാല്ക്കൽ നമസ്കരിച്ചുഎന്നുതന്നെ പറയാം. ഭാസ്കരൻ ആശ്ചര്യത്താൽ പുളകിതഗാത്രനായി. "എന്താണു ഭവതിവന്നതു്. വല്ലസങ്കടവുമുണ്ടെങ്കിൽ ഭയപ്പെടാതെ പറഞ്ഞുകൊള്ളുക" എന്നു ഭാസ്കരൻ പറഞ്ഞു.

സ്ത്രീ:—"അവിടത്തെ ആ വദനകമലം ഒന്നുകണ്ടതിനുശേഷം മരിക്കണമെന്നാണു ഞാൻ ഉദ്ദേശിച്ചതു്.. (ഭാസ്കരൻ സന്തോഷത്താൽ മതിമറന്നു) ഹാ! അതെനിയ്ക്കിന്നു സാധിച്ചു. ഞാൻ ധന്യയുമായി."

ഭാസ്കരൻ മനോരാജ്യത്തിലെ രാജാധിരാജനായികഴിഞ്ഞു. അദ്ദേഹം അത്ഭുതപരതന്ത്രനായി ചോദിച്ചു "ഭവതിയുടെ നാമധേയമെന്താണ്. സ്വദേശം ഇവിടമല്ലെന്നു തോന്നുന്നുവല്ലോ."

സ്ത്രീ:—എന്റെ നാമധേയം സരോജമെന്നാണ്. സ്വദേശം മലബാറാണ്. അവിടുന്ന് പത്രങ്ങളിൽ എഴുതാറുള്ള ലേഖനങ്ങൾ ഞാൻ സശ്രദ്ധം വായിക്കുകയും രസിക്കയും ചെയ്യാറുണ്ട്. അന്നുമുതലേ ഞാൻ

* ഒരു സ്ക്കൂൾഫൈനൽ വിദ്യാർത്ഥി.

അവിടത്തെ കാണണമെന്നാഗ്രഹിക്കുകയാണ്. ദയവുചെയ്തു സരോജത്തെ അവിടുന്ന് വെടിയല്ല."

അവളുടെ വാക്കുകൾ ഭാസ്കരനെ ആനന്ദമത്തനാക്കി. അയാൾ വീണ്ടും പലതുംചോദിച്ചു. അവളുടെ മാതാപിതാക്കന്മാർ അവിടത്തുകാരനായ ഒരു "വിക്കൻ ഇക്കോരൻനായൎക്കു" അവളെ വിവാഹംചെയ്തുകൊടുക്കുവാൻ നിശ്ചയിച്ചുവെന്നും എന്നാൽ ബാല്യംമുതല്ക്കുതന്നെ ഭാസ്കരനെ മനസ്സുകൊണ്ടു അവൾ ആരാധിച്ചുവരികയായിരുന്നുവെന്നുംമറ്റും അവർ അറിയിച്ചു. ഇക്കോരൻനായരും മറ്റും ഒരുവേള അവളെ തുടരാൻഇടയുള്ളതിനാൽ അവളെ കഴിയുന്നതുംവേഗത്തിൽ വിവാഹംചെയ്യണമെന്ന് അവൾ ഭാസ്കരനോടു വിനീതയായി സലജ്ജം ആവശ്യപ്പെടുകയുംചെയ്തു.

മാധവൻനായർവന്ന് കാര്യങ്ങളെല്ലാം അറിഞ്ഞപ്പോൾ വളരെ സന്തോഷിക്കുകയും വേഗംതന്നെ വിവാഹം നടത്താമെന്നു സമ്മതിക്കുകയും ചെയ്തു.

പിറേറന്നു നല്ലദിവസമാണെന്നു തന്റെ വിശ്വസ്തഗുമസ്തൻ അഭിപ്രായപ്പെടുകയാൽ അന്ന് വിവാഹം നടത്താമെന്ന് നിശ്ചയിച്ചു.

പെട്ടെന്നുതന്നെനടത്താമെന്നു മാധവൻനായർ സമ്മതിച്ചതു് ഒരുപക്ഷെ പന്തലും മറ്റും കെട്ടേണ്ടിവന്നേയ്ക്കുമെന്നുള്ള ഭയംകൊണ്ടായിരിക്കാം. അധികംപേരെ ക്ഷണിക്കാനുംമറ്റുംപോയില്ല. പിറേറദിവസം രാത്രിയിൽ ശ്രീമാൻ ഭാസ്കരൻനായർ സൌഭാഗ്യവതി സരോജത്തിനെ വിവാഹം ചെയ്തു.

അന്നുതന്നെ മലബാറിൽനിന്നും സരോജത്തിന്റെ പിതാവിന്റെവക ഇപ്രകാരമൊരു കത്തുകിട്ടി.

പ്രിയപ്പെട്ടമകളേ!

നിന്റെ അഭീഷ്ടംപോലെ ഞാൻ ഭാസ്കരനെക്കൊണ്ടുതന്നെ നിന്നെ വിവാഹംചെയ്യിച്ചുകൊള്ളാം. നീ വേഗം ഇങ്ങോട്ടു വരിക.

പിന്നെ സകലതും മുഖദാവിൽ.

എന്ന് നിന്റെ വാത്സല്യപിതാവ്,

രാമൻമേനോൻ

സരോജം ഈ കത്ത് ഭാസ്കരനെ കാണിച്ചു. അദ്ദേഹവുംവായിച്ച് സന്തോഷിച്ചു. മാധവൻനായർ ഭാസ്കരനെവിളിച്ച് സ്വകാര്യമായി ഇപ്രകാരം പറഞ്ഞു. "കാര്യമൊക്കെ ശരി. നിനക്കും നിന്റെഭാര്യയ്ക്കും ചോറുതരുന്നതിലേക്കുംമറ്റും ഞാൻ സമ്പാദിച്ചുവെച്ചിട്ടില്ല നീയും ആ പെണ്ണിന്റെ വീട്ടിലേയ്ക്കുതന്നെ പൊയ്ക്കോ, എവിടെ, മലബാറിലോമറേറാ അല്ലെ വീട്?

ഭാസ്കരൻ:—അതെ. ഇന്ന് സരോജത്തിന്റെ അച്ഛന്റെപക്കൽനിന്നും ഒരു ക്ഷണക്കത്ത് വന്നിട്ടുണ്ട്.

മാധവൻ:—ആരുടെ കല്യാണത്തിന്.

ഭാസ്കരൻ:—ആരുടേയും കല്യാണത്തിനുംമറ്റുമല്ല. തിരിയെ വീട്ടിലേക്കു ചെല്ലാൻ" എന്നുപറഞ്ഞു് എഴുത്തുകാണിച്ചു.

മാധവൻ:—കൊള്ളാം. നാളെതന്നെ അങ്ങോട്ടേയ്ക്കുതിരിച്ചോ. ശനിയാഴ്ചയാണല്ലോ. നല്ലദിവസംതന്നെ.

ഭാസ്കരൻ—പോകാൻ രൂപയോ! ഏകദേശം നാല്പതു രൂപവേണം.

"അത്രയും വേണോ" എന്നുംമറ്റും അദ്ദേഹം പലപ്രാവശ്യവും ചോദിച്ചു ഒടുവിൽ എന്തായാലും കടംവാങ്ങിച്ചെങ്കിലും കൊടുക്കാമെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. തന്റെ പക്കലുണ്ടായിരുന്ന ഇരുപതുരൂപയും അയൽപക്കത്തുകാരൻ വറുഗീസിന്റെ കൈയിൽനിന്നും വാങ്ങിയ ഇരുപതുരൂപയും ചേർത്തു അദ്ദേഹം പുത്രനെ ഏൽപിച്ചു

മാധവൻ—ഉം. അനാവശ്യച്ചിലവ്. നീ ആവശ്യത്തിനുമാത്രമേ ചിലവാക്കാവൂ. കേട്ടോ. അവിടെച്ചെന്നിട്ടു താമസിക്കുവാനൊക്കെ സുഖമാണെങ്കിൽ എഴുതിയയക്കണം. ഞാൻകൂടി അങ്ങു വരാം.

ഭാസ്കരൻ—ഓ. അങ്ങനെതന്നെ ചെയ്യാം.

ഭാസ്കരൻ നാല്പതുരൂപയും സരോജത്തിന്റെ കയ്യിൽ എണ്ണി ഏല്പിച്ചു. പിറേറദിവസം പ്രഭാതത്തിൽ തിരുവനന്തപുരത്തോടു യാത്രപറയാമെന്നു തീർച്ചപ്പെടുത്തിയശേഷം അവർ നിദ്രാദേവിയെ ശരണം പ്രാപിച്ചു.

III

ഭാസ്കരൻ എഴുന്നേററപ്പോൾ മണി ൭ കഴിഞ്ഞിരുന്നു സരോജം കിടന്നിരുന്ന സ്ഥലത്ത് ഒരു സാരിയും കുറേ തലമുടിയും, വളകളുംമറ്റും കിടക്കുന്നതു കണ്ടു ഭാസ്കരൻ അത്ഭുതപ്പെട്ടു. "അയ്യോ! ഇതു നാടകക്കാർ സ്ത്രീവേഷംകെട്ടുവാനുപയോഗിക്കാറുള്ള ടോപ്പല്ലേ?" എന്നദ്ദേഹം തന്നത്താനെ അവിടെ കിടക്കുന്നു തലമുടിക്കെട്ടുകണ്ടു ചോദിച്ചു. അതിനു സമീപം ഒരു എഴുത്തും കിടപ്പുണ്ടായിരുന്നു. അദ്ദേഹം അതിപ്രകാരം വായിച്ചു.

"പൊന്നെജമാനനേ! ഞാനവിടത്തെ സരോജവുമല്ല പ്രാണേശ്വരിയുമല്ല. ആറുമാസം ജോലി ചെയ്തതിനുള്ള ശമ്പളം ഇപ്പോഴെങ്കിലും പലിശയോടുകൂടി തന്നതിൽ വളരെ നന്ദിയുണ്ടു്. ഈ വിവരം വലിയ യജമാനനേയും അറിയിക്കുവാൻ ദയവായി അപേക്ഷിച്ചുകൊള്ളുന്നു.

ഞാൻ ചെയ്ത തന്ത്രങ്ങൾ ക്ഷമിക്കണമെന്നു ഒന്നുകൂടി പ്രാർത്ഥിച്ചുകൊള്ളുന്നു. അവിടുന്നു വേറൊരു സരോജത്തെ വിവാഹം ചെയ്തു സുഖമായി വസിക്കൂ. നിങ്ങൾക്കു മംഗളംവരട്ടെ.

എന്ന്
പണ്ടത്തെ ആശ്രിതൻ
ഗോപാലൻ

ഭാസ്കരൻ എഴുത്തു വായിച്ചുകഴിഞ്ഞു കോപംകൊണ്ടു പല്ലുകടിക്കുകയും ലജ്ജകൊണ്ടും നൈരാശ്യംകൊണ്ടും കണ്ണീരൊലിപ്പിക്കുകയും ചെയ്തു. അല്പം കഴിയുന്നതിനു മുൻപു മാധവൻനായർ മുറിക്കകത്തേക്കു ഓടിവന്ന് "നീ ഇവിടെ ശൃംഗാരവുംപറഞ്ഞുകൊണ്ടുനില്ക്കു്. തീവണ്ടി അതിന്റെപാട്ടിനുപോട്ടെ" എന്നു പറഞ്ഞു. ഉത്തരമൊന്നും പറയാതെ നില്ക്കുന്ന പുത്രനെ നോക്കി നായർ വീണ്ടും "എന്തെടാ! പത്മനാഭസ്വാമിക്ഷേത്രത്തിൽ ആറാട്ടിനു നാൾ കെട്ടിനിറുത്തിയിരിക്കുന്ന ഭീമനെപ്പോലെ അനങ്ങാതെ നില്ക്കുന്നതു്. നാക്കു നരികടിച്ചുകൊണ്ടുപോയോ" എന്നു ചോദിച്ചു എന്തിന്? പിതാവു പ്രഹരിക്കുമെന്ന നിലയിലായപ്പോൾ പുത്രനു വാസ്തവം മുഴുവൻ പറയേണ്ടിവന്നു.

ഒടുവിൽ മാധവൻപിള്ള ഇപ്രകാരം പറഞ്ഞു "അതിനെന്തു്? ആ രൂപാ അവനു ന്യായമായി കൊടുക്കേണ്ടതല്ലെ ഓ! സാരമില്ല. എന്തായാലും അവൻ മണ്ണെണ്ണ ഒഴിച്ചു തീകത്തിക്കുകയോ, വെടിവെയ്ക്കുകയോ ഒന്നും ചെയ്തില്ലല്ലോ. അതുതന്നെ ഭാഗ്യം"

ഭാസ്കരൻ അതേഅതെ. കഷ്ടം! ഞാനാണു വിഡ്ഢിയായതു്. ഇനിയെങ്കിലും ന്യായമായി കൊടുക്കാനുള്ളവർക്കെല്ലാം കൊടുത്തുതീർക്കണം. ഛീ! കഷ്ടം! ഞാൻ നാളെ എങ്ങനെയാണു റോട്ടിൽകൂടി നടക്കുക?

പാ ച ക ക ല.

രണ്ടാംഭാഗം (തുടച്ച്)

എസ്സ്. ഏ. പിള്ള; കടയ്ക്കൽ.

5. മാങ്ങാ ചട്ട്ണി; മറെറാരുപാകം. തൊലി ചെത്തി പൂളിയ മാങ്ങയും പച്ചമുളകും, കഴുകി തൊലിപോക്കി എടുത്ത ഇഞ്ചിക്കഷണവും, ചേർത്തരച്ചു തൈരിൽ കലക്കി പാകത്തിനു കാച്ചുപ്പും ചേർത്തു അല്പം പച്ചക്കറിവേപ്പിലയും ഇട്ടു അടച്ചുവച്ചിരുന്നു രണ്ടുമണിക്കൂർ കഴിഞ്ഞാൽ ഉപയോഗിക്കാം. ഇതിനു അഗ്നിസംബന്ധം നിഷിദ്ധമാകുന്നു. അരയ്ക്കുമ്പോൾ വെള്ളം ചേർക്കരുതു്. അത്യന്തം രുചികരമായ ഒരു ചട്ട്ണിയാകുന്നു.

6. വെള്ളരിക്കാ ചട്ട്ണി. തൊലിചെത്തി പൂളിയെടുത്ത മാങ്ങയും, ഇഞ്ചിയും പച്ചമുളകും, വെള്ളംചേർക്കാതെ അരച്ചു തൈരിൽ കലക്കി പാകത്തിനു് ഉപ്പും ചേർത്തു് വച്ചുകൊള്ളുക. അതോടുകൂടി വെള്ളരിക്കാ പുറത്തെ തൊലിയും അകത്തെ കുടലും കളഞ്ഞു വളരെ ചെറുതായി കൊത്തി അരിഞ്ഞു് ചേർത്തു് ഇളക്കി; വെളിച്ചെണ്ണയിൽ കടുകു്, ഉലുവാ, കറിവേപ്പില, വററൽമുളകു് ഇവ ഇട്ടു കടുകു വറുത്തു് ഒഴിച്ചു് ഉടൻ വാങ്ങി സൂക്ഷിച്ചുകൊള്ളണം. രണ്ടുമൂന്നു ദിവസം വരേയുള്ള ഉപയോഗത്തിനു രുചികരമായിരിക്കും: ഇഞ്ചിയും പച്ചമുളകും ചേർക്കുന്നതു് അവരവരുടെ എരിവിൻെറ ഇഷ്ടാനുസരണമായിരിക്കണം.

7. കൂട്ടുചട്ട്ണി. താഴെ ചേർത്തിരിക്കുന്ന സാധനങ്ങളെ അതിനനുകൂലമായ തോതിൽ ചെറുതായ കൊത്തി അരിഞ്ഞു കൊള്ളണം.

(1) മാങ്ങാ, തൊലിയും അണ്ടിയും പോക്കി കൊത്തി അരിഞ്ഞെടുത്ത കഷണം ഇടങ്ങഴി ഒന്നു്.

(2) പിഞ്ചു വെള്ളരിക്കാ പുറംതൊലിയും അകത്തെ കുടലും കളഞ്ഞു ചെറുതായി കൊത്തി അരിഞ്ഞിട്ടുള്ള കഷണം ഇടങ്ങഴി അര.

(3) പാകി കിളിപ്പിച്ചിട്ടുള്ള പച്ചക്കൊത്തമല്ലി ഇടങ്ങഴി കാൽ;

(4) പച്ചമുളകു, ചെറുതായി കൊത്തി അരിഞ്ഞിട്ടുള്ള കഷണം ഉരിയ.

(5) പിഞ്ചായുള്ള പാവയ്ക്കാ കൊത്തി അരിഞ്ഞ കഷണം ഉരിയിൽ പകുതി;

(6) തൊലി പോക്കി കൊത്തിയ ഇഞ്ചിക്കഷണം, പാവയ്ക്കായുടെ പകുതി.

ഇവ ഓരോന്നും നിവൃത്തിയുള്ളിടത്തോളം ചെറുതായി കൊത്തിയിരിക്കണം. ഒന്നിച്ചു ചേർത്തു ഒരു മൺപാത്രത്തിലൊ, സ്പടികപാത്രത്തിലോ പിഞ്ഞാൺപാത്രത്തിലൊ ഇട്ടു നല്ല തൈരും ഒഴിച്ചു് പാകത്തിനു കാച്ചുപ്പും അല്പം പച്ചക്കറിവേപ്പിലയും യോജിപ്പിച്ചു് നാലു മണിക്കൂറിൽ കുറയാതെ അടച്ചുമൂടി വച്ചിരുന്നശേഷം എടുത്തു ഉപയോഗിച്ചുകൊള്ളണം. ഇതു് അധികം രുചിപ്രദമായ ഒരു കൂട്ടുചട്ട്ണിയാകുന്നു. സൂക്ഷിച്ചു വൃത്തിയായി പെരുമാറുന്നപക്ഷം ഒരാഴ്ചയിൽ കൂടുതൽ കേടുകൂടാതിരിക്കുന്നതാണു്.

(8) അമ്പഴങ്ങാ ചട്ട്ണി. അണ്ടി ഉറയ്ക്കാത്ത പരുവത്തിലുള്ള പിഞ്ചു് അമ്പഴങ്ങാ ശുദ്ധജലത്തിൽ ശരിയായി പുഴുങ്ങി അതിൽനിന്നും ജലമയം മുഴവൻ വാർന്നു പോകത്തക്കവണ്ണം വൃത്തിയുള്ള ഒരു വെള്ളവട്ടിയിൽ ഊററി വയ്ക്കുക. വെള്ളത്തിൻെറ മയം മുഴവൻ വാർന്നശേഷം, അതും കരിവേപ്പിലയും പച്ചമുളകും അല്പം ജീരകവും ചേർത്തു വെള്ളം ചേർക്കാതെ അരച്ചു് തൈരിൽ കുഴമ്പുപോലെ കലക്കി ആവശ്യത്തിനു തക്കവണ്ണം കാച്ചുപ്പും ചേർത്തു വയ്ക്കണം. പിന്നീടു പച്ചമുളകും കരിവേപ്പിലയും കടുകും കൂടി വെളിച്ചെണ്ണയിൽ കടുകു വറുത്തു സുഗന്ധം വരുമ്പോൾ പാകപ്പെടുത്തി വച്ചിട്ടുള്ള ചട്ട്ണി അതിൽ ഒഴിച്ചു് ഉടൻ പകർന്നു ഉപയോഗിക്കാവുന്നതാണു്. ഇതിൻെറ രുചിക്കു് അല്പമായ ഭേദവും കൂടുതൽ സുഗന്ധവും ഉണ്ടാകുന്നതിനു പച്ചക്കൊത്തമല്ലിയും കായം ചുരുങ്ങിയ പരിമാണത്തിൽ ചേർത്തുകൊള്ളാവുന്നതാണു്.

(9) അമ്പഴങ്ങാ ചട്ട്ണി (വേറൊരുപ്രകാരം) വളരെ പിഞ്ചായുള്ള അമ്പഴങ്ങയും തേങ്ങയും പച്ചമുളകും ജീരകവും കരിവേപ്പിലയുംകൂട്ടി വെള്ളം ചേർക്കാതെ വളരെ നേർമ്മയായി അരച്ചു തൈരിൽ കലക്കി പാകത്തിനു ഉപ്പും ചേർത്തു് വററൽമുളകും ഉലുവായും വെളിച്ചെണ്ണയിൽമൂപ്പിച്ചു് അതിൽ ചട്ട്ണി വിഴ്ത്തി ശരിയായി പതയുമ്പോൾ വാങ്ങി അടച്ചുവച്ചുകൊള്ളണം.

(10) വിളാങ്കാ ചട്ട്ണി. പച്ചവിളാങ്കാ ഉടച്ചു് അകത്തുള്ള ചത ചിരവയിൽ ചുരണ്ടി എടുത്തു അതിൻെറ പകുതി അളവുകണ്ടു ചുരണ്ടിയെടുത്ത നാളികേരവും, എരിവിനു തക്ക പച്ചമുളകും, സുഗന്ധത്തിനും രുചിക്കുമായി കരിവേപ്പിലയും ജീരകവുംകൂടി വെള്ളം ചേർക്കാതെ നേർമ്മയായി അരച്ചു തൈരിൽ കുറുകെ കലക്കി പാകത്തിനു കാച്ചുപ്പുംചേർത്തു, വററൽമുളകു് കടുകു് കരിവേപ്പില ഉലുവാ ഇവ വെളിച്ചെണ്ണയിൽ മൂപ്പിച്ചു വാസന പുറപ്പെടുമ്പോൾ അതിൽ വീഴ്ത്തി ഉടൻ വാങ്ങി വേറൊരു പാത്രത്തിൽ പകർന്നു ഉപയോഗിച്ചുകൊള്ളേണ്ടതാണു്. ഇതോടുകൂടി പച്ചക്കൊത്തമല്ലിയും കായവും കൂടി ചേർത്തുകൊണ്ടാൽ രുചിയും സുഗന്ധവും വർദ്ധിക്കുന്നതാകുന്നു. മൂന്നുദിവസം കേടുകൂടാതിരിക്കും. തേങ്ങാ ചേർക്കാതെ വിളാങ്കാ മാത്രം മേൽപ്രകാരം ചട്ട്ണിയുണ്ടാക്കാം. എന്നാൽ ഇതിനു് അല്പം ചവർപ്പു രസംകൂടി കലർന്നിരിക്കുമെന്നു് ഒരു ദൂഷ്യമുണ്ടു്. ചവർപ്പുരസത്തിൽ പ്രിയമുള്ളവർക്കു അതു നന്നായി രുചിക്കുന്നതാകുന്നു.

(11) വിളാങ്കാ ചട്ട്ണി (മറെറാരുപാകം) തേങ്ങാ തിരുകി അധികം ചുവന്നു പോകാതെ വറുക്കണം. വിളാങ്കാ ചുരണ്ടി അല്പം വെളിച്ചെണ്ണ ചേർത്തു അധികം ചുവന്നുപോകാതെ വാട്ടണം. ഉഴുന്നുപരിപ്പു്, കൊത്തമല്ലി, അല്പം ഉലുവാ, അതിനു സമം കടുകു്, എരിവിൻെറ ക്രമത്തിനു മുളകു വററൽ, കറിവേപ്പില ഇവ വെളിച്ചെണ്ണ പിരട്ടി പ്രത്യേകം പ്രത്യേകം അധികം മൂത്തുപോകാതെ വറുത്തെടുക്കണം. പിന്നീടു് ഇവയെല്ലാം ഒന്നിച്ചു വെള്ളം ചേർക്കാതെ നേർമ്മയായി ആട്ടിയൊ അരച്ചോ, ശുദ്ധജലത്തിൽ കലക്കി പാകത്തിനു് ഉപ്പും ചേർത്തു സ്വാദു നോക്കി ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം അല്പം പുളി കലക്കി പിഴിഞ്ഞു് ഒഴിച്ചു് അടുപ്പത്തുവച്ചു തിളപ്പിക്കണം. അല്പമായി കൊഴുത്തു തുടങ്ങുമ്പോൾ മുളകും കടുകും ചേർത്തു വെളിച്ചെണ്ണയിൽ കടുകു വറുത്തു അതിൽ വീഴ്ത്തി വാങ്ങി ഉപയോഗിച്ചുകൊള്ളണം. ഇതിനു് ഉഴുന്നുപരിപ്പിനു പകരം കടലപ്പരിപ്പും ചേർക്കാവുന്നതാണു്. അധികം രുചിപ്രദമായിരിക്കും. മൂന്നു ദിവസം ശരിയായ സ്വാദോടുകൂടിത്തന്നെ ഉപയോഗിക്കാം.

(12) വിളാമ്പഴ ചട്ട്ണി. വിളാമ്പഴം ടച്ചു് അതിൻെറപുറത്തുള്ള തോടുപോക്കി അകത്തുള്ള ചത എടുത്തു് ഒരു മൺപാത്രത്തിൽഇട്ടു് നിരത്തശേഷം മത്തുകൊണ്ടു് കലക്കി ഉടച്ചു് ശരിയായി യോജിപ്പിക്കണം. പിന്നീടു് എരിവിൻെറ ക്രമത്തിനു് പച്ചമുളകു് അരച്ചുചേർത്തു കാച്ചിയ ഉപ്പും പാകത്തിനിട്ടു് ശരിയായി ഇളക്കിചേർക്കണം. അതിനുശേഷം ഉലുവാ, കറിവേപ്പില, കടുകു്, ഇവ നെയ്യിൽ കടുകു വറുത്തു അതിൽവീഴ്ത്തി അല്പമാത്രയിൽഉണ്ടശ്ശർക്കരകൂടിചേർത്തു് ഇളക്കി ഉപയോഗിക്കേണ്ടതാണു്. ശർക്കരയ്ക്കുപകരം ചിലർ പഞ്ചസാര ഉപയോഗിച്ചുവരുന്നുണ്ടു്. ഇതു നല്ല പാകരീതിയല്ലെന്നു് അറിയണം. പച്ചമുളകിനുപകരം അല്പമായി വറുത്തിട്ടുള്ള നല്ലമുളകും സ്വല്പം പച്ചജീരകവുംകൂടി പൊടിച്ചുചേർക്കാവുന്നതാണു്. ഇതു് രുചിയും വാസനയും കൂടുതലുള്ള ഒരു വിശേഷമാതിരി ചട്ട്ണിയാകുന്നു.

(13) നെല്ലിക്കാ ചട്ട്ണി. ശുദ്ധജലത്തിൽ അല്പംമഞ്ഞൾ അരച്ചുകലക്കി അതിൽ വിളവുചെന്ന നെല്ലിക്കായിട്ടു് പുഴുങ്ങി മുക്കാൽപാകം വേവുമ്പോൾ ഒരു വെള്ളവട്ടിയിൽതട്ടി വെള്ളം ഊററിക്കളയണം. ആറിയതിൽപിന്നീടു് വിരൽകൊണ്ടു് അമർത്തി ഉടച്ചു് അകത്തുള്ള കുരുപോക്കണം. ഇപ്രകാരം പാകമാക്കിയ നെല്ലിക്കയും പച്ചമുളകും ജീരകവും കറിവേപ്പിലയും ചേർത്തു വെള്ളംചേർക്കാതെ നേർമ്മയായി അരച്ചു തൈരിൽകലക്കി യോജിപ്പിച്ചു് പാകത്തിനു് ഉപ്പുംചേർത്തു് കടുകും ഉലുവായും ജീരകവും പച്ചമുളകും കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു് അതിൽ വീഴ്ത്തി ഉടൻ വാങ്ങിക്കൊള്ളേണ്ടതാണു്. ഇതു് രുചിക്കും ദഹനത്തിനും ഒരു ഉത്തമ സാധനമാകുന്നു. രണ്ടുദിവസത്തെ ഉപയോഗത്തിനു നന്നായിരിക്കും.

(14) നെല്ലിക്കാ ചട്ട്ണി. (വേറൊരുപാകം) വിളഞ്ഞനെല്ലിക്കാ ശുദ്ധജലത്തിൽ അൽപം മഞ്ഞൾ അരച്ചുകലക്കി

അതിൽതട്ടിപ്പുഴുങ്ങി ഒരു വേവട്ടിയിൽ ഇട്ട് വെള്ളംതോർത്തി ആറിയതിൽപിന്നിട്ട് വിരൽകൊണ്ട് അമർത്തി അകത്തെ കുരുപോക്കിക്കൊള്ളുക. നെല്ലിക്കായുടെ അളവിൽ പകുതി മാത്രയിൽ നാളികേരം ചുരണ്ടിച്ചേർത്തു രണ്ടുംകൂടിചേർത്തു എരിവിന്റെ ക്രമത്തിനു പച്ചമുളകും, ജീരകവും കറിവേപ്പിലയുംചേർത്തു വെള്ളം ചേർക്കാതെ അരച്ച് തൈരിൽകലക്കി വെളിച്ചെണ്ണയിൽ കടുകും ജീരകവും പച്ചമുളകും ഉലുവായുംകൂടി കടുകവറുത്തു പച്ചക്കൊത്തമല്ലിയുംചേർത്തു അതിൽ ഒഴിച്ചു ഉടൻ മറെറാരുപാത്രത്തിൽ പകന്നു അടച്ചു വച്ചുകൊള്ളണം.

(15) വാഴയ്ക്കാചട്ട്ണി ഇതിലേക്ക് ചിങ്ങൻകായൊ, പാളയങ്കോടൻകായോ ഉപയോഗിക്കണം. വാഴയ്ക്കാ ചുട്ടോ, പുഴുങ്ങിയൊ (രണ്ടുപ്രകാരത്തിലും ആകാം) തൊലിപോക്കി ചട്ട്ണിയുണ്ടാക്കാവുന്നതാണ്. കായ്കളെ കനൽത്തിയിൽ തൊലിയോടുകൂടി ഇട്ട് വെന്തുകഴിയുമ്പോൾ എടുത്ത് തൊലിപോക്കി ചൂടാറുന്നതിനുമുൻപായിത്തന്നെ വെള്ളം ചേർക്കാതെ അരച്ചുകൊള്ളണം വെള്ളംചേർക്കാതെഅരയ്ക്കാൻ പ്രയാസമെന്നുകണ്ടാൽ അല്പം മോരുതളിച്ച് അരച്ചുകൊള്ളാവുന്നതാണ്. ഇതോടുകൂടി ജീരകവും പച്ചമുളകും, കരിവേപ്പിലയും അരച്ച് നല്ല പുളിച്ചതൈരിൽകലക്കി ക്രമത്തിനു കാച്ചുപ്പുംചേർത്തുവച്ചുകൊണ്ട്, വെളിച്ചെണ്ണയിൽ, വററൽമുളക്, കടുക്, ജീരകം, കറിവേപ്പില, അല്പം ഉലുവാ, ഇവകൂട്ടി കടുകവറുത്ത് അതിൽ വീഴ്ത്തി നല്ലതുപോലെ ചൂടുപിടിപ്പിച്ചു വാങ്ങിക്കൊണ്ടാൽ മതിയാകും. വാഴയ്ക്കാപുഴുങ്ങിവേവിക്കുന്നപക്ഷം ഒരുകായ് രണ്ടോമൂന്നോ ആയി മുറിച്ചിട്ട് പുഴുങ്ങിക്കഴിഞ്ഞശേഷം തൊലിപോക്കി അരച്ചു ചേർത്തുകൊള്ളേണ്ടതാകുന്നു.

(16) പീച്ചങ്ങാചട്ട്ണി. പിഞ്ചുപീച്ചങ്ങാ തൊലിചെത്തി ചെറുതായിനുറുക്കി നെയ്യിലൊ വെളിച്ചെണ്ണയിലൊ വാട്ടിക്കൊള്ളണം. അതോടുകൂടി പീച്ചങ്ങയുടെ അളവിൽ നാലിലൊന്നു ഉഴുന്നുപരിപ്പും അതിനുസമം തോരൻപരിപ്പും, മുളകുവററൽ, ഉലുവാ അല്പം കടുക് കടുകിനുസമംകൊത്തമല്ലി, കായം, കറിവേപ്പില, ഇവ പ്രത്യേകം പ്രത്യേകം നെയ്യിലൊ വെളിച്ചെണ്ണയിലൊവറുത്ത് അൽപം പുളിയും കാച്ചുപ്പും കഷണവുംചേർത്തു അരച്ചൊ ആട്ടിയൊപാകപ്പെടുത്തിക്കൊള്ളണം. ഇത് ശരിയായ കുഴമ്പുപരുവത്തിൽ ഇരിക്കയില്ലെന്നുംഅൽപം കട്ടിയായിരിക്കുന്നതാണെന്നും അറിയേണ്ടതാകുന്നു.

(17) പരിപ്പുചട്ട്ണി. അഥവാ-പരിപ്പുതുവയൽ തോരൻപരിപ്പും മുളകുവററലും കറിവേപ്പിലയും പ്രത്യേകം പ്രത്യേകം നെയ്യിലൊ വെളിച്ചെണ്ണയിലൊ ചുവക്കെ വറുത്തു അല്പം പുളിയും പാകത്തിനു ഉപ്പുംചേർത്തരച്ചുകൊള്ളേണ്ടതാണ് ഇതു സംബന്തിപോലെ അല്പംകട്ടിയായിത്തന്നെയിരിക്കുന്നതാണ്.

(18) അറക്കീരചട്ട്ണി. ആദ്യമായി അറക്കീര വെളിച്ചെണ്ണയിൽ വാട്ടണം. ഉഴുന്നുപരിപ്പു വററൽമുളകു ഉലുവാ മല്ലി കറിവേപ്പില ഇവ പ്രത്യേകം പ്രത്യേകം വെളിച്ചെണ്ണപിരട്ടി വറുത്തുകൊള്ളണം. പിന്നിട്ട് ഇവയും അല്പം പുളിയും പാകത്തിന് ഉപ്പും ചേർത്തു വെള്ളം ചേർക്കാതെ അരച്ചു ശരിയായി യോജിപ്പിച്ചുകൊള്ളണം. ഇതും ഒരുവിധം കട്ടിയായിരിക്കും.

(19) കൊടങ്ങൽചട്ട്ണി. കൊടങ്ങലിന്റെ ഇല നെയ്യിൽ വാട്ടക്കൊണ്ട് ഉഴുന്നുപരിപ്പും മുളകുവററലും മല്ലിയും കറിവേപ്പിലയും ഉലുവായും വെളിച്ചെണ്ണചേർത്തുപ്രത്യേകംപ്രത്യേകം വറുത്തു ഒരുമിച്ചുചേർത്ത് പാകത്തിനു ഉപ്പും പുളിയും കലർത്തി വെള്ളംചേർക്കാതെ അരച്ചെടുത്തുകൊള്ളണം.

(20) കത്തിരിക്കാചട്ട്ണി:—വിളയാത്ത കത്തിരിക്കാ വെളിച്ചെണ്ണയൊനല്ലെണ്ണയോ പുരട്ടി തീക്കനലിൽ ചുട്ടെടുത്തു തൊലിപോക്കുക. വററൽമുളക്, ഉഴുന്നുപരിപ്പ്, അല്പം ഉലുവാ, കരിവേപ്പില, ഇവ അല്പം വെളിച്ചെണ്ണപുരട്ടി പ്രത്യേകം വറുത്തുകൊള്ളണം. ഇവയും പാകത്തിനു ഉപ്പും പുളിയും പച്ചകൊത്തമല്ലിയും, കായവും, കത്തിരിക്കായും കൂട്ടിച്ചേർത്ത് അധികം അരഞ്ഞുപോകാതെ മുക്കാൽ അരവാക്കി എടുക്കണം. ഉഴുന്നുപരിപ്പു മുതലായവ അരയ്ക്കുമ്പോൾ ആവശ്യമെന്നുണ്ടെങ്കിൽ വെള്ളം ചേർത്തുകൊള്ളാവുന്നതാണ്. വെളിച്ചെണ്ണയിൽ കടുകും കരിവേപ്പിലയുംകൂട്ടി കടുകവറുത്തു ചട്ട്ണി അതിൽ ഒഴിച്ചു ഇളക്കി അല്പം മുറുകിവരുമ്പോൾ എടുത്തുകൊള്ളേണ്ടതാകുന്നു. (തുടരും)

കഥാപംക്തി.

ചന്ദ്രോദയം.

(തുടച്ച്)

അദ്ധ്യായം ൨൭.

മുകുന്ദൻ കൊച്ചുകുഞ്ഞിന്റെ വീട്ടിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സ്ത്രീയുടെ നിഴൽ എതിർവശത്തെ ചുവരിൽ കണ്ടുവെന്നു മുകുന്ദൻ പ്രസ്താവിക്കുകയും അവർ അവിടെയെല്ലാം തിരഞ്ഞിട്ടും ആരെയും കാണാതിരിക്കുകയും ചെയ്തുവല്ലൊ. അവരുടെ സംഭാഷണം മുഴുവനും ഒളിഞ്ഞുനിന്നു കേൾക്കാൻ ഉദ്യമിച്ച നാണിയുടെ നിഴലായിരുന്നു മുകുന്ദൻ കണ്ടതു്. അവരുടെ സംസാരം വളരെ പതിഞ്ഞസ്വരത്തിലായിരുന്നതിനാൽ അവൾക്കു അതിന്റെ ചില ഭാഗങ്ങൾ മാത്രമേ ഗ്രഹിക്കാൻ കഴിഞ്ഞുള്ളു.

രാമചന്ദ്രനെ എങ്ങിനെയെങ്കിലും ചീത്തയാക്കുകയോ അപായപ്പെടുത്തുകയോ ചെയ്യുന്ന ജോലി (തക്കതായ പ്രതിഫലം കൊടുക്കാമെന്ന കരാറിന്മേൽ) കൊച്ചുകുഞ്ഞിനെ ഭരമേല്പിക്കുകയായിരുന്നു മുകുന്ദന്റെ വരവിന്റെ ഉദ്ദേശ്യമെന്നു് അവൾക്കു മനസ്സിലാക്കാൻ സാധിച്ചു. നാണി ഒരു ദുഷ്ടസ്വഭാവയായിരുന്നു എന്നുള്ളതിനു തർക്കമില്ല. കേശവക്കുറുപ്പിന്റെ ആരോഗ്യാവഹമായ ബംഗ്ലാവിൽനിന്നു ശരീരത്തേയും ചിത്തത്തേയും ദുഷിപ്പിക്കുന്ന കൊച്ചുകുഞ്ഞിന്റെ ഇരുട്ടുകൂട്ടിലേക്കു രാമചന്ദ്രനെ ബലമായി പിടിച്ചുകൊണ്ടുവരുന്നതിനു പ്രധാനഹേതുഭൂത അവൾതന്നെയായിരുന്നു. എന്നാൽ കോന്തി രാമചന്ദ്രനെ അനാവശ്യമായി തല്ലിയ അവസരത്തിൽ നാണിയുടെ ഹൃദയത്തിൽ അങ്കുരിതമായ പശ്ചാത്താപം ഭവനഭേദനത്തിനു ഒരായുധമാക്കി കോന്തിയുടെ ആവശ്യമനുസരിച്ചു രാമചന്ദ്രനെ അയയ്ക്കാൻ കൊച്ചുകുഞ്ഞു നിശ്ചയിച്ച അവസരത്തിൽ വളർച്ചയെ പ്രാപിച്ചു. കോന്തി മുതലായ ദുഷ്ടന്മാരുടെ സമ്പർക്കത്തിൽനിന്നു അവൾക്കു അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ദുഃഖങ്ങളും ക്ലേശങ്ങളും മൂത്തുമൂത്തു വന്നതോടുകൂടി ആ പശ്ചാത്താപം പുഷ്ടമായി. ഏതെങ്കിലുംതരത്തിൽ രാമചന്ദ്രനെ കൊച്ചുകുഞ്ഞിന്റേയും കൂട്ടരുടേയും കൈയിൽ അകപ്പെടാതെ രക്ഷിക്കേണ്ടതു തന്റെ കടമയാണെന്നു് അവൾക്കു തോന്നി. അതിനുവേണ്ടി അവളുടെ ജീവിതം ബലികഴിക്കാനും ആ യുവതി സന്നദ്ധയായി. അനാഥരായ പിള്ളരെ പിടിച്ചുകൊണ്ടുവന്നു പോക്കറ്റടി പഠിപ്പിച്ചു വഷളാക്കുന്ന നികൃഷ്ടജോലിയിൽ സ്വതേ ഏർപ്പെട്ടിരുന്ന കൊച്ചുകുഞ്ഞു മുകുന്ദൻ കൊടുക്കാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്ന വൻപ്രതിഫലംകൂടി ഓർക്കുമ്പോൾ രാമചന്ദ്രനെ ഏതുപ്രകാരത്തിലെങ്കിലും ദുഷിപ്പിക്കാൻ ശ്രമിക്കുമെന്നുള്ളതു നിശ്ചയമായിരുന്നു. ഇങ്ങനെയുള്ള അവരുടെ ദുരാലോചനയെപ്പറ്റി രാമചന്ദ്രനു മുന്നറിവുകൊടുക്കണമെന്നു നാണി തീരുമാനിച്ചു.

അവളുടെ സഞ്ചാരങ്ങൾക്കിടയിൽ രാമചന്ദ്രന്റെ അപ്പോഴത്തെ താമസം കുഞ്ഞുലക്ഷ്മിയമ്മയുടെ ഗൃഹത്തിലാണെന്നു് അവൾക്കു് അറിയുവാൻ കഴിഞ്ഞിരുന്നു. അവിടെ സരളയും താമസമുണ്ടെന്നും അവൾ രാമചന്ദ്രനെ അവളുടെ അനുജനെപ്പോലെ സ്നേഹിക്കുന്നുണ്ടെന്നും നാണി ധരിച്ചിരുന്നു. തനിക്കു് അറിവുകിട്ടിയിട്ടുള്ള രഹസ്യം സരളയെ അറിയിച്ചാൽ അവൾ രാമചന്ദ്രന്റെ രക്ഷയ്ക്കു വേണ്ടതുപ്പാടു ചെയ്തുകൊള്ളുമെന്നു നാണിപ്പെണ്ണു വിശ്വസിക്കുകയുംചെയ്തു.

ഈ ഉദ്ദേശം സാധിക്കുന്നതിനായി അവൾ തക്കംനോക്കിയിരുന്നു. അവൾക്കു മുമ്പിലത്തെപ്പോലെ സൈ്വരസഞ്ചാരം അനുവദിക്കപ്പെട്ടിരുന്നില്ല. കോന്തി അവളുടെ ഗതാഗതങ്ങളെ പ്രത്യേകം സൂക്ഷിച്ചുകൊണ്ടിരുന്നു. മാറുതരത്തിൽ അവളുടെ അഭീഷ്ടം സാധിക്കയില്ലെന്നുകണ്ടു് അവൾക്കു് ഒരു വിദ്യതോന്നി. ഒരു രാത്രിയിൽ കോന്തിക്കുള്ള കാപ്പിയിൽ അവൾ നിദ്രോത്തേജകമായ ഒരു ഔഷധം കലർത്തി കൊടുത്തു. കാപ്പികുടിച്ചുകഴിഞ്ഞ ഉടൻ അവൻ ഗാഢനിദ്രയിൽ അവഗാഹനംചെയ്തു. അനന്തരം അവൾ മുയലിനെപ്പോലെ അതിശീഘ്രമായി ഓടി കുഞ്ഞുലക്ഷ്മിഅമ്മയുടെ ബംഗ്ലാവിൽ എത്തി. വളരെ പണിപ്പെട്ടശേഷമാണു് അവൾക്കു സരളയുടെ സാന്നിധ്യത്തിൽ പ്രവേശം ലഭിച്ചതു്. സരളയുടെ മധുരകോമളമായ ശബ്ദവും സൗശീല്യവും വിനയവും കണ്ടതിൽ നാണിക്കു് അത്യാശ്ചര്യം ജനിച്ചു. അവൾ പശ്ചാത്താപബാഷ്പം ധാരധാരയായി ഒഴുക്കിക്കൊണ്ടു സരളയോടു് ഇങ്ങനെ വീണുകേണപേക്ഷിച്ചു:—

"കേശവക്കുറുപ്പിന്റെ ബംഗ്ലാവിൽനിന്നു പുസ്തകക്കടയിലേക്കു പുറപ്പെട്ട രാമചന്ദ്രനെ വഴിക്കുവച്ചു ബലമായി പിടിച്ചു കൊച്ചുകുഞ്ഞിന്റെ പാപക്കണ്ടിൽ പതിപ്പിച്ച ആ നിർഭാഗ്യയായ സ്ത്രീയാണു് ഇപ്പോൾ അവിടുത്തെമുമ്പിൽ നിൽക്കുന്നതു്. എന്റെ പേർ നാണിയെന്നാണു്. ഞാൻ ഈയിടെ ഒരുദിവസം ഒളിഞ്ഞുനിന്നു ഒരു രഹസ്യസംഭാഷണം കേട്ടു. അതു ഇവിടെ പറയാനാണു് ഞാൻ വന്നിരിക്കുന്നതു്. ഈ വിവരം അവരിലാരെങ്കിലും അറിഞ്ഞാൽ പിന്നെ എന്റെ പൊടിപോലും കാണുകയില്ല. മുകുന്ദൻ എന്ന ഒരുത്തൻ അവിടുത്തെ അറിയും. രാമചന്ദ്രൻ ഇവിടെയാണു് താമസം എന്നും അയാൾക്കു് അറിവുണ്ടു്. ഞാൻ അവിടുത്തെ അടുക്കൽ അറിയിക്കാൻ വന്നിരിക്കുന്ന സംഗതി കൊച്ചുകുഞ്ഞും ഈ മുകുന്ദനും തമ്മിൽ നടന്ന സംഭാഷണത്തിൽനിന്നും ഗ്രഹിച്ചതാണു്. മുകുന്ദൻ ഒരു കുട്ടിയെപ്പറ്റി അന്വേഷിച്ചു നടക്കുകയായിരുന്നു. മണിമാല മോഷണംപോയദിവസം ഞങ്ങളുടെ ഗുഹയിലെ കിട്ടുവിന്റേയും മാതുവിന്റേയും കൂടെവച്ചാണു മുകുന്ദൻ രാമചന്ദ്രനെ ആദ്യമായിക്കണ്ടതു്. കേശവക്കുറുപ്പിന്റെ വീട്ടിൽനിന്നു രാമചന്ദ്രനെ വീണ്ടുംപിടിച്ചുകൊണ്ടുപോരാമെങ്കിൽ ഒരു നല്ലതുക സമ്മാനംകൊടുക്കാമെന്നു മുകുന്ദൻ കൊച്ചുകുഞ്ഞിനോടു പറഞ്ഞു. രാമചന്ദ്രനെ ഒരു കരിങ്കള്ളനാക്കുന്ന പക്ഷം കൊച്ചുകുഞ്ഞിനു ധാരാളം പണം കൊടുക്കാമെന്നും മുകുന്ദൻ വാഗ്ദാനംചെയ്തു. മുകുന്ദൻ രാമചന്ദ്രനെ ചീത്തയാക്കുവാൻ പണിപ്പെടുന്നതു് ഏതോ സ്വകാര്യസാദ്ധ്യത്തിനുവേണ്ടി ആയിരുന്നു. അയാൾ എന്റെ നിഴൽകണ്ടു. പക്ഷെ അവർ രണ്ടുപേരുംകൂടി എന്നെ തിരയാൻ വരുന്നതിനുമുമ്പു ഞാൻ ഒളിച്ചുകളഞ്ഞു.

"ഇന്നലെ രാത്രിയിൽ മുകുന്ദൻ വീണ്ടും കൊച്ചുകുഞ്ഞിന്റെ വീട്ടിൽ വന്നു. 'രാമചന്ദ്രൻ ആരാണെന്നുള്ളതിനു ഒരൊററ ലക്ഷ്യം ഉണ്ടായിരുന്നതു ആററിലെ ചേററിൽ ആണ്ടുകഴിഞ്ഞു; അവന്റെ അമ്മയുടെ പക്കൽനിന്നു് ആ ലക്ഷ്യം കൈക്കലാക്കിയ കിഴട്ടുപെണ്ണു് തുലയുകയുംചെയ്തു' എന്നുള്ള മുഖവുരയോടുകൂടിയാണു് അയാൾ സംഭാഷണം ആരംഭിച്ചതു്. എന്നിട്ടു് അയാൾ തുടർന്നു 'ചെറുക്കന്റെ സ്വത്തു മുഴുവൻ എന്റെ കൈയിൽതന്നെ ആയി. എന്നാലും അവൻ ഇനിയൊരിക്കലും അതു അവകാശപ്പെടാൻ വരാത്തവണ്ണം അവനെ ഒരു കള്ളനോ, കൊള്ളക്കാരനോ ആക്കി ജയിലിലോ തൂക്കുമരത്തിലോ കേററിയാലല്ലാതെ എനിക്കു സമാധാനം വരുകയില്ല. അതിനു നിങ്ങൾ വിചാരിച്ചാൽ യാതൊരു പ്രയാസവും ഇല്ലതാനും. അങ്ങനെ ചെയ്തുകഴിഞ്ഞാൽ അച്ഛന്റെ വില്പത്രമെന്നു പറഞ്ഞുകൊണ്ടു അവൻ എന്നോടു കൊമ്പുവയ്ക്കാൻ ഒരിക്കലും വരികയില്ലല്ലോ. എനിക്കു യാതൊരു തകരാറുമില്ലാത്ത വിധത്തിൽ രാമചന്ദ്രന്റെ തല കൊയ്യാമായിരുന്നെങ്കിൽഞാൻ അങ്ങനെ ചെയ്യേനേ. എന്നാൽ അതിനു് ഇപ്പോൾ ഒരു നിവൃത്തിയും കാണുന്നില്ല. അതുകൊണ്ടു് അവനെ എവിടെയെല്ലാംവച്ചു ഏതെല്ലാംതരത്തിൽ ഉപദ്രവിക്കാമോ അതിനെല്ലാം ഞാൻ ജാഗ്രതയോടുകൂടിയിരിക്കും. അവനെ അപായപ്പെടുത്താൻ ഞാൻ നിർമ്മിക്കുന്ന കുടുക്കുകൾ എത്ര ശ്രദ്ധയുള്ളവക്കും കണ്ടുപിടിക്കാൻ സാധിക്കാത്തത്ര ഗൂഢങ്ങളായിരിക്കും'. ഇത്രയും സംഗതികളിൽനിന്നു രാമചന്ദ്രന്റെ ജീവൻ എത്രവലിയ അപകടത്തിലാണു് അകപ്പെട്ടിരിക്കുന്നതെന്നു അവിടുത്തേക്കു മനസ്സിലായിരിക്കുമല്ലോ. അതുകൊണ്ടു അവിടത്തേക്കു നല്ല വിശ്വാസമുള്ള വല്ല പുരുഷന്മാരോടും ഈ വിവരം പറയണം. അവർ മുഖാന്തിരം രാമചന്ദ്രന്റെ ജീവനെ രക്ഷിക്കണം. ഇതു പറഞ്ഞുതന്നതു ഞാനാണെന്നുള്ള വിവരം വെളിയിൽ പറയരുതു്. എന്നെ ഇനിയും കാണേണ്ട ആവശ്യം ഉണ്ടെങ്കിൽ ഞായറാഴ്ച രാത്രിയിൽ പതിനൊന്നുമണിക്കും പന്ത്രണ്ടു മണിയ്ക്കും ഇടയ്ക്കു കിള്ളിപ്പാലത്തിൽ വ

ന്നാൽമതി. ഈ രഹസ്യം അവിടുന്നു ആരെ അറിയിക്കുന്നുവോ ആ ആളെക്കൂടെ കൊണ്ടുവരാം അല്ലെങ്കിൽ അവിടുന്നു തനിച്ചുവന്നാൽ മതി. അതുവരെ ജീവനോടുകൂടി ഇരിക്കുന്നെങ്കിൽ ഞാൻ തീർച്ചയായും അവിടെ വരും. എനിക്കു പോകാനുള്ള സമയമായി" എന്നുപറഞ്ഞിട്ടു നാണിപ്പെണ്ണു തിരിച്ചുപോയി.

അസാധാരണവും അപ്രതീക്ഷിതവും ആയ ഈ സന്ദർശനത്തിൽ നിന്നുണ്ടായ വികാരക്ഷോഭത്താൽ സരള ഒട്ടു ക്ഷീണിച്ചുപോയി. അവൾ ഒരു ദുർഘട-പ്രശ്നത്തെ അഭിമുഖീകരിക്കാൻ നിർബന്ധിതയായി. ആരുടെ ഉപദേശമാണു സ്വീകരിക്കേണ്ടതെന്നു് അവൾ ഗാഢമായി ആലോചിച്ചു. ഡാക്ടർ കൃഷ്ണമേനവനോടു പറയാമെന്നു അവൾ ആദ്യം വിചാരിച്ചു. അയാൾ വലിയ എടുത്തുചാട്ടക്കാരനാകയാൽ കൊള്ളുകയില്ലെന്നു അവൾക്കു് ഉത്തരക്ഷണത്തിൽ തോന്നി. വല്ല വക്കീലന്മാരോടും ആലോചിച്ചാലോ എന്നു ചിന്തിച്ചപ്പോൾ രഹസ്യങ്ങളെല്ലാം വെളിപ്പെട്ടുപോകുമെന്നു ഭയന്നു അതും വേണ്ടെന്നു വച്ചു. അവൾ ഇങ്ങനെ വിഷമിച്ചുകൊണ്ടിരിക്കവേ കേശവക്കുറുപ്പിനെ അന്വേഷിച്ചു പരമേശ്വരനൊന്നിച്ചു നഗരത്തിൽ പരിക്രമണം ചെയ്തിരുന്ന രാമചന്ദ്രൻ ഓടിക്കിതച്ചുകൊണ്ടു അകത്തുകേറിവന്നു. ആഹ്ലാദാതിരേകംകൊണ്ടു ഒച്ചപുറപ്പെടാതെ അവൻ ഒട്ടുനേരം വിഷമിച്ചു് അനന്തരം വിക്കിവിക്കി അവൻ ഇങ്ങനെ പറഞ്ഞു. "കേശവക്കുറുപ്പു രാജപാതയിൽക്കൂടി ഒരു വണ്ടിയിൽ സഞ്ചരിക്കുന്നതു ഞങ്ങൾ കണ്ടു. ഒററയോട്ടത്തിനു പരമേശ്വരൻ വണ്ടിയുടെകൂടെ എത്തി. അദ്ദേഹം വീണ്ടും സ്വന്തബംഗ്ലാവിൽ താമസം ഉറപ്പിച്ചു എന്ന വിവരം അറിഞ്ഞുകൊണ്ടു തിരിച്ചു ഓടിവന്നു. ഇയ്യിടെ അന്വേഷിച്ചപ്പോൾ എന്തോ അത്യാശം നിമിത്തം നാലഞ്ചുമാസം കഴിഞ്ഞേ അദ്ദേഹം ഇവിടെ വരുകയുള്ളൂ എന്നാണല്ലോ നാം കേട്ടതു്. ആ കേൾവി അവാസ്തവമായിരുന്നു. ഞാൻ ഇപ്പോൾതന്നെ കരമനയ്ക്കു പുറപ്പെടുകയാണു്".

സരള: - നേരം ഏകദേശം പാതിരാവാകാറായല്ലോ. ഇനി നാളെയാകട്ടെ.

രാമ:—ഇപ്പോൾ പോകാനും എനിക്കു മടിയില്ല

സരള: – അതല്ല നല്ലതു്. ഇപ്പോൾത്തന്നെ പത വിലധികം നേരം നമ്മൾ ഉറക്കമിളച്ചുകഴിഞ്ഞു. അതുകൊണ്ടു നാളെരാവിലെ പൊയ്ക്കൊള്ളയാം. എനിക്കും അദ്ദേഹത്തിനോടു ചില അത്യാവശ്യകാര്യങ്ങൾ പറയാനുണ്ടു്. അത്താഴം കഴിഞ്ഞു പറയാൻ കൊള്ളരുതാത്തതുകൊണ്ടു നാളെ രാവിലെയാണു് അതിനും സൌകര്യം.

രാമ: - എന്നാൽ നാളെയാകട്ടെ.

അനന്തരം അവരെല്ലാം ഉറങ്ങാൻപോയി.

അദ്ധ്യായം ൨൩.

അടുത്ത നാളത്തെ പുലർവേള അതിമനോഹരമായിരുന്നു. കാലത്തെ കാപ്പികുടി കഴിഞ്ഞു സരളയും രാമചന്ദ്രനുംകൂടി ഒരു കുതിരവണ്ടിയിൽകേറി കേശവക്കുറുപ്പിന്റെ ഭവനത്തിലേക്കു പുറപ്പെട്ടു. എട്ടുമണിയാകുന്നതിനുമുമ്പു അവർ കരമനയാററിൻതീരത്തുള്ള അദ്ദേഹത്തിന്റെ മേടയിൽഎത്തി. സരള വന്നുനിൽക്കുന്നുവെന്നുള്ള വാർത്തയറിഞ്ഞ ഉടനെ അകത്തു കയറിച്ചെല്ലുവാൻ അദ്ദേഹം അനുവാദം കൊടുത്തു. പരമുപിള്ളയും കുറുപ്പിന്റെ പാർശ്വത്തിൽ ഇരിപ്പുണ്ടായിരുന്നു.

സരള:—എന്റെ ഏററവും പ്രിയപ്പെട്ട ഒരു ചെറുപ്പക്കാരനോടു് അങ്ങു് ഒരിക്കൽ അത്യന്തം സ്നേഹവും കരുണയും കാണിച്ചിരുന്നു അവനെപ്പററി കേൾക്കുന്നതു് അങ്ങേയ്ക്കു രസകരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

കുറുപ്പ്:—അവനെപ്പററി എനിക്കുണ്ടായിട്ടുള്ള ദുരഭിപ്രായം മാററാൻ വല്ല സംഗതിയും നിങ്ങൾക്കു അറിയാമെങ്കിൽ ദയവുചെയ്തു എന്നോടു പറയുക. അതു കേൾക്കുന്നതു് എനിക്കു തുലോം സന്തോഷമായിരിക്കും

രാമചന്ദ്രൻ പുസ്തകവും പണവുമായി കുറുപ്പിന്റെ മാളികയിൽനിന്നു പുറപ്പെട്ടതിനുശേഷം നടന്ന സംഭവങ്ങൾ മുഴുവനും അവൾ കുറുപ്പിനെ ധരിപ്പിച്ചു നാണിപ്പെണ്ണു പറഞ്ഞ രഹസ്യം കുറുപ്പിനെ മാത്രമേ കേൾപ്പിക്കാവൂ എന്നു നിശ്ചയിച്ചിരുന്നതുകൊണ്ടു് അവൾ അതു അപ്പോൾ വെളിവാക്കിയില്ല.

ഈ അനുഖ്യാനം കേട്ടതുകൊണ്ടു കുറുപ്പിനു സംതൃപ്തിയും സന്തോഷവും ജനിച്ചു. രാമചന്ദ്രൻ പുറത്തു നില്പുണ്ടു് എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ആനന്ദത്തിനു് അതിരില്ലായിരുന്നു. അവനെ ഉടനേതന്നെ അകത്തേക്കു വിളിച്ചുവരുത്തി. അടുത്ത നിമിഷത്തിൽ മാധവിയമ്മയും അവിടെ ആഗതയായി. അവനെ കണ്ടതുകൊണ്ടു ആ സ്ത്രീയും, സ്വല്പകാലത്തെ തന്റെ വളർത്തമ്മയെ കണ്ടതുകൊണ്ടു രാമചന്ദ്രനും ആഹ്ലാദിച്ചു. അവരെ രണ്ടുപേരെയും അവിടെ നിറുത്തിയിട്ടു സരളയും കുറുപ്പും വേറൊരു മുറിയിലേക്കു പോയി. പരമുപിള്ള തൽക്കാലത്തേയ്ക്കു് യാത്ര പറഞ്ഞിട്ടു് അവിടം വിട്ടു. സരള എന്തെല്ലാം കാര്യങ്ങൾ നാണിയുടെ കൂടിക്കാഴ്ചയിൽനിന്നും ഗ്രഹിച്ചിട്ടുണ്ടായിരുന്നോ അവയെല്ലാം കുറുപ്പിനോടു രഹസ്യമായി പറഞ്ഞു. അന്നു രാത്രിയിൽ എട്ടുമണിക്കു ഡാക്ടർ കൃഷ്ണമേനവനുമായി ഈ സംഗതിയേപ്പററി ഗാഢമായി പര്യാലോചിക്കാമെന്നു കുറുപ്പ് അവളെ അറിയിച്ചു. അടുത്ത ഞായറാഴ്ച കിള്ളിപ്പാലത്തിൽവച്ചു സരള നാണിയെ കാണുമ്പോൾ കുറുപ്പുംകൂടിചെല്ലുന്നതാണെന്നു അഭിപ്രായപ്പെട്ടു. അനന്തരം രാമചന്ദ്രനും സരളയും മടങ്ങിപ്പോയി.

അദ്ധ്യായം ൨൪.

ഡാക്ടർ കൃഷ്ണമേനവനും കേശവക്കുറുപ്പും തമ്മിൽ ക്ലിപ്തസമയത്തു സംഘടിച്ചു. രാമചന്ദ്രനെ അപായപ്പെടുത്താനുള്ള ദുരാലോചനകളെപ്പററി കേട്ടപ്പോൾ ആദ്യമായി ആ വിവരം അറിയിച്ച നാണിപ്പെണ്ണിനെത്തന്നെ പോലീസുകാരെക്കൊണ്ടു പിടിപ്പിക്കണമെന്നു ഡാക്ടർ നിർബ്ബന്ധിച്ചു. അങ്ങനെ ചെയ്യുന്നപക്ഷം തസ്കരസംഘത്തെ അമർച്ചചെയ്യാൻ സാധിക്കുമെങ്കിലും രാമചന്ദ്രന്റെ അവകാശങ്ങളെ സ്ഥാപിക്കാനുള്ള തെളിവുകൾ ലഭിക്കാതെപോയേക്കുമെന്നു കുറുപ്പു ചൂണ്ടിക്കാണിച്ചു. ആയതുകൊണ്ടു മുകുന്ദനെ ഏതുവിധമെങ്കിലും തങ്ങളുടെ അധീനതയിൽ വയ്ക്കുക എന്നുള്ളതാണു് പ്രഥമകർത്തവ്യം എന്നു് അവർ തീർച്ചപ്പെടുത്തി. കൊച്ചുകുഞ്ഞും കൂട്ടരും അടുക്കലെങ്ങുമില്ലാത്ത അവസരം നോക്കി മുകുന്ദനെ പിടികൂടണമെന്നും അതു നാണിയുടെ സഹായംകൊണ്ടു മാത്രമേ സാധിക്കയുള്ളു എന്നും കുറുപ്പ് ഉറപ്പിച്ചുപറഞ്ഞു. അവൾ അവനെ ചൂണ്ടിക്കാണിച്ചുതരാൻ തയാറില്ലെങ്കിൽ അയാൾ സാധാരണ പോകാറുള്ള സ്ഥലങ്ങളുടെ പേരും അയാളെ തിരിച്ചറിയുന്നുള്ള ആകൃതിലക്ഷണങ്ങളും അവളെക്കൊണ്ടു പറയിക്കയെങ്കിലും വേണം അവളെക്കാണാൻ ഞായറാഴ്ചവരെ കാത്തിരിക്കണം. അതുകൊണ്ടു് ആ ദിവസം കഴിഞ്ഞേ കാര്യപരിപാടി നിശ്ചയിക്കാൻ സാധിക്കയുള്ളു. ആകയാൽ ആ സമയംവരെ വെറുതെ ഇരിക്കാമെന്നു അവർ തീരുമാനിച്ചു പരമുപിള്ള ഒരു നിശിതബുദ്ധിയാകയാൽ ആലോചനയിൽ അയാളെക്കൂടി ഉൾപ്പെടുത്തണമെന്നു കുറുപ്പ് അഭിപ്രായപ്പെട്ടു ഡാക്ടർ അതിനു വിസമ്മതം പ്രകടിപ്പിച്ചില്ല

ഇക്കാര്യത്തിന്റെ അവസാനം കാണുന്നതുവരെ മററു ജോലികൾ മാററിവയ്ക്കാമെന്നും എത്രരൂപാ വേണമെങ്കിലും ഇതിലേക്കു ചിലവുചെയ്യാമെന്നും കുറുപ്പ് ഔദാര്യത്തോടുകൂടി പ്രസ്താവിക്കയും ചെയ്തു.

(തുടരും)

…shed by K. Raghavan Pillai at the Pr…

THE MALAYALA RAJYAM

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.